**അടിയന്തര പ്രമേയം**

**വരൾച്ച**

മി. സ്പീക്കർ: സംസ്ഥാനത്തുണ്ടായ രൂക്ഷമായ വരൾച്ചമൂലം തണ്ണീർത്തടങ്ങൾ വറ്റിവരളുകയും കൃഷിനാശവും വിളനാശവുംമൂലം കർഷകരാകെ കടക്കെണിയിലാവുകയും വരൾച്ചാകാല രോഗങ്ങളും സൂര്യാഘാതങ്ങളും വ്യാപിക്കുകയും ചെയ്തിരിക്കുന്നു. ശുദ്ധജല-കാർഷിക-ആരോഗ്യ-ദുരിതാശ്വാസ രംഗങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ട സർക്കാർ നിഷ്ക്രിയമായിരിക്കുകയും ജനങ്ങളാകെ കടുത്ത പ്രതിസന്ധിയിലും അകപ്പെട്ടിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ എം. ചന്ദ്രൻ, വി. എസ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വരൾച്ച അതിരൂക്ഷമാണ്. അടുത്ത കാലത്തൊന്നും അനുഭവപ്പെടാത്ത വിധത്തിലുള്ള അതിരൂക്ഷമായിട്ടുള്ള പ്രശ്നങ്ങളാണ് നമ്മൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരുപക്ഷേ ആദ്യമായിട്ടായിരിക്കും, കേരളത്തിൽ സൺസ്ട്രോക്കിനെക്കുറിച്ചുള്ള വാർത്തകൾ വരുന്നത്. അത്ര ഗൗരവമായ കാര്യത്തെ സംബന്ധിച്ചിടത്തോളം സഭ നിറുത്തിവച്ച് ചർച്ച ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാണ്. ഉടനെതന്നെ ചർച്ചയാകാം. ഇത്രയും വലിയൊരു പ്രശ്നം സംബന്ധിച്ച് പ്രതിപക്ഷം

നോട്ടീസ് തന്നിട്ട് ചർച്ച ചെയ്യുന്നില്ല എന്ന് പറയാൻ ഞങ്ങളൊരിക്കലും തയ്യാറല്ല. ഇത് വൈകിപ്പോയി എന്നാണ് എന്റെ അഭിപ്രായം. ഇന്നെങ്കിലും ഇതു സംബന്ധിച്ച ചർച്ചയ്ക്ക് അവസരമുണ്ടാക്കിയ പ്രതിപക്ഷത്തോട് നന്ദി യുണ്ട്. ബാക്കിയുള്ള നടപടികളൊക്കെ നിറുത്തിവച്ച് ഇതിലേയ്ക്ക് പ്രവേ ശിക്കാം. പക്ഷേ, അതേ സമയത്ത് പ്രതിപക്ഷത്തോട് ഒരു അഭ്യർത്ഥനയുണ്ട്, ഇന്നത്തെ ബില്ലുകൾ പാസ്സാക്കുന്ന കാര്യത്തിൽ നിങ്ങൾകൂടി സഹകരിച്ച് ഒരു തീരുമാനമുണ്ടാക്കണം, അതിനുവേണ്ടി സഹകരിക്കണം. ചർച്ച ഉടനെ തന്നെയാകാം. സബ്മിഷൻ വേണ്ടെന്ന് വയ്ക്കേണ്ടിവരും. ഗവൺമെന്റിൽ നിന്നും റിപ്ലൈ കൊടുക്കാൻ തയ്യാറാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ചട്ടം 55-ൽ പറയുന്നത് The motion "that the House do now adjourn" shall be taken up at 12.30 p.m. or at an earlier hour if the Speaker, after considering the state of business in the House, so directs എന്നാണ്. സ്പീക്കർക്ക് വേറെ ഡയറക്ഷൻ കൊടുക്കാം. പക്ഷേ, ചട്ടം 56-ൽ പറയുന്നത് .....put the question at 2.30 p.m. or at such other hour not being less than two hours from the commencement of the debate എന്നാണ്. നമുക്കതനുസരിച്ച് 12.30 എന്ന സമയം വച്ചാൽ അതിനുള്ള ക്രമീകരണങ്ങൾ ചെയ്യാൻ കഴിയും.

മി. സ്പീക്കർ: വേറൊന്നു കൂടിയുണ്ട്, "അല്ലെങ്കിൽ കാര്യപരിപാടികൾ പരിശോധിച്ചശേഷം സ്പീക്കർ അപ്രകാരം നിർദ്ദേശിക്കുന്ന പക്ഷം അതിന് മുമ്പുള്ള ഒരു സമയത്തോ പരിഗണിക്കാവുന്നതാണ്"എന്നുകൂടി പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. ഉമ്മന്‍ ചാണ്ടി</u>: സര്‍, സഭ നിറുത്തിവച്ച് ചര്‍ച്ച ചെയ്യണമെന്നാണ് നോട്ടീസ് നല്‍കിയിരിക്കുന്നത്. അതിന് ഗവണ്‍മെന്റ് തയ്യാറാണ്. പിന്നെ എന്താണ് കുഴപ്പം. നമുക്ക് സബ്മിഷനുകള്‍ മാറ്റിവച്ചുകൊണ്ട് ചര്‍ച്ചയിലേയ്ക്ക് പോകാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണന്‍</u>: സര്‍, സഭാനേതാവ് സഭ നിറുത്തി വച്ച് ചര്‍ച്ച ചെയ്യാന്‍ തയ്യാറാണെന്ന് പറഞ്ഞാല്‍ സഹകരിക്കയല്ലാതെ എതിര്‍ക്കേണ്ട കാര്യം പ്രതിപക്ഷത്തിനില്ല. ഞങ്ങളല്ലേ നോട്ടീസ് നല്‍കിയിരിക്കുന്നത്.

<u>മി. സ്പീക്കര്‍</u>: ശ്രീ. കോടിയേരി ബാലകൃഷ്ണന്‍, സഭാ നേതാവ് വേറൊരു നിര്‍ദ്ദേശംകൂടി വച്ചു. .... (ബഹളം)... ചട്ടപ്രകാരമല്ല, ഒരു കാര്യം തയ്യാറാണെന്ന് പറഞ്ഞിട്ട് അതിന് അനുബന്ധമായി സഭാ നേതാവ് മറ്റൊന്നു കൂടി പറഞ്ഞു. അതിന് പ്രതിപക്ഷത്തിന്റെ അനുമതി കൂടിവേണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണന്‍</u>: സര്‍, അതീവ ഗുരുതരമായ, സംസ്ഥാനത്ത് സമീപകാലത്തൊന്നുമില്ലാത്ത ഒരു പ്രശ്നം, ഗവണ്‍മെന്റ് നിഷ്ക്രിയമായി നില്‍ക്കുന്ന ഒരു പ്രശ്നം, അത് സഭയില്‍ ചര്‍ച്ച ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞങ്ങള്‍ അടിയന്തര പ്രമേയത്തിന് നോട്ടീസ് നല്‍കിയത്. ഇപ്പോള്‍ത്തന്നെ ചര്‍ച്ച ആരംഭിക്കാം. We are ready.

<u>മി. സ്പീക്കര്‍</u>: സബ്മിഷന്റെ കാര്യംകൂടി അദ്ദേഹം പറഞ്ഞു. രണ്ടു പേരും കേള്‍ക്കാത്ത ഒരു ഭാഗമുണ്ട്. സബ്മിഷനുകള്‍ മാറ്റിവയ്ക്കണമെന്നും അതിന്റെ മറുപടികള്‍ എത്തിക്കാമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഹൗസിന്റെ അനുമതിയോടുകൂടി മാത്രമേ ചെയറിന് അത് ചെയ്യാന്‍ കഴിയുകയുള്ളൂ. അതുകൊണ്ടാണ് പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അടിയന്തര പ്രമേയം ചർച്ചയ്ക്ക് എടുത്തുകഴിഞ്ഞാൽ രണ്ടുമണിക്കൂർ സമയം വേണ്ടിവരും. ആ രണ്ടു മണിക്കൂറിനുശേഷം, അത് ഡിസ്പോസ് ചെയ്തതിനുശേഷം എന്തു ചെയ്യണമെന്നത് കക്ഷിനേതാക്കളോട് ആലോചിച്ച് സ്പീക്കർക്ക് തീരുമാനിക്കാം. സഭാംഗങ്ങൾക്ക് കിട്ടുന്ന അവസരങ്ങൾ നിഷേധിക്കണമെന്ന് ഞങ്ങൾ ഒരിക്കലും പറയില്ല.

മി. സ്പീക്കർ: ഇന്ന് നാല് ബില്ലുണ്ട്. അക്കാര്യം ഇവിടെ വച്ച് ആലോചിക്കാവുന്നതേയുള്ളൂ.

ശ്രീ. ഉമ്മൻ ചാണ്ടി: എല്ലാ സബ്മിഷനുകളുടേയും മറുപടി ഇന്നുതന്നെ മേശപ്പുറത്ത് വയ്ക്കണമെങ്കിൽ അതിന് തയ്യാറാണ്. ...(ബഹളം)....

മി. സ്പീക്കർ: സബ്മിഷൻ വേണ്ടെന്ന് ചെയർ പറയില്ല. പക്ഷേ സി.എം. ഇവിടെയൊരു നിർദ്ദേശം. വച്ചു.

ശ്രീ. എ. കെ. ബാലൻ: അത് ബഹുമാനപ്പെട്ട സ്പീക്കർ തീരുമാനിച്ചാൽ മതി.

മി. സ്പീക്കർ: നോ, നോ, സ്പീക്കർ തീരുമാനിക്കുന്നതെങ്ങനെയാണ്. അങ്ങനെയുള്ള അവകാശമൊന്നും എനിക്ക് ഇക്കാര്യത്തിൽ വേണ്ട. യെസ്....

ശ്രീ. പാലോട് രവി: കുടിവെള്ളത്തിന്റെ പ്രശ്നം കൂടിയാണ്. അടിയന്തരമായി ചർച്ച ചെയ്യേണ്ട വിഷയമാണ്.

മി. സ്പീക്കർ: അതിലൊന്നും അവർക്ക് അഭിപ്രായവ്യത്യാസമില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണനും അതു തന്നെയാണ് പറഞ്ഞത്. ഇന്ന് അവസാന ദിവസമാണ്. പലർക്കും മടങ്ങിപ്പോകേണ്ടതുണ്ട്. നാല് ബില്ലുണ്ട്, ബില്ലുകൾ ചെറുതാണെങ്കിലും പ്രാസംഗികരുടെ ലിസ്റ്റ് വളരെ വലുതാണ്.

അങ്ങനെയെല്ലാം വരുമ്പോൾ..... സമയലാഭത്തിനുവേണ്ടിയാണ്. 54 സബ്മിഷനുകളാണുള്ളത്, കൂടാതെ അപകടത്തെ സംബന്ധിച്ച് എ.എം. ആരിഫിന്റെ ഒരു സബ്മിഷൻ കൂടി വന്നിട്ടുണ്ട്. നിങ്ങൾ പറഞ്ഞാൽ നമുക്ക് ബിസിനസ്സിലേയ്ക്ക് കടക്കാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, അടിയന്തരപ്രമേയം ഇപ്പോൾത്തന്നെയെടുക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞത് എന്തുകൊണ്ടാണെന്ന് ഞങ്ങൾക്കറിയാം. ഇപ്പോൾത്തന്നെ കാര്യങ്ങൾ ചർച്ച ചെയ്യണമെന്ന് മുഖ്യമന്ത്രി നിലപാടെടുത്ത സ്ഥിതിക്ക് ഞങ്ങൾ എതിർക്കുന്ന പ്രശ്നമുദിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ഞാൻ അതിനെ അപ്രീഷിയേറ്റ് ചെയ്യുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സാധാരണ ചട്ടപ്രകാരമാണ് എടുക്കുന്നതെങ്കിൽ സ്പീക്കർക്ക് ആലോചിച്ച് തീരുമാനിക്കാം. ഇപ്പോൾത്തന്നെ സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ളതാണ് നമ്മുടെ നോട്ടീസ്. ചട്ടപ്രകാരം 12.30-നാണ് എടുക്കേണ്ടത്. അങ്ങനെയാണ് എടുക്കുന്നതെങ്കിൽ കാളിംഗ് അറ്റൻഷനും സബ്മിഷനുകളും എടുക്കാൻ സാധിക്കും. അതിന് ശേഷം ചർച്ചയിലേയ്ക്ക് കടക്കാനുള്ള സമയമുണ്ട്. അതേ സന്ദർഭത്തിൽ മുഖ്യമന്ത്രിക്ക് വേഗം പോകണമെന്നുണ്ടെങ്കിൽ ഇപ്പോൾത്തന്നെ എടുക്കാം.

<u>മി. സ്പീക്കർ</u>: 12.30-ന് മാത്രമല്ല. അതിന് മുമ്പും എടുത്തിട്ടുണ്ട്. അങ്ങനെ എടുക്കാവുന്നതാണ്. ഹൗസിന്റെ ഒരു മോഡ് കിട്ടിയിട്ടില്ല. എന്നാൽ മാത്രമേ ചെയറിന് തീരുമാനിക്കാൻ കഴിയൂ.

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ ഇത് അവതരിപ്പിക്കുകയാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. അതിനെക്കുറിച്ച് ഉടനെതന്നെ ചർച്ചയ്ക്കെടുക്കാം.

മി. സ്പീക്കർ: പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും സബ്മിഷനുകൾ എടുക്കുന്ന കാര്യം സംബന്ധിച്ച് ഒരു മറുപടി ലഭിച്ചാൽ മാത്രമേ ചെയറിന് തീരുമാനം എടുക്കാൻ സാധിക്കുകയുള്ളു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അടിയന്തരപ്രമേയ ചർച്ച കഴിഞ്ഞ തിനുശേഷം സബ്മിഷനുകൾ എടുക്കാം.

ശ്രീ. ഉമ്മൻ ചാണ്ടി: സബ്മിഷനുകളുടെ മറുപടി ഇപ്പോൾത്തന്നെ മേശപ്പുറത്ത് വയ്ക്കാം. അല്ലാതെ നമുക്ക് മുന്നോട്ടു പോകാൻ സാധിക്കുകയില്ല. .....(ബഹളം)

മി. സ്പീക്കർ: യെസ്....യെസ് സി.എം. പറഞ്ഞുകഴിഞ്ഞു. ..... അദ്ദേഹം പറഞ്ഞത് സമയലാഭത്തിനുവേണ്ടിയാണെന്ന് എല്ലാവർക്കും മനസ്സിലായ കാര്യമാണ്. ഇന്നുതന്നെ സബ്മിഷന്റെ ഉത്തരങ്ങൾ എല്ലാവർക്കും ലഭിക്കത്ത ക്കവണ്ണം മേശപ്പുറത്ത് വയ്ക്കാമെന്നു പറഞ്ഞു. .......... (ബഹളം) ........

ശ്രീ. ഇ.പി. ജയരാജൻ: സഭാംഗങ്ങൾക്ക് അവരുടെ കാര്യങ്ങൾ ഈ സഭയിൽ അവതരിപ്പിക്കണമെന്ന താല്പര്യം കാണും. അങ്ങ് അതിന് തടസ്സം നിൽക്കേണ്ട കാര്യമെന്താണ്? ഇതു രണ്ടും നടത്തിക്കൊണ്ടുപോകാമല്ലോ?

മി. സ്പീക്കർ: ചെയർ തടസ്സപ്പെടുത്തിയില്ല. .......ചെയർ തടസ്സമാണെന്ന് പറഞ്ഞില്ലല്ലോ. ...നോ..... ചെയർ തടസ്സമാണെന്ന് പറഞ്ഞില്ല. .....ബാക്കി കാര്യം ഗവൺമെന്റിനാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: അടിയന്തരപ്രമേയം സംബന്ധിച്ച് ഇപ്പോൾത്തന്നെ ഞാൻ മറുപടി പറയാം. എന്നിട്ട് ചർച്ച ചെയ്തു തീരുമാനിക്കാം. ഞങ്ങൾ ഈ വിഷയത്തെ സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാണ്.

പക്ഷേ, സഭ നിർത്തിവച്ച് ചർച്ച ചെയ്യാം എന്നു പറയുമ്പോൾ സബ്മിഷന് മറുപടി ഗവൺമെന്റിന് മേശപ്പുറത്ത് വയ്ക്കാനേ സാധിക്കുകയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നതിന് ഇവിടെ ആരും എതിര് പറഞ്ഞില്ല. ഞങ്ങളുടെ പ്രമേയംതന്നെ അതല്ലേ? സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുതന്നെയല്ലേ ഞങ്ങൾ പറയുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി : സബ്മിഷന്റെ മറുപടി മേശപ്പുറത്ത് വയ്ക്കും.

ശ്രീ. സി. ദിവാകരൻ: ചർച്ച ചെയ്യാമെന്ന് മുഖ്യമന്ത്രി പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ അതിന് വേറെ കണ്ടീഷൻസ് പറ്റില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ഇന്ന് 54 സബ്മിഷൻ അവതരിപ്പിക്കാനുണ്ട്. 54 സബ്മിഷനും സഭ നിർത്തിവച്ച് ചർച്ച ചെയ്യലും ഇന്നത്തെ നടപടിക്രമവും ഇവ മൂന്നും കൂടി ഒരുമിച്ച് നടക്കില്ല. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് വരൾച്ചാ പ്രശ്നം. ഇന്നെങ്കിലും നിങ്ങൾ ഈ പ്രശ്നത്തിന് നോട്ടീസ് തന്നതിൽ സന്തോഷമുണ്ട്. ഗവൺമെന്റ് നിഷ്ക്രിയമാണോ അല്ലയോ എന്ന് നമുക്ക് ചർച്ച ചെയ്തു തീരുമാനിക്കാം. ...(ബഹളം)...

മി. സ്പീക്കർ: യെസ്.... ഞാൻ പറയാം... അടിയന്തര പ്രമേയം വന്നു. മുഖ്യമന്ത്രി സബ്മിഷനുകളെ സംബന്ധിച്ച് ഒരു കാര്യം പറഞ്ഞു. അത് സംബന്ധിച്ച് തീരുമാനിക്കുന്നത് ചെയറല്ല. അതുകൊണ്ട് നിങ്ങളുമായി കമ്മ്യൂണിക്കേറ്റ് ചെയ്തപ്പോൾ സഭയിലെ അംഗങ്ങളുടെ അവകാശമാണെന്ന് നിങ്ങൾ പറഞ്ഞു. അടിയന്തര പ്രമേയത്തിന്റെ നോട്ടീസ് തന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറയാം. .......(ബഹളം)....

ശ്രീ. മാത്യു റ്റി. തോമസ്: സഭ നിർത്തിവച്ചു ചർച്ച ചെയ്യാമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

മി. സ്പീക്കർ: അത് ശരിയാണ്. അതിന്റെ കൂട്ടത്തിൽ മുഖ്യമന്ത്രി ഒരു കാര്യം കൂടി പറഞ്ഞു.

ശ്രീ. എ. കെ. ബാലൻ: സഭ നിർത്തിവച്ച് ചർച്ച ചെയ്യാമെന്നു പറഞ്ഞാൽ ചട്ടപ്രകാരം സഭ നിർത്തിവച്ചു എന്ന് പറയണം.

മി. സ്പീക്കർ: മുഖ്യമന്ത്രി, അങ്ങ് മറുപടി പറഞ്ഞുകൊള്ളൂ. ........(ബഹളം).... നോ ....എല്ലാം കൂടി നടക്കില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ഗവൺമെന്റ് ചർച്ചയ്ക്ക് തയ്യാറാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സഭ നിർത്തിവച്ച് ചർച്ച ചെയ്യാമെന്ന് മുഖ്യമന്ത്രി പറഞ്ഞതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. അതിനെ മാറ്റാൻ സ്പീക്കർക്കും അധികാരമില്ല. ........(ബഹളം)....

ശ്രീ. ഉമ്മൻ ചാണ്ടി: സബ്മിഷന്റെ കാര്യത്തിൽ നിങ്ങൾ വീണ്ടും വാദം ഉന്നയിക്കുകയാണ്. .....(ബഹളം).......

മി. സ്പീക്കർ: അത് സംബന്ധിച്ച് അഭിപ്രായം ചോദിച്ചു. ...(ബഹളം)...

ശ്രീ. എ. കെ. ബാലൻ: റൂളിംഗാണ് പറഞ്ഞത്.

മി. സ്പീക്കർ: അങ്ങനെ ഒരു റൂളിംഗൊന്നും വന്നിട്ടില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ഞങ്ങൾ റെഡിയാണ്. പക്ഷേ, നോട്ടീസ് നൽകിയ നിങ്ങളാണ് സബ്മിഷന്റെ പേരിൽ ഒളിച്ചോടുന്നത്. ......(ബഹളം).... നിങ്ങളാണ് ഒളിച്ചോടുന്നത്. .........(ബഹളം).... ഇപ്പോൾ സബ്മിഷനാണ് പ്രശ്നം. ഇവിടെ സബ്മിഷനാണോ പ്രശ്നം? ......(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുഖ്യമന്ത്രിക്ക് നേരത്തെ പോകണമെങ്കിൽ അങ്ങനെ ആയിക്കോട്ടെ.

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ ഇവിടെയുണ്ട്.

മി. സ്പീക്കർ: അങ്ങനെ പറയരുത്. നോ.....പ്ലീസ്....(ബഹളം)....ഇങ്ങനെ പറയുന്നത് ശരിയല്ല. ഈ സഭയിൽ ഏറ്റവും അധികം സമയം ഇരിക്കുന്ന ആൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. .........(ബഹളം)....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സീറോ അവറിലാണ് അടിയന്തര പ്രമേയം അവതരിപ്പിക്കേണ്ടത്. അതു കഴിഞ്ഞാണ് ശ്രദ്ധ ക്ഷണിക്കലും സബ്മിഷനും വരുന്നത്. അടിയന്തര പ്രമേയം ചർച്ചയ്ക്ക് എടുക്കാം എന്നു പറഞ്ഞാൽ അത് എടുക്കണം. അതിനുശേഷം ശ്രദ്ധക്ഷണിക്കലും സബ്മിഷനും എടുക്കണം.

മി. സ്പീക്കർ: അതെല്ലാവർക്കും അറിയാം. ....(ബഹളം)......എല്ലാം ചെയ്യാൻ സാധിക്കില്ല. യെസ്...യെസ്........ പ്ലീസ്... ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയട്ടെ.......(ബഹളം)....നോ...നോ...നിങ്ങൾക്ക് പറയാമല്ലോ .........ഇതിനെക്കുറിച്ച് പ്രാഥമികമായി പറയാനുള്ളത് മുഖ്യമന്ത്രിയാണ്. അതുകൊണ്ട് അദ്ദേഹം പറയട്ടെ. ...

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സഭ നിർത്തിവച്ചു ചർച്ച ചെയ്യാമെന്നുപറഞ്ഞാൽ അവസാനമാണ് മുഖ്യമന്ത്രി മറുപടി പറയേണ്ടത്. ........ (ബഹളം).........

മി. സ്പീക്കർ: അടിയന്തര പ്രമേയത്തിന്റെ നോട്ടീസ് കിട്ടിയാൽ അതിന് പ്രാഥമികമായി മറുപടി പറയേണ്ടത് ആർക്കാണോ എഴുതിക്കൊടുത്തത് അദ്ദേഹമാണ്. ഇന്ന് മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്. ........(ബഹളം) ....ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കാര്യംകൂടി പറഞ്ഞു. ...(ബഹളം).....അത് പറയണ്ടേ. അതെന്താ? ......(ബഹളം)........ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയാനുള്ളത് പറയട്ടെ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> മുഖ്യമന്ത്രി മറുപടി പറഞ്ഞു കഴിഞ്ഞു. ഇനി ചർച്ചയാണ് വേണ്ടത്. ചർച്ച ചെയ്യാം എന്ന് മുഖ്യമന്ത്രി പറഞ്ഞ സാഹചര്യത്തിൽ അതിനുള്ള സമയം സ്പീക്കർ നിശ്ചയിക്കണം. സഭ നിർത്തിവച്ച് ചർച്ച ചെയ്താൽ ആദ്യം സംസാരിക്കേണ്ടത് ശ്രീ. എം. ചന്ദ്രൻ ആണ്.

<u>മി. സ്പീക്കർ:</u> അങ്ങനെ സഭയെ ഡിക്റ്റേറ്റ് ചെയ്യാൻ നിങ്ങൾക്ക് സാധ്യമല്ല. നിങ്ങൾ ദയവായി സീറ്റിലിരിക്കൂ. .....(ബഹളം)....

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ശ്രീ. സി. ദിവാകരൻ, ഞാൻ സഭ നിർത്തിവച്ച് ചർച്ച ചെയ്യാമെന്നു പറഞ്ഞു. നിങ്ങൾ പറഞ്ഞു പറ്റില്ല, സബ്മിഷൻ വേണമെന്നു പറഞ്ഞു. .......(ബഹളം)....സബ്മിഷൻ വേണമെന്നു പറഞ്ഞു. ....(ബഹളം)..... അത് പറഞ്ഞിട്ട് കാര്യമൊന്നുമില്ല. .......(ബഹളം)....എന്നാൽ സബ്മിഷൻ വേണ്ടെന്ന് പറയൂ.....(ബഹളം).....

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: മുഖ്യമന്ത്രി തെറ്റിദ്ധരിപ്പിക്കുകയാണ്. ആദ്യം അടിയന്തരപ്രമേയം ചർച്ച ചെയ്യണം. ശ്രദ്ധ ക്ഷണിക്കലിന്റേയും സബ്മിഷന്റേയും കാര്യത്തിൽ എന്തുചെയ്യണമെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും പ്രതിപക്ഷനേതാവുംകൂടി തീരുമാനിക്കണം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: എല്ലാം നിർത്തിവച്ചുകൊണ്ട് വരൾച്ചാ ഡിസ്ക്കഷൻ എടുക്കാമെന്നാണ് ഞാൻ പറഞ്ഞത്. അത് നിങ്ങൾ അംഗീകരിച്ചോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: അത് അംഗീകരിക്കുന്നു.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: അത് നിങ്ങൾ അംഗീകരിക്കുന്നുണ്ടെങ്കിൽ സബ്മിഷൻ വേണമെന്നു പറയുന്നത് ശരിയാണോ? സബ്മിഷൻ വേണമെന്നാണ് പറയുന്നത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: എല്ലാം നിർത്തി വച്ചെന്നു പറഞ്ഞാൽ ഇന്ന് സഭയിൽ മറ്റൊരു ബിസിനസ്സും വേണ്ടയെന്നാണോ അങ്ങ് പറയുന്നത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> അല്ല. അതു കഴിഞ്ഞ് ബിൽ എടുക്കുന്നതാണ്. .......(ബഹളം)....

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: അടിയന്തരപ്രമേയം ചർച്ച ചെയ്തതിനുശേഷം ബാക്കിയെല്ലാം എടുക്കാം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്):</u> ഹൗസിന്റെ സെൻസ് എടുക്കുന്നതാണ് നല്ലത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സഭ നിർത്തിവച്ച് ചർച്ച ചെയ്യാമെന്ന് പറഞ്ഞാൽ സ്പീക്കറാണ് അതിൽ തീരുമാനമെടുക്കേണ്ടത്.

<u>മി. സ്പീക്കർ</u>: അങ്ങനെ ഒരു ഏകപക്ഷീയമായ തീരുമാനം ചെയർ എടുക്കില്ല. അങ്ങനെയൊരു തീരുമാനം ചെയർ എടുത്തിട്ടില്ല. ഹൗസിന്റെ മോഡ് സ്പീക്കർക്ക് ആവശ്യമാണ്. ........(ബഹളം)....

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: ഇതിൽ രണ്ടുമൂന്ന് കാര്യങ്ങൾ ചെയ്യാം. സഭാനേതാവ് പറഞ്ഞത് ഹൗസിന്റെ സെൻസാണ്. അതുപോലെ സഭാനോതവ് സബ്മിഷൻ നിർത്തിവയ്ക്കണമെന്നും പറഞ്ഞു. അതും ഹൗസിന്റെ സെൻസാണ്. അല്ലെങ്കിൽ അങ്ങേയ്ക്ക് സഭയുടെ സെൻസ് എടുക്കാവുന്നതാണ്. അങ്ങനെ സബ്മിഷൻ വേണോ വേണ്ടേ എന്നു തീരുമാനിക്കാവുന്നതാണ്. ഇല്ലെങ്കിൽ റൂൾ 314 അനുസരിച്ച് Residuary Powers ഉണ്ട്. അതിനേക്കാൾ ഏറ്റവും ഉത്തമം സഭയുടെ സെൻസ് എടുക്കലാണ്. സെൻസ് എടുത്തിട്ട് സബ്മിഷൻവേണോ വേണ്ടയോ എന്ന് തീരുമാനിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമുക്ക് അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാം. മറ്റ് കാര്യങ്ങൾ എന്ത് ചെയ്യണമെന്നുള്ളത് സഭാനേതാവും പ്രതിപക്ഷ നേതാവും സ്പീക്കറുംകൂടി തീരുമാനിച്ചുകൊള്ളൂ. ഞങ്ങൾ അംഗീകരിക്കാം.

മി. സ്പീക്കർ: പ്ലീസ്...... എല്ലാവരും അവരവരുടെ സീറ്റിൽ ഇരിക്കുക. പ്ലീസ്................പ്ലീസ്......... അടിയന്തരപ്രമേയ ചർച്ച ആരംഭിക്കുന്നു. പ്രമേയ അവതാരകൻ ശ്രീ. എം. ചന്ദ്രൻ, അങ്ങേയ്ക്ക് 20 മിനിട്ട്.

ശ്രീ. എം. ചന്ദ്രൻ: സർ, കാലാവസ്ഥാ വ്യതിയാനംമൂലം മുൻകാലങ്ങളെ പോലെ അതിശക്തമായി ലഭിക്കേണ്ട രണ്ട് കാലവർഷവും നമ്മുടെ സംസ്ഥാനത്ത് വേണ്ടത്ര ലഭ്യമായില്ല. അതിന്റെ ഫലമായി ഗുരുതരമായ പ്രതിസന്ധിയാണ് നമ്മുടെ നാട്ടിലെ ജനങ്ങളിപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനം കത്തിയെരിയുകയാണ്. ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത ഏറ്റവും രൂക്ഷമായ വരൾച്ചയാണ് നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ നാടിന്റെ ഭക്ഷ്യസുരക്ഷ തകർക്കുന്ന രൂപത്തിൽ നെൽകൃഷിയാകെ ഉണങ്ങി നശിച്ചു. നാണ്യവിളകളും തുടർച്ചയായി നശിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ 44 നദികളും തണ്ണീർത്തടങ്ങളും വറ്റിവരണ്ട് മരുഭൂമിയായിക്കൊണ്ടിരിക്കുകയാണ്. കുടിവെള്ളം കേരളത്തിലെ ജനങ്ങൾക്ക് ഒരു കിട്ടാക്കനിയായി മാറിയിരിക്കുകയാണ്. പവർകട്ടും ലോഡ്ഷെഡ്ഡിംഗുംമൂലം ജനങ്ങൾ ദുരിതത്തിലായി. ഒരു ദിവസത്തിൽ 5 മണിക്കൂറും ലോഡ്ഷെഡ്ഡിംഗാണ്. ഇതുമൂലം വാട്ടർ അതോറിറ്റിക്ക് ഉള്ള വെള്ളം പമ്പ് ചെയ്ത് ജനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയാത്ത അവസ്ഥ

ഉണ്ടായി. കൊടുംചൂടിൽ മണ്ണും മനുഷ്യനും വെന്തുരുകുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും കൂടിയ താപനില 42 ഡിഗ്രി സെൽഷ്യസിൽ എത്തി. സൂര്യാഘാതത്തിൽ പരിക്ക് പറ്റിയ സ്ഥിതിവിശേഷം ഇന്നുവരെ കേരളത്തിലുണ്ടായിട്ടില്ല. എന്നാലിപ്പോൾ സൂര്യാഘാതത്തിൽ നമ്മുടെ സംസ്ഥാനത്തിൽ 5 പേർക്ക് ഗുരുതരമായി പൊള്ളലേറ്റു. പുനലൂരിൽ 3 പേർക്കും ആലുവ, കൊട്ടാരക്കര എന്നീ സ്ഥലങ്ങളിൽ ഓരോ ആൾക്കുവീതവും പൊള്ളലേറ്റു കഴിഞ്ഞു. തിരുവനന്തപുരത്ത് പോലീസിന്റെ ഒരു കുതിര സൂര്യാഘാതമേറ്റ് ചത്തുപോയി. ഇനിയും ഇത്തരത്തിലുള്ള അത്യാഹിതങ്ങളുണ്ടാകുമെന്ന് ശാസ്ത്രജ്ഞന്മാർ മുന്നറിയിപ്പ് നല്കിയിരിക്കുകയാണ്. ഇങ്ങനെയുള്ള സന്ദർഭത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതിനു പകരം തികഞ്ഞ നിസ്സംഗതയാണ് സർക്കാർ സ്വീകരിക്കുന്നത്. പണ്ടൊരു നമ്പൂതിരി അദ്ദേഹത്തിന്റെ സ്വന്തം ഇല്ലത്തേയ്ക്ക് വരുമ്പോൾ, പടിപ്പുരയിൽ എത്തിയപ്പോഴാണ് ഇല്ലം കത്തിത്തകരുന്ന കാഴ്ച കണ്ടത്. തീ കെടുത്തുന്ന ആളുകളിലൊരാൾ അദ്ദേഹത്തോടുവന്നുപറഞ്ഞു ഇല്ലം കത്തിയെരിഞ്ഞതിന്റെ ഭാഗമായി അതിന്റെ ഉള്ളിൽപ്പെട്ട് അന്തർജ്ജനവും രണ്ട് കുട്ടികളും മരിച്ചുപോയി, ഒരു പശു ഉണ്ടായിരുന്നത് കിണറ്റിൽ ചാടി മരിച്ചു എന്നുപറഞ്ഞു. ഇത് കേട്ട നമ്പൂതിരി പടിക്കരികിലിരുന്ന് പറഞ്ഞു – ഇനി ഞാൻ ഒന്നു മുറുക്കട്ടേ എന്ന്. ആ രൂപത്തിലുള്ള നിസ്സംഗതാ മനോഭാവമാണ് ഈ സർക്കാർ പുലർത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ ഇത്ര രൂക്ഷമായ പ്രശ്നം നടക്കുന്ന സന്ദർഭത്തിൽ, മന്ത്രി ഭാര്യയെ തല്ലിയതും ഭാര്യ മന്ത്രിയെ തല്ലിയതും കാമുകിയുടെ ഭർത്താവ് മന്ത്രിയെ തല്ലിയതുമൊക്കെയാണ് പ്രധാനപ്പെട്ട വിഷയമായി ഗവൺമെന്റ് കാണുന്നത്. അതിന്റെ മദ്ധ്യസ്ഥതയ്ക്ക്

നടക്കുകയാണ് നമ്മുടെ മുഖ്യമന്ത്രിയും സഹമന്ത്രിമാരുമൊക്കെ. നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രി ഉൾപ്പെടെ ഈ പ്രശ്നം കൈകാര്യം ചെയ്യാനാണ് സമയം കണ്ടെത്തുന്നത്. കുടിവെള്ളം കിട്ടാത്ത ജനങ്ങളുടെ നീറുന്ന പ്രശ്നം രണ്ടാമത്തെ കാര്യമായി ഏറ്റെടുത്തുകൊണ്ട് ഒന്നാമത്തെ കാര്യം ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ ഭാര്യയുടെ തർക്കം തീർക്കുക എന്നതായി മാറിയിരിക്കുകയാണ്. നമ്മുടെ നാട്ടിൽ ഇതുവരെ കേട്ടുകേൾവി ഇല്ലാത്ത രൂപത്തിലാണ് ആ പ്രശ്നം ഉയർന്നുവന്നത്. മന്ത്രിമന്ദിരത്തിൽ അനാശാസ്യ പ്രവർത്തനം നടക്കുന്നു എന്ന് മന്ത്രിയുടെ ഭാര്യതന്നെ പത്രക്കാരോട് വിളിച്ചു പറയുന്ന ഒരവസ്ഥ ഇന്നേവരെ ഉണ്ടായിട്ടില്ല. അത്തരത്തിൽ ഗുരുതരമായ അവസ്ഥയാണ് ഇവിടെ ഉണ്ടായത്. നാണമില്ലാത്തവന്റെ ആസനത്തിൽ ഒരു ആല് മുളച്ചാൽ അതൊരു തണലായി കാണുമെന്ന് മുമ്പ് കേട്ടിട്ടുണ്ട്. പക്ഷെ ആ ആലിൽ ഊഞ്ഞാലിട്ടാടുന്ന, കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു മുഖ്യമന്ത്രിയാണ് ശ്രീ. ഉമ്മൻ ചാണ്ടി എന്ന് പറയേണ്ടി വന്നതിൽ ഖേദിക്കുന്നു. .......(ബഹളം)................ ഗവൺമെന്റിന്റെ നിസ്സംഗതയെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: നിങ്ങൾ ഇരിക്കൂ. ചെയർ പറയാം. നിങ്ങൾ ഇരുന്നേ......... .....(ബഹളം).... ബഹുമാനപ്പെട്ട ചന്ദ്രൻ പ്ലീസ്.......... അടിയന്തര പ്രമേയം ചർച്ചയ്ക്കെടുത്തതാണ്. ആ വിഷയത്തിൽ ഒതുങ്ങി നില്ക്കണം. മറ്റ് വിഷയങ്ങളിലേയ്ക്ക് കടക്കരുത്.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, ഗവൺമെന്റിന്റെ നിസ്സംഗത സംബന്ധിച്ച് പ്രമേയത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ ഉദാഹരണമാണ് പറയുന്നത്. അത് പറയാൻ എനിക്ക് അവകാശമില്ലേ? ഞങ്ങൾക്ക് പറയാനുള്ളത് ഞങ്ങൾ പറയും. നിങ്ങൾക്ക് പറയാനുള്ളതും പറയാം. നമ്മുടെ സംസ്ഥാനത്ത്

306000 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ഉണങ്ങി നശിച്ചിരിക്കുന്നത്. ഇത്രയും ഗൗരവതരമായ പ്രശ്നം ഇതിനുമുമ്പ് കണ്ടിട്ടുണ്ടോ? നാണ്യവിളക ളെല്ലാം ദിവസേന നശിച്ചുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് 10,000 കോടിയില ധികം രൂപയാണ് സംസ്ഥാന കൃഷി വകുപ്പ് കൃഷിനഷ്ടമായി കണക്കാക്കിയി ട്ടുള്ളത്. 14 ജില്ലകളിലും ഈ രൂപത്തിൽ കൃഷി നശിച്ചിട്ടുണ്ട്. നാണ്യവിള കളും പച്ചക്കറിയും വാഴകളും നശിച്ചുകഴിഞ്ഞിരിക്കുന്നു. എല്ലാ ചെലവും നടത്തിക്കഴിഞ്ഞതിനുശേഷം കതിർ വന്ന സമയത്താണ് നെൽകൃഷി ഉണങ്ങി നശിച്ചത്. കൊയ്തെടുത്ത നെല്ല് വിറ്റുകിട്ടുന്ന പൈസകൊണ്ട് നിരവധി കാര്യങ്ങൾ ചെയ്യാമെന്ന സ്വപ്നം കണ്ടിരിക്കുന്നവനാണ് ഇവിടത്തെ കൃഷിക്കാരൻ. പക്ഷെ ആ സ്വപ്നങ്ങളെല്ലാം തകർന്നു. കതിർ വന്ന് ഉണങ്ങിയ നെൽപ്പാടങ്ങളിൽ ചെമ്മരിയാടിനെ തീറ്റിക്കുന്ന കരളലിയിക്കുന്ന കാഴ്ച ഞങ്ങൾ പാലക്കാട് ജില്ലയിൽ കണ്ടു. നെൽവയൽ ഉഴുത് വിത്തിറക്കി വിളവാക്കിയ കൃഷിക്കാരൻതന്നെ അത് കത്തിക്കുന്ന കാഴ്ച നമ്മൾ ഇവിടെ കണ്ടു. സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം 50000 ഏക്കർ സ്ഥലത്ത് വിള വിറക്കാൻ കഴിയാതെ നശിച്ചിരിക്കുകയാണ്. കൃഷിനാശം സംഭവിച്ച കൃഷി ക്കാർക്ക് എന്തെങ്കിലും ഒരു സഹായം ചെയ്യാൻ ഇതുവരെ ഈ സർക്കാർ തയ്യാറായിട്ടില്ല. ഈ രൂപത്തിൽ പത്രമാധ്യമങ്ങളുൾപ്പെടെ എല്ലാ രംഗത്തു കൂടിയും വാർത്തകൾ വന്നിട്ടും സർക്കാർ നിഷ്ക്രിയമായി നില്ക്കുന്നു. കൃഷിക്കാരന് സഹായം നല്കുന്നതിനുള്ള ഒരു നടപടിക്രമവും ഇതുവരെ ആരംഭിച്ചിട്ടില്ല. അതുപോലെതന്നെ മറ്റൊരു ഗൗരവതരമായ പ്രശ്നമാണ് കുടിവെള്ളത്തിന്റേത്. നമ്മുടെ ഗ്രൗണ്ട് വാട്ടർ ലെവൽ 6 മീറ്ററോളം താഴ്ന്ന തായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

നെൽവയലുകളും തണ്ണീർത്തടങ്ങളും വറ്റി വരണ്ടതിന്റെ ഭാഗമായി ഭൂരി പക്ഷം ജനങ്ങളും കുടിവെള്ളത്തിനെ ആശ്രയിച്ചിരുന്ന കിണറുകളും കുളങ്ങളുമെല്ലാം വറ്റി വരണ്ടിരിക്കുന്നു. ഗ്രാമീണ ജനങ്ങളുടെ കുടിവെള്ള സ്രോതസ്സാണ് ഇതുമൂലം നഷ്ടപ്പെട്ടത്. നദികളും പുഴകളുമൊക്കെ വിണ്ട് കീറി, വരണ്ട് മരുഭൂമിയായി. പാലക്കാട് ജില്ല ഇങ്ങനെ കുടിവെള്ളത്തിന് ബുദ്ധിമുട്ടുന്ന സമയത്ത് അണക്കെട്ടുകളിൽനിന്ന് ഭാരതപ്പുഴയിലേയ്ക്ക് വെള്ളം ഒഴിക്കിവിട്ടാണ് അതിനെ സംരക്ഷിച്ചിരുന്നത്. പക്ഷേ ഇക്കൊല്ലാം അതിന് സാധ്യമല്ല. അണക്കെട്ടുകളിലൊന്നുംതന്നെ ഒരു തുള്ളി വെള്ളംപോലുമില്ല. പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് നമുക്ക് അർഹതപ്പെട്ട വെള്ളം ചോദിച്ച് വാങ്ങാൻ പോലും ഈ സർക്കാരിന്റെ കെടുകാര്യസ്ഥത കൊണ്ട് കഴിഞ്ഞിട്ടില്ല. ഇന്ന് കേരളത്തിന് 7.25 ടി.എം.സി. വെള്ളം കരാർ അനുസരിച്ച് അവകാശപ്പെട്ടതാണ്. സംയുക്ത ജലക്രമീകരണ ബോർഡിന്റെ തീരുമാനപ്രകാരം ഡിസംബർ 15 മുതൽ ജനുവരി 31 വരെ 1.4 ടി.എം.സി. വെള്ളം നൽകാമെന്ന് തമിഴ്നാട് സർക്കാർ ഉറപ്പ് നൽകിയതാണ്. ആ വെള്ളം പോലും ചോദിച്ചുവാങ്ങാൻ നമുക്ക് കഴിഞ്ഞില്ല. ഈ വെള്ളത്തിനുവേണ്ടി സുപ്രീം കോടതിയെ സമീപിക്കുമെന്ന് കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതാണ്. സുപ്രീം കോടതിയിൽ പോയോ? സുപ്രീം കോടതിയിൽ പോയി വെള്ളം നേടിയെടുക്കാനുള്ള എന്തെങ്കിലും സമീപനം ഈ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായോ? ഉദ്യോഗസ്ഥതലത്തിലും സെക്രട്ടറിതലത്തിലും ചർച്ചചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതും നടന്നില്ല. തമിഴ്നാട് മുഖ്യമന്ത്രിയെക്കണ്ട് ഈ പ്രശ്നം ചർച്ച നടത്തുമെന്ന് കേരളത്തിലെ മുഖ്യമന്ത്രി പറഞ്ഞിരുന്നതാണ്. പക്ഷെ തമിഴ്നാട്ടിലെ മുഖ്യമന്ത്രിയുമായി

ചർച്ചയ്ക്ക് കേരളത്തിലെ മുഖ്യമന്ത്രി തയ്യാറായില്ല. നമുക്ക് അർഹതപ്പെട്ട വെള്ളം കിട്ടാത്തതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലും വരൾച്ച രൂക്ഷമായി. അതുപോലെ തന്നെ അപ്പർ ഷോളയാറിൽനിന്ന് കിട്ടേണ്ട വെള്ളം സമയത്ത് ലഭിക്കാത്തതിന്റെ ഭാഗമായി ചാലക്കുടി പുഴയിലെ വെള്ളം വറ്റുകയും തൃശ്ശൂർ ജില്ലയിലെ 5 നിയോജക മണ്ഡലങ്ങളിൽ കുടിവെള്ളം കിട്ടാക്കനി യായി മാറിയിരിക്കുകയുമാണ്. ഇതിന് ആരാണ് ഉത്തരവാദി? ഈ ഗവൺമെന്റാണ് ഇതിന് ഉത്തരവാദി. ഗവൺമെന്റ് അന്ന് ഒരു തന്റേടം കാട്ടി യിരുന്നെങ്കിൽ പാലക്കാട്-ചിറ്റൂർ താലൂക്കുകളിലെ 50,000 ഏക്കർ കൃഷി രക്ഷിക്കാമായിരുന്നു. അതിനെ രക്ഷിക്കാൻ കഴിഞ്ഞില്ല. ഈ സന്ദർഭത്തി ലാണ് കുടിവെള്ളം കിട്ടാത്ത സ്ഥലങ്ങളിൽ കുടിവെള്ളമെത്തിക്കാനും ശുദ്ധ ജല ഉറവിടങ്ങൾ സംരക്ഷിക്കാനും ജില്ലകൾക്ക് അനുവദിച്ച 85 കോടി രൂപ യിൽ നിന്ന് ചെലവഴിക്കാതെ 30 കോടിരൂപ സർക്കാർ തിരിച്ചു വാങ്ങിയത്. ഇത്രയും രൂക്ഷമായ പ്രതിസന്ധി ഇവിടെയുള്ളപ്പോൾ കുടിവെള്ളം കൊടുക്കാൻ പണമില്ലാത്ത സമയത്ത് 30 കോടി രൂപ ജില്ലകളിൽനിന്ന് സർക്കാർ തിരിച്ചു വാങ്ങുകയാണ് ചെയ്തത്. എല്ലാ ജില്ലകളിൽ നിന്നും തുക ചെലവഴിക്കാതെ തിരിച്ചു വാങ്ങി. ഇപ്പോൾ ലോറികളിൽ കുടിവെള്ളം എത്തി ക്കേണ്ട സ്ഥിതിയാണ് പലയിടത്തുമുള്ളത്. ആ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിന് ലോറിക്ക് സർക്കാർ നിശ്ചയിച്ച വാടകയെന്ന് പറയുന്നത് ഒരു ദിവസം 3000 രൂപയാണ്. ആ 3000 രൂപയ്ക്ക് ഒരു ലോറി വാടകയ്ക്ക് കിട്ടില്ല. അതുകൊണ്ട് അതിന്റെ ഭാഗമായി, കുടിവെള്ളത്തിന് ഏറ്റവും കൂടു തൽ പ്രയാസമനുഭവിക്കുന്ന, ഉയർന്ന തലങ്ങളിൽ താമസിക്കുന്ന പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗക്കാർക്കുപോലും കുടിവെള്ളം കൊടുക്കാൻ

കഴിയാത്തൊരു സ്ഥിതിയാണ് നമ്മുടെ സംസ്ഥാനത്ത് സംജാതമായിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് കുടിവെള്ളം വിതരണം നടത്തുന്നത് പ്രധാനമായും വാട്ടർ അതോറിറ്റിയാണ്. ഈ വരൾച്ചാ കാലത്ത് കുടിവെള്ളം വിറ്റ് കാശാക്കുന്നതിനും സ്വകാര്യമേഖലയ്ക്ക് വിൽക്കുന്നതിനും സർക്കാർ ശ്രമം നടത്തുകയാണ്. അതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയെ ശക്തിപ്പെടുത്തി ഈ സംസ്ഥാനത്തെ എല്ലാവർക്കും കുടിവെള്ളം നൽകുന്നതിനുപകരം ആ കുടിവെള്ളത്തെ വിറ്റ് കാശാക്കാൻ, പണം സ്വരൂപിക്കാൻ സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുന്നതിന് നിയമം കൊണ്ടുവന്നവരാണ് ഈ യു.ഡി.എഫ്. സർക്കാർ. അതുപോലെ വാട്ടർ അതോറിറ്റിക്ക് ഇപ്പോൾ ഉള്ള വെള്ളം പോലും നൽകാൻ കഴിയുന്നില്ല. നമ്മുടെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിനെ സഭയിൽ കണ്ടില്ല. അദ്ദേഹത്തിന്റെ ലോഡ് ഷെഡ്ഡിംഗ് മൂലം വാട്ടർ അതോറിറ്റിയുടെ ഒറ്റ മോട്ടോറും പ്രവർത്തിക്കാൻ കഴിയുന്നില്ല. ഇതിലധികം എന്താണ് ഗുരുതരമായ സ്ഥിതി വരേണ്ടത്? ഒരു മോട്ടോറും പ്രവർത്തിക്കുന്നില്ല. അഞ്ച് മിനിട്ട് കറണ്ട് വന്നാൽ പത്ത് മിനിട്ട് കറണ്ടില്ല. മോട്ടോർ സ്റ്റാർട്ട് ചെയ്യാൻ പറ്റുന്നില്ല. എല്ലാ മോട്ടോറുകളും വോൾട്ടേജില്ലാതെ ദിവസേന കേടുവന്നുകൊണ്ടിരിക്കുകയാണ്. അത് മാറ്റി സ്ഥാപിക്കേണ്ട പണിയാണ് ഇപ്പോൾ വാട്ടർ അതോറിറ്റി നടത്തുന്നത്. അങ്ങനെ മാറ്റി സ്ഥാപിച്ചാൽ തന്നെ 10–15 ദിവസം കൂടുമ്പോഴാണ് ഒരു തുള്ളി വെള്ളം കിട്ടുന്നത്. ലിഫ്റ്റ് ഇറിഗേഷന്റെ മോട്ടോറുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ഉള്ള കൃഷിയും ഇല്ലാതായി. നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമുകളൊക്കെ പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. കുഴൽകിണറുകളിൽ നിന്നാണ് നിരവധി വാട്ടർ സപ്ലൈ സ്കീമുകൾ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയിരുന്നത്. അതിന്റെ ഭാഗമായിട്ടാണ് കുടിവെള്ളത്തിന് പ്രയാസമില്ലാതെ വന്നിരുന്നത്. പക്ഷെ ഗ്രൗണ്ട് വാട്ടർ ലെവൽ താഴ്ന്നതിന്റെ ഭാഗമായി നിലവിലുള്ള കുടിവെള്ള സ്രോതസ്സുകളും കുഴൽ കിണറുകളുമെല്ലാം വറ്റി. മഹാഭൂരിപക്ഷം വരുന്ന ചെറുകിട കുടിവെള്ള പദ്ധതികളെല്ലാം വെള്ളം നൽകാൻ കഴിയാതെ അടച്ചിട്ടിരിക്കുകയാണ്. ജനങ്ങൾക്ക് വെള്ളം കൊടുക്കാൻ ബാധ്യതപ്പെട്ട ഒരു സർക്കാരല്ലേ ഈ സർക്കാർ? എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് ഈ സർക്കാർ ഒരു പ്രവർത്തനം നടത്തുന്നില്ല. ജനങ്ങൾക്ക് ടാങ്കർ ലോറിയിൽ വെള്ളം കൊടുക്കണമെന്ന ആവശ്യം ഈ സഭയിൽത്തന്നെ കഴിഞ്ഞ സെഷനിലും ഉന്നയിച്ചതാണ്. അത് കൊടുക്കാൻ വേണ്ടിയുള്ള എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ? മന്ത്രിമാർ എല്ലാ ജില്ലകളിലും പോയി യോഗം വിളിക്കുന്നൂവെന്നാണ് പറഞ്ഞത്. ചില ജില്ലകളിൽ ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുകൂട്ടി. എല്ലാ ജില്ലകളിലും യോഗം വിളിച്ചുകൂട്ടിയില്ല. ചില ജില്ലകളിൽ മാത്രം യോഗം വിളിച്ചുകൂട്ടി. അവിടെയൊന്നും നടന്നിട്ടില്ല. ഉദ്യോഗസ്ഥന്മാരെ വിളിച്ചുകൂട്ടുമെന്നു പറഞ്ഞതുകൊണ്ടും അടുത്ത വർഷം കുടിവെള്ളം കിട്ടാൻ വേണ്ടി 400 തടയണകൾ നിർമ്മിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുകൊണ്ടും കുടിവെള്ളം കിട്ടുമോ? കടലാസ്സിൽ പഞ്ചസാര എന്ന് എഴുതി നക്കിയാൽ മധുരമുണ്ടാകുമോ? 400 തടയണകൾ അടുത്ത വർഷം നിർമ്മിച്ചാൽ ഇക്കൊല്ലത്തെ കുടിവെള്ളത്തിന് പരിഹാരം കാണാൻ കഴിയുമോ? അതിന് മന്ത്രിമാർ സന്ദർഭം കാണുന്നില്ല. പറഞ്ഞ കാര്യങ്ങൾ എത്രമാത്രം ഈ സംസ്ഥാനത്തെ ഓരോ പ്രദേശത്തും നടപ്പിലാക്കിയെന്നുള്ളതിന് ഒരു മോണിറ്ററിംഗ് നടത്തുന്ന പ്രവർത്തനം ഇപ്പോഴില്ല. വൈദ്യുതി

രംഗത്തെ സ്ഥിതി ഇതിനെക്കാളെല്ലാം പരിതാപകരമാണ്. 1610 കോടി രൂപ യുടെ ഉൽപ്പാദനനഷ്ടമാണ് വൈദ്യുതി ബോർഡിന് വന്നിട്ടുള്ളത്. ഫലത്തിൽ ഇപ്പോൾ പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ പവർകട്ട് ദിവസം മുഴുവൻ നടക്കുകയാണ്. കേരളത്തിലെ ജനങ്ങൾ ചൂടുകൊണ്ട് ഞെരിപിരി കൊള്ളുക യാണ്. രാത്രി കിടന്നുറങ്ങാൻ കറണ്ടില്ല, ഫാനുകൾ വർക്ക് ചെയ്യുന്നില്ല. ഗൾഫ് നാടുകളിലെപോലെ സാമ്പത്തിക ശേഷിയുള്ളവരൊക്കെ എയർകണ്ടീഷനിൽ എത്തിയ ഒരു സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം. കറന്റ് ഉണ്ടെങ്കിലല്ലേ എയർ കണ്ടീഷൻ പ്രവർത്തിക്കാൻ പറ്റുകയുള്ളു? ഗ്രാമീണ ജനങ്ങൾ പോലും ഫാൻ ഉപയോഗിച്ചാണ് കിടന്നുറങ്ങുന്നത്. എല്ലാ സ്ഥലത്തും കൊതുകിന്റെ ആവാസകേന്ദ്രങ്ങളായി മാറുകയാണ്. മാലിന്യ സംസ്കരണം നടക്കുന്നില്ല. ആ മലിന ജലത്തിൽ നിന്നൊക്കെ കൊതുകകൾ പെരുകുകയാണ്. ഈ കൊതുകുകളിൽ നിന്ന് രക്ഷനേടാൻ പാവപ്പെട്ടവർ ഉൾപ്പെടെ രാത്രികാലങ്ങളിൽ ഫാൻ ഉപയോഗിക്കുകയാണ്. അവരുടെ ജീവിതത്തിൽനിന്ന് ഒരു പങ്ക് കിടന്നുറങ്ങാൻ വേണ്ടി ചെലവഴിക്കുകയാണ്. ആ സന്ദർഭത്തിലാണ് രാത്രികാലങ്ങളിൽ മുഴുവൻ ലോഡ്ഷെഡ്ഡിംഗ് പ്രഖ്യാപിച്ച് ഈ സർക്കാർ കുറ്റകരമായ അനാസ്ഥകാട്ടുന്നത്. ഈ കൊടും ചൂടിൽനിന്ന് ജനങ്ങളെ രക്ഷപ്പെടുത്താൻ ഒരു ആസൂത്രണം മുൻകാലങ്ങളിൽ നടത്തിയിട്ടുണ്ടെങ്കിൽ, ഇങ്ങനെയൊരു പവർ ക്രൈസിസ് ഈ കേരളസം സ്ഥാനത്ത് വരുമായിരുന്നോ? നമ്മുടെ ജലാശയങ്ങളിൽ നിന്നുള്ള വെള്ളം ഉപയോഗിച്ച്, കറണ്ട് ഉൽപ്പാദിപ്പിച്ച് ആ കാലഘട്ടത്തിൽ ചെലവഴിച്ചു. ഇപ്പോൾ ഈ വരൾച്ചക്കാലത്ത് കറണ്ട് ഉൽപ്പാദിപ്പിക്കാൻ നമ്മുടെ ജലാശയ ങ്ങളിൽ വെള്ളമില്ല. കേന്ദ്രത്തിൽ നിന്ന് അർഹതപ്പെട്ട വൈദ്യുതി വാങ്ങിയെ

ടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞില്ല. മാത്രമല്ല മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി  കൊണ്ടുവരാനുള്ള സൗകര്യങ്ങളില്ലാതായി. അങ്ങനെ വൈദ്യുതി മന്ത്രിതന്നെ ആവശ്യമില്ലാത്ത സ്ഥിതിയായി. വൈദ്യുതിക്ക് ഒരു നിയന്ത്രണവു മില്ല. ഇനി വില വർദ്ധിപ്പിക്കാൻ വേണ്ടി മാത്രമായി കെ.എസ്.ഇ.ബി. ചുരുങ്ങു കയാണ്. മറ്റൊരു പ്രശ്നമെന്ന് പറയുന്നത്, വരൾച്ചമൂലം രോഗങ്ങൾ വർദ്ധി ച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ മലിനജലം കുടിക്കുന്നതുകൊണ്ട് ഈ നാട്ടിലെ ജനങ്ങൾക്ക് പകർച്ചാവ്യാധികൾ പിടിപെട്ടുകൊണ്ടിരിക്കുകയാണ്. പകച്ചവ്യാധികൾ ഇനി രൂക്ഷമാകാൻ പോകുകയാണ്. ഇപ്പോൾ മഞ്ഞപ്പിത്തം പലയിടത്തും റിപ്പോർട്ട് ചെയ്തുതുടങ്ങിയിട്ടുണ്ട്. അതുപോലെതന്നെ മലീമസ മായ വെള്ളം കുടിക്കുന്നതിന്റെ ഭാഗമായി ജലജന്യരോഗങ്ങളായ പനി, വയറി ളക്കം മുതലായവ എല്ലാ പ്രദേശങ്ങളിലും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ട്, ജനങ്ങൾക്ക് തക്കതായ ചികിത്സ കൊടുക്കാനുള്ള സംവിധാനങ്ങളിലെ അപര്യാപ്തതയും തുടരുകയാണ്. ഇങ്ങനെ നമ്മുടെ സംസ്ഥാനത്തെ എല്ലാ മേഖലകളും ഇന്ന് തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുമ്പോൾ ഒരു നിസ്സംഗമായ സമീപന മാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കേന്ദ്രത്തിൽ നിവേദനം നൽകി ആവശ്യത്തിന് തുക ലഭ്യമാക്കാനുള്ള ശ്രമങ്ങളൊന്നുംതന്നെ ഈ സർക്കാ രിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഇപ്പോൾ കേന്ദ്ര പഠനസംഘം കേരളത്തിൽ വന്നപ്പോൾ 7888 കോടി രൂപയുടെ നഷ്ടത്തിന്റെ കണക്കാണ് ഈ സർക്കാർ നൽകിയത്. 1610 കോടി രൂപ ഉല്പാദന നഷ്ടം ഇടക്ട്രിസിറ്റിക്കു ണ്ടെന്നും സർക്കാർ കണക്ക് നൽകി. പതിനായിരത്തിലധികം കോടി രൂപ കൃഷിക്കാർക്ക് മാത്രം നഷ്ടപ്പെട്ട ഈ സംസ്ഥാനത്ത് യഥാർത്ഥ നഷ്ടം കണ

ക്കാക്കി കേന്ദ്രത്തിൽനിന്ന് പണം ലഭ്യമാക്കി ജനങ്ങളെ രക്ഷിക്കേണ്ടതിനു പകരം 7888 കോടി രൂപയെന്നാണ് കേന്ദ്ര പഠന സംഘത്തിനുമുന്നിൽ റവന്യൂ വകുപ്പുമന്ത്രി കണക്ക് നൽകിയത്. അതിൽനിന്ന് എന്തെങ്കിലും പണം കിട്ടിയോ? ഇതുവരെ 330 കോടി രൂപ കിട്ടിയെന്നാണ് പത്രത്തിൽ റിപ്പോർട്ട് കണ്ടത്. അതിൽ കൂടുതലായി ഒരു പൈസപോലും കിട്ടിയിട്ടില്ല. കേന്ദ്ര പഠന സംഘം അഞ്ച് ജില്ലകളിൽ മാത്രമാണ് പര്യടനം നടത്തിയത്. വരൾച്ചമൂലം ഏറ്റവും കൂടുതൽ കൃഷിനാശം സംഭവിച്ചത് വയനാട് ജില്ലയിലാണ്. അവിടെ കേന്ദ്ര പഠനസംഘം പര്യടനം നടത്തിയില്ല. വരൾച്ചമൂലം കൂടുതൽ കൃഷിനാശം സംഭവിച്ച പാലക്കാട് ജില്ലയിൽ രാത്രിയാണ് പരിശോധന നടത്തിയത്. കേന്ദ്ര പഠനസംഘം രാത്രികാലങ്ങളിൽ വന്ന് എന്ത് വരൾച്ച യാണ് പരിശോധിക്കുന്നത്. കേരളത്തിൽനിന്ന് 8 മന്ത്രിമാർ കേന്ദ്രത്തിലില്ലേ? ഒറീസയിലും രാജസ്ഥാനിലുമൊക്കെ ഇതുപോലുള്ള പ്രശ്നങ്ങൾ വന്നപ്പോൾ ആയിരക്കണക്കിന് കോടി രൂപ സഹായം നേടിയെടുക്കാൻ അവിടത്തെ സർക്കാരിന് കഴിഞ്ഞില്ലേ? എന്തുകൊണ്ട് നമ്മുടെ സർക്കാരിന് കഴിയുന്നില്ല? കേന്ദ്രം ഭരിക്കുന്ന കക്ഷി കേരളം ഭരിച്ചാൽ കേരളത്തിന്റെ എല്ലാ പ്രശ്ന ങ്ങളും പരിഹരിക്കുമെന്ന് നാഴികയ്ക്ക് നാൽപ്പതുവട്ടം പറയുന്ന ഐക്യജനാ ധിപത്യ മുന്നണിക്കാർക്ക് എന്തുകൊണ്ട് കേന്ദ്രത്തിൽനിന്ന് ഇത്രയും രൂക്ഷ മായ ഒരു പ്രതിസന്ധിയിൽ ധനസഹായം നേടിയെടുക്കാൻ കഴിഞ്ഞില്ല. ഇവി ടെനിന്ന് 8 മന്ത്രിമാർ കേന്ദ്രത്തിലുള്ളത് അഭിമാനമായിട്ടല്ലേ നമ്മൾ കൊണ്ടുന ടക്കുന്നത്. 8 മന്ത്രിമാരുണ്ടായിട്ടും ഒരു മന്ത്രിയുണ്ടായിരുന്ന കാലത്ത് കിട്ടിയി രുന്ന തുകപോലും കിട്ടാതെ ഇനി 10 മന്ത്രിമാരായിട്ട് എന്താണ് കേരളത്തിന്

നേട്ടം. അതുകൊണ്ട് ഈ സർക്കാർ വളരെ നിഷ്ക്രിയമായ സമീപനമാണ് ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന് അടിയന്തരമായ പരിഹാരം കാണണം. കൃഷിക്കാർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകണം. അവർ ഈ വർഷം വാങ്ങിയിട്ടുള്ള കടങ്ങളെല്ലാം റദ്ദാക്കണം. പുതിയ കൃഷിയിറക്കുന്നതിനുവേണ്ടി കൃഷിക്കാർക്ക് സൗജന്യമായി വിത്തും രാസവ ളങ്ങളും നൽകണം. കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി അടിയന്തരമായ ഇടപെടലുണ്ടാകണം. പഞ്ചായത്തുകൾക്ക് കൂടുതൽ തുക നൽകണം. അങ്ങനെ എല്ലാവിധത്തിലും ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കക്ഷി രാഷ്ട്രീയ വ്യത്യാസമെന്യേ എല്ലാവരെയും യോജിപ്പിച്ച് അണിനിരത്തി ക്കൊണ്ട് അർഹമായത് കേന്ദ്രത്തിൽനിന്ന് നേടിയെടുക്കാനും ജനങ്ങളെ സംരക്ഷിക്കാനും ഈ സർക്കാർ തയ്യാറാകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഇതുപോലെ വളരെ ഗൗരവമായ ഒരു വിഷയം ചർച്ചയ്ക്കെടുക്കാൻ തയ്യാറായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ ആദ്യമായി അഭിവാദ്യം ചെയ്യുകയാണ്. ഇവിടെ ശ്രീ. എം. ചന്ദ്രൻ ഈ പ്രസംഗത്തിന്റെ തുടക്കത്തിൽത്തന്നെ വരൾച്ച ഉൾപ്പെടെയുള്ള പ്രശ്നങ്ങളി ലേയ്ക്ക് പ്രതിപക്ഷത്തിന്റെയും ഈ സഭയുടെയും ശ്രദ്ധ തിരിക്കുമെന്ന് പ്രതീ ക്ഷിച്ചപ്പോഴാണ് ........... അവർക്ക് ഇപ്പോഴും പലതിന്റെയും ഹാംഗ് ഓവർ മാറി യിട്ടില്ല. ഇവിടെ മൂന്ന് ദിവസം സഭ സ്തംഭിപ്പിച്ച ഇന്നലെയും കൊണ്ടുവന്ന അടിയന്തരപ്രമേയത്തിന്റെ പേരിൽ ഈ വരൾച്ചയുടെ കാലഘട്ടത്തിൽ വരൾച്ചയുടെ പ്രശ്നം ചർച്ചയ്ക്കെടുക്കാൻ തയ്യാറായപ്പോൾപ്പോലും, പിന്നെയും അതിലേയ്ക്ക് പോകാനാണ് അവർക്ക് താല്പര്യമെന്ന് പറയു

മ്പോൾ കേരള സംസ്ഥാനത്തെ മാത്രമല്ല വരൾച്ച ബാധിച്ചിട്ടുള്ളത്, കേരളത്തിലെ പ്രതിപക്ഷത്തിന് ജനങ്ങളോടുള്ള പ്രതിബദ്ധതയ്ക്കും വരൾച്ച ബാധിച്ചിരിക്കുകയാണ് എന്ന് തെളിയിച്ച നിമിഷങ്ങളാണ് ഈ സഭയിൽ നട ക്കുന്നത്. ഗവൺമെന്റിന് മന്ത്രിയുടെ കുടുംബവഴക്കിന് സമയം കളയാനാണ് താല്പര്യമെന്നാണ് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ പറ ഞ്ഞത്. ആർക്കാണ് താല്പര്യം? പ്രതിപക്ഷത്തിനായിരുന്നു അക്കാര്യത്തിൽ താല്പര്യം. രണ്ടുതവണ സഭ സ്തംഭിപ്പിച്ചു. ഇന്നലെ സഭയിൽ ഈ വിഷയം അവതരിപ്പിക്കാൻ ശ്രമിച്ചു. ഇന്ന് വരൾച്ച ചർച്ചയ്ക്കെടുത്തപ്പോൾപ്പോലും ആദ്യം പറയുന്ന വിഷയം കുടുംബവഴക്കാണ്. കേരളത്തിന്റെ മുഖ്യമന്ത്രി ഇന്നലെ സഭയിൽ പറഞ്ഞത് സഭയുടെ സമയം കുടുംബവഴക്കിനുവേണ്ടി നീക്കിവയ്ക്കാൻ തയ്യാറല്ല എന്നാണ്. ഗവൺമെന്റിന്റെ പ്രതിബദ്ധത ജനങ്ങ ളോടും പ്രതിപക്ഷത്തിന്റെ പ്രതിബദ്ധത ഇത്തരത്തിലുള്ള കഥകളോടുമാണെ ന്നുള്ളതാണ് ഏറ്റവും ഖേദകരം. ഈ വരൾച്ച ഏറ്റവും കൂടുതൽ ബാധിക്ക പ്പെട്ട പ്രദേശമായ പാലക്കാട് ജില്ലയിൽ നിന്നുള്ള ജനപ്രതിനിധിയെന്ന നിലയ്ക്ക്, കുടിവെള്ളത്തിനും കൃഷിക്കുമൊക്കെ വളരെ ഗൗരവമായ തിരിച്ച ടികൾ നേരിട്ടുകൊണ്ടിരിക്കുമ്പോൾ ഇത് ഗൗരവപൂർവം ചർച്ച ചെയ്ത് പ്രശ്ന പരിഹാരത്തിന് നമ്മളെല്ലാവരും ഒറ്റക്കെട്ടായി ശ്രമിക്കേണ്ട സമയമാ ണിത്. നൂറ് കോടിയിലധികം രൂപയുടെ കൃഷി നാശം രേഖപ്പെടുത്തിയതിൽ 35 കോടിയിലധികം നെൽകൃഷിയുടെ നഷ്ടമാണ് രേഖപ്പെടുത്തുന്നത്. ആളി യാറിലെ വെള്ളം ലഭിക്കാത്തതുകൊണ്ട് നെൽകൃഷി നശിച്ചുകൊണ്ടിരിക്കുക യാണ്. ഏപ്രിൽ 1 മുതൽ മെയ് 15 വരെയുള്ള കാലഘട്ടത്തിൽ ആളിയാറിലെ ജലം നമുക്ക് തരേണ്ടതില്ലെങ്കിൽപ്പോലും കരാർ പ്രകാരം കഴിഞ്ഞ

കാലങ്ങളിൽ ജലം നൽകാൻ അവർ പരാജയപ്പെട്ട സ്ഥിതിക്ക് കുടിവെള്ളത്തിനുവേണ്ടി അത്യാവശ്യം ജലം നൽകണമെന്നുള്ള കത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ട്. പക്ഷേ ഇതുവരെ തമിഴ്നാട് അക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. ഈ സഭ ഒറ്റക്കെട്ടായി ആളിയാറിൽ നിന്ന് ജലം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് ആക്കം കൂട്ടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ചിറ്റൂർ പുഴയിലേയ്ക്ക് ആളിയാറിൽനിന്നുള്ള ജലം കിട്ടിയില്ലെങ്കിൽ അത് ബാധിക്കുന്നത് ആ പ്രദേശത്തെ മാത്രമല്ല. മൂലത്തറ വഴി ഷൊർണ്ണൂരും ഭാരതപ്പുഴയിലെ ബാക്കി പ്രദേശങ്ങളിലും ഈ ജലം എത്തിച്ചുകൊടുക്കാൻ കഴിഞ്ഞാൽ കുടിവെള്ളത്തിന് പരിഹാരമാകും. എന്റെ നിയോജകമണ്ഡലത്തിലെ തിരുനെല്ലായിപ്പുഴയിലെ കുടിവെള്ള പദ്ധതി ഒരു ദിവസം 8 മണിക്കൂർ പമ്പ് ചെയ്തിരുന്ന സാഹചര്യത്തിൽനിന്നുമാറി ആദ്യം ഒരു മണിക്കൂറിലേയ്ക്ക് കുറയ്ക്കുകയും പിന്നെ അത് നിർത്തിവയ്ക്കേണ്ടിയും വന്നു. ഇപ്പോൾ പുഴയിൽ കുഴൽകിണറുണ്ടാക്കേണ്ട അവസ്ഥയാണുള്ളത്. 20 കുഴൽക്കിണറുകൾ കുഴിച്ചതിൽ 7 എണ്ണത്തിൽമാത്രമാണ് ജലം ലഭിക്കുന്നത്. അതുപോലെ ചിറ്റൂർ കുടിവെള്ള പദ്ധതി ലഭിക്കാത്തതുകൊണ്ടുമാത്രം ചിറ്റൂർ പുഴയ്ക്കുശേഷമുള്ള സുപ്രധാനമായ 9 കുടിവെള്ള പദ്ധതികളിൽ ഏഴും ഇന്ന് അടച്ചുപൂട്ടിയിരിക്കുകയാണ്. അതിൽ വെറും രണ്ടെണ്ണത്തിൽമാത്രമാണ് ജലം ലഭിക്കുന്നത്. 2 ലക്ഷത്തോളം ആളുകൾ ഇതിൽനിന്നും ഹൗസ് കണക്ഷൻ ഉൾപ്പെടെയെടുത്ത് കുടിക്കാൻ വെള്ളമില്ലാത്ത ദയനീയമായ സാഹചര്യത്തിലാണ്. കുടിവെള്ളത്തിന് ഏപ്രിൽ 1 മുതൽ കരാർ പ്രകാരം വെള്ളം തരേണ്ടതില്ലെങ്കിൽപ്പോലും

മെയ് 15 വരെയുള്ള കാലയളവിനുള്ളിൽ 100 cusex തോതിൽ വെള്ളം ലഭിച്ചില്ലെങ്കിൽ മൂലത്തറ മുതൽ ഭാരതപ്പുഴയിലും ഷൊർണ്ണൂരിലുമെല്ലാം വളരെ ഗുരുതരമായ പ്രതിസന്ധി നമ്മൾ നേരിടേണ്ടിവരും. ചിറ്റൂർ പുഴയിൽ കണ്ണുനീർപോലും ഇല്ലാത്ത അവസ്ഥയാണ്. മാർച്ചിൽത്തന്നെ ഭാരതപ്പുഴ വറ്റി. മലമ്പുഴ ഡാം ആ സമയംകൊണ്ട് തുറക്കേണ്ടി വന്നു. ഇനി തുറന്നുവിടാൻ ഡാമിൽ വെള്ളമില്ല. ആളിയാർ വെള്ളം കിട്ടാതെ വേറെ വഴിയില്ല എന്നതുകൊണ്ടുതന്നെ ആളിയാറിന്റെ നമുക്കവകാശപ്പെട്ട ജലം നേടിയെടുക്കാൻ രാഷ്ട്രീയത്തിനതീതമായി ഒറ്റക്കെട്ടായി അടിയന്തരമായ ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടത് ശിരുവാണിയിൽനിന്ന് കോയമ്പത്തൂർ ഉൾപ്പെടെയുള്ള മേഖലകളിലേയ്ക്ക് കൂടുതൽ വെള്ളം വേണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ട്. തമിഴ്നാടിന്റെ ആവശ്യത്തോട് അനുകൂലമായി നമ്മുടെ ജലവിഭവ വകുപ്പ് പ്രതികരിച്ചിട്ടുണ്ട്. അത്യാവശ്യം വെള്ളം കൊടുക്കാൻ തയ്യാറാണെന്ന് നമ്മൾ പറയുമ്പോൾ ശിരുവാണിയിൽനിന്ന് അവർക്ക് വെള്ളം കൊടുക്കാനും ആളിയാറിൽനിന്ന് നമുക്ക് വെള്ളം ലഭിക്കാനുമുള്ള നടപടികൾ വളരെ അനിവാര്യമാണ്. കരാർ പ്രകാരം 7.25 റ്റി.എം.സി വെള്ളം നൽകേണ്ട സ്ഥാനത്ത് അതിന്റെ പകുതി മാത്രമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിമാരും പ്രതിപക്ഷനേതാവും എല്ലാവരും ഒറ്റക്കെട്ടായി ഈ പ്രശ്നത്തിൽ ഇടപെട്ട് ശിരുവാണിയിൽനിന്ന് വെള്ളം അവർക്ക് കൊടുക്കാൻ തയ്യാറാവുകയും അതിനുപകരം 100 cusex വെള്ളമെങ്കിലും നമുക്ക് ആളിയാറിൽനിന്ന് ലഭിക്കുന്ന തരത്തിൽ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ അടിയന്തരമായ ഇടപെടൽ ആവ

ശ്യമാണ്. കേരളത്തിൽ ഇതുവരെ രേഖപ്പെടുത്തിയ ചൂടിൽ ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയത് പാലക്കാടാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിലുൾപ്പെട്ട മുണ്ടൂരിൽ 40.5 ഡിഗ്രി ചൂട് രേഖപ്പെടുത്തി. ഡീ-ഹൈഡ്രേഷൻ മൂലം ആളുകൾ വളരെ പ്രയാസം നേരിട്ടുകൊണ്ടിരിക്കുന്നു. അതുപോലെ ആരോഗ്യ വകുപ്പിന്റെ അടിയന്തരമായ ഇടപെടൽ ഇക്കാര്യങ്ങളിലുണ്ടാകണം. അമിതമായ ചൂട് താങ്ങാൻ കഴിയാതെ പല രോഗങ്ങളും അവിടെ വർദ്ധിക്കുന്നു. ഹാർട്ട്അറ്റാക്ക് മൂലമുള്ള മരണം പാലക്കാട് വർദ്ധിക്കുന്നുവെന്ന് ഇനിയും ശാസ്ത്രീയമായി തെളിയിക്കപ്പെടാത്ത കണക്കുകളുണ്ട്. അത് ശാസ്ത്രീയമായി തെളിയിക്കേണ്ടതുണ്ട്. ജോലി സ്ഥലങ്ങളിലും മറ്റും പ്രായമായവർ കുഴഞ്ഞുവീണ് മരിക്കുന്ന സാഹചര്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കുടിവെള്ളത്തിന്റെയും കൃഷിയുടെയും മാത്രം പ്രശ്നമായി ഇതിനെ കാണാൻ സാധിക്കില്ല. നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അഞ്ച് ആളുകൾക്ക് സൂര്യാഘാതം ഏൽക്കേണ്ടി വന്നു. അതോടൊപ്പം കുഴഞ്ഞുവീണുള്ള മരണങ്ങളിൽ ഈ ചൂട് പ്രധാനമായ പങ്ക് വഹിക്കുന്നു എന്നത് അവിടെയുള്ള ഡോക്ടർമാർ സൂചിപ്പിക്കുന്നുണ്ട്. അത് സംബന്ധിച്ച് ഗൗരവമായ ഒരിടപെടൽ നടത്താൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള നടപടിയുണ്ടാകണം. എന്റെ നിയോജകമണ്ഡലത്തിലാണ് കൽപ്പാത്തി. കൽപ്പാത്തി തേര് തുടങ്ങുന്ന സമയം ആളുകൾ 'തേർക്കാറ്റ് വന്താച്ച്' എന്നാണ് പറയുന്നത്. ആ കൽപ്പാത്തി തേര് തുടങ്ങുന്ന സമയമെത്തി ശിവരാത്രിവരെ നീണ്ടുനിൽക്കുന്ന പാലക്കാടൻ കാറ്റെന്ന പ്രസിദ്ധമായ കാറ്റുപോലും കഴിഞ്ഞ 2 വർഷമായി നമുക്ക് അനുഭവപ്പെടുന്നില്ലെന്ന വളരെ ഖേദകരമായ സാഹചര്യ

മുണ്ട്. അതുകൊണ്ട് അടിയന്തരമായി പാലക്കാട് ജില്ലയിലെ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കാൻ...

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്.. പ്ലീസ് കൺക്ലൂഡ്....

ശ്രീ. ഷാഫി പറമ്പിൽ : ഗവൺമെന്റിന്റെ ഇടപെടലുകൾ അനിവാര്യമാണ്. ഗവൺമെന്റ് നിഷ്ക്രിയമാണ്, ഇടപെടലുകൾ നടത്തിയിട്ടില്ലെന്ന കാര്യങ്ങൾ ഞാനിവിടെ സൂചിപ്പിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്....

ശ്രീ. ഷാഫി പറമ്പിൽ : ഞാൻ നിറുത്തുകയാണ്. ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രി ശ്രീ. എ.പി. അനിൽകുമാർ രണ്ടുതവണ നേരിട്ട് യോഗം വിളിച്ചുകൂട്ടി. ശ്രീ. പി. ജെ. ജോസഫും കൂടാതെ മുഖ്യമന്ത്രിയും പാലക്കാട് വന്ന സമയം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽത്തന്നെ പാലക്കാടിന്റെ ഏറ്റവും വലിയ സാദ്ധ്യതയായ, ഉടമസ്ഥത്തർക്കം നോക്കാതെ പൊതുവായതും സ്വകാര്യമായതുമായ കുളങ്ങളും കിണറുകളും ഉൾപ്പെടെയുള്ളവ നവീകരിച്ച് എങ്ങനെയെങ്കിലും പാലക്കാട് ജില്ലയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കണ്ടെത്തണമെന്നാവശ്യപ്പെട്ട് ഇടപെടലുകൾ നടത്തുകയുണ്ടായി.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്....

ശ്രീ. ഷാഫി പറമ്പിൽ : ഇതിനായി 14 കോടിയോളം രൂപ അനുവദിച്ചിട്ടുമുണ്ട്. പക്ഷേ ഇതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കാൻ കഴിയില്ല. കാരണം മനുഷ്യസാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുമ്പോൾ ദീർഘവീക്ഷണത്തോടെ നടപടി എടുത്തില്ലെങ്കിൽ വരുംവർഷങ്ങളിൽ കൂടുതൽ പ്രശ്നങ്ങളുണ്ടാകുമെന്നുള്ളതുകൊണ്ട് ഈ സഭ മറ്റെല്ലാ പ്രശ്നങ്ങളും നിറുത്തിവച്ച്

ചർച്ച ചെയ്യാൻ തീരുമാനിച്ചതിന് പാലക്കാട് ജില്ലയിലെ ജനങ്ങളുടെ പേരിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. തുടർനടപടികളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഈ വിഷയം സഭയിൽ രണ്ട് മൂന്ന് പ്രാവശ്യമായി അടിയന്തര പ്രമേയമായി വരികയാണ്. ആദ്യം അടിയന്തര പ്രമേയം അവതരിപ്പിച്ചത് പ്രതിപക്ഷത്തുനിന്നും ഞാനാണ്. അന്ന് അങ്ങ് പറഞ്ഞ ചില ഉറപ്പുകളുണ്ട്. ആ ഉറപ്പുകളുടെ അടിസ്ഥാനത്തിലാണ് ജില്ലാടി സ്ഥാനത്തിൽ യോഗങ്ങളും മന്ത്രിമാർക്ക് ചുമതലയും എം.എൽ.എ. മാരുടെ നേതൃത്വത്തിൽ മണ്ഡലങ്ങളിൽ അവലോകന യോഗങ്ങളും നടത്താൻ തീരു മാനിച്ചത്. കഴിഞ്ഞ കാലവർഷം ചതിച്ചു. കാലവർഷം ചതിച്ച് സെപ്റ്റംബർ ആയപ്പോൾത്തന്നെ കേരളത്തിലെ 4 ജില്ലകൾ വരൾച്ചബാധിത ജില്ലകളായി പ്രഖ്യാപിച്ചു. പ്രഖ്യാപനമല്ലാതെ അതിന്റെ അടിസ്ഥാനത്തിലുള്ള ഏതെങ്കിലും തുടർനടപടികൾ അന്ന് സ്വീകരിച്ചിരുന്നെങ്കിൽ ഇന്ന് ഇത്ര ഗുരുതരമായ സ്ഥിതിയിലേയ്ക്ക് വരില്ലായിരുന്നു. അതുകഴിഞ്ഞ് തുലാവർഷവും ചതിച്ച അവസരത്തിലാണ് ആദ്യ അടിയന്തരപ്രമേയം വരുന്നത്. മന്ത്രിസഭാ യോഗം കൂടി കേരളം തന്നെ വരൾച്ചാബാധിത സംസ്ഥാനമായി പ്രഖ്യാപിച്ചു. അങ്ങനെ വരൾച്ചാബാധിത സംസ്ഥാനമായി പ്രഖ്യാപിച്ചാൽ എടുക്കേണ്ട ചില സ്വാഭാവിക നിലപാടുകളുണ്ട്. ആ നിലപാടുകൾ ഗൗരവമായി എടുക്കു ന്നില്ലെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഞാൻ മനസ്സിലാക്കുന്നത്, കേരള ത്തിലെ ജലസ്രോതസ്സുകളെക്കുറിച്ചോ ഇനിയുള്ള ഭൂഗർഭ ജലത്തെക്കുറിച്ചോ, അതിന്റെ ഉപയോഗത്തെക്കുറിച്ചോ, ഉപയോഗം തീരുമാനിക്കുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ചോ സി.ഡബ്ല്യു.ആർ.ഡി.എം. പോലുള്ള ഏതെങ്കിലും

എക്സ്പെർട്ട് സംവിധാനത്തെക്കൊണ്ട് പഠനമോ അതിനനുസരിച്ചുള്ള നടപടിക്രമങ്ങളോ കേരളത്തിൽ നടത്തിയിട്ടില്ലെന്നാണ്. കേരളത്തിലെ എല്ലാ വകുപ്പുകളും ഈ വരൾച്ചാകാലത്തും അതാത് വകുപ്പിന്റെ സ്വാഭാവിക –അലസ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് ഞാൻ ആരോപിക്കുകയാണ്. കേരളത്തിൽ ആദ്യം വരൾച്ചാബാധിത ജില്ലയായി പ്രഖ്യാപിച്ച ജില്ലകളിൽ ഒന്നാണ് കൊല്ലം ജില്ല. ആ ജില്ലയിൽ വരൾച്ചാബാധിതവുമായി ബന്ധപ്പെട്ട് നടത്തിയ അവലോകന യോഗത്തിൽ മന്ത്രിമാരുണ്ടായിരുന്നില്ല. ജനപ്രതിനിധി കളായ ഞങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. കൊല്ലം ജില്ലയിലെ ശാസ്താം കോട്ട കായൽ വലിയ ഭീതിതമായ അവസ്ഥ നേരിടുകയാണ്. ആ കായലി ലേയ്ക്ക് വെള്ളം വരാനുള്ള ഉറവകൾ എത്രത്തോളം വറ്റിയെന്നതിനെക്കുറി ച്ചോ, എങ്ങനെ സംരക്ഷിക്കണമെന്നതിനെക്കുറിച്ചോ ഏതെങ്കിലും തരത്തി ലുള്ള ശാസ്ത്രീയമായ റിപ്പോർട്ട് ഇക്കാലത്ത് ഇതുവരെ സ്വീകരിക്കപ്പെട്ടിട്ടില്ല. ജലസേചന വകുപ്പുമന്ത്രിമാത്രം ചർച്ചയിൽ പങ്കെടുത്ത് പറഞ്ഞത്, തെന്മല ഡാമിലെ വള്ളം കനാൽ വഴി ശാസ്താംകോട്ട കായലിൽ കൊണ്ടുവരിക എന്നുള്ളതാണ്. അതാണോ പരിഹാര മാർഗ്ഗം; അശാസ്ത്രീയമാണെന്നുമാത്ര മല്ല, ശാസ്താംകോട്ട കായൽ ലോകത്തിലെ തന്നെ ഏറ്റവും നല്ല ശുദ്ധജല തടാകങ്ങളിലൊന്നാണ്. ഒരു സ്ഥലത്തെ വെള്ളം കനാൽ വഴി കൊണ്ടുവന്ന് കായലിൽ എത്തിച്ചാൽ അതിന്റെയർത്ഥം ആ കായലിന്റെ വിശുദ്ധിതന്നെ നഷ്ടപ്പെടുത്തുകയെന്നതാണ്. വെള്ളം കൊണ്ടുവന്ന് മണ്ണിൽ താഴ്ത്തി ഉറവ കൾ വഴി എത്തിച്ചാൽ ഇക്കാര്യം വേണമെങ്കിൽ അംഗീകരിക്കാവുന്നതാണ്. അശാസ്ത്രീയമായ ഇത്തരം നടപടികൾ തീരുമാനിക്കുന്നതും പ്രഖ്യാപിക്കപ്പെ ടുന്നതും ഏതടിസ്ഥാനത്തിലാണ്; ഇങ്ങനെയാണോ കേരളം നേരിടുന്ന ഏറ്റവും ഭീകരമായ കാലത്തെ നമുക്ക് അഭിമുഖീകരിക്കാൻ കഴിയുന്നത്.

കൊല്ലം ജില്ലയിലെ കഴിഞ്ഞ വരൾച്ചാ ബാധിത യോഗത്തിൽ ജില്ലയുടെ ചുമതലയുള്ള ശ്രീ. ഷിബു ബേബി ജോൺ പങ്കെടുത്തിരുന്നു. കൊല്ലം ജില്ല യിലെ  വകുപ്പുകൾ എങ്ങനെയാണ് നീങ്ങിയതെന്ന് അദ്ദേഹത്തിനറിയാം. അതിനുതൊട്ടുമുമ്പ് നടന്ന തീരുമാനങ്ങളെ വാട്ടർ അതോറിറ്റിയാണെങ്കിലും ഗ്രൗണ്ട് വാട്ടർ അതോറിറ്റിയാണെങ്കിലും ബന്ധപ്പെട്ട മറ്റു വകുപ്പുകളാണെ ങ്കിലും ഇലക്ട്രിസിറ്റിയാണെങ്കിലും........ പല സ്ഥലത്തും ഇലക്ട്രിസിറ്റി കിട്ടാ ത്തതുകൊണ്ട് വെള്ളം പമ്പ് ചെയ്യാൻ കഴിയുന്നില്ല. പമ്പ് ചെയ്യുന്നിടത്ത് പൈപ്പ് പൊട്ടുന്നു. പൈപ്പ് എക്സ്റ്റൻഷൻ ചെയ്യുന്നിടത്ത് വെള്ളം എത്തി ക്കാൻ കഴിയുന്നില്ല. വെള്ളം എത്തിക്കുന്നിടത്ത് നാട്ടുകാർ കലാപമുണ്ടാക്കുന്നു.

(എ.സി.  ഓഫ് ആയപ്പോൾ എക്സോസ്റ്റ് ഫാൻ  ഓൺ ചെയ്തതിനെ തുടർന്നുണ്ടായ  ശബ്ദം സഭാംഗങ്ങളെ അസ്വസ്ഥരാക്കി.)

ശ്രീ. മുല്ലക്കര രത്നാകരൻ : അപകടകരമായ അവസ്ഥയെന്തെങ്കിലു മുള്ളതുകൊണ്ടാണോ ഈ ശബ്ദം കേൾക്കുന്നത്;  അങ്ങ് തന്നെ ഈ നിയമ സഭയിൽ പ്രഖ്യാപിച്ച നടപടികൾ എത്രത്തോളം നടപ്പാക്കിയെന്ന് ഗൗരവ മായി പരിശോധിക്കേണ്ടതാണ്. ഗുരുതരമായ വീഴ്ച കാണിച്ചുവെന്നാണ് ഞാനും പ്രതിപക്ഷവും ആരോപിക്കുന്നത്. ഗവൺമെന്റ് സംവിധാനത്തിലെ വകുപ്പുകൾ അലസമായ സ്വാഭാവികമായ രീതിയിലാണ് ഈ വരൾച്ചാ കാലത്ത്........ ശബ്ദമുണ്ടാകുന്നതുകൊണ്ട് സഭ നിറുത്തിവയ്ക്കേണ്ട തുണ്ടോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശബ്ദം കേൾക്കുന്നത് എന്താണെന്ന് നോക്കാൻ പോയിട്ടുണ്ട്. എന്താണെന്ന് നോക്കി പറയാം. സഭ നിറുത്തിവയ്ക്കേണ്ട കാര്യമില്ല.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : അങ്ങ് തന്നെ എടുത്ത തീരുമാനങ്ങൾ അങ്ങേയ്ക്ക് മുമ്പിൽ നടപ്പാകാതെ വെല്ലുവിളിയായി നിൽക്കുന്നതാണ് ഈ അടിയന്തര പ്രമേയത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഇതെല്ലാ മന്ത്രിമാർക്കുമറിയാവുന്ന കാര്യമാണ്. കൊല്ലം ജില്ലയിലെ ശാസ്താംകോട്ട കായലിന്റെ കാര്യം മാത്രമല്ല, കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിലും പടിഞ്ഞാറൻ മേഖലയിലും എല്ലാ ബ്ലോക്കിലും ഏറ്റവും വലിയ തരത്തിൽ ഗ്രൗണ്ട് വാട്ടർ ലെവൽ താഴോട്ടുപോയതിൽ ഒരു ജില്ലയാണ് കൊല്ലം ജില്ല. കൊല്ലം ജില്ലയിൽ ഇനി കിണർ കുഴിക്കുന്നതിന് ......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശബ്ദം കേട്ട് പേടിച്ചാണോ അംഗങ്ങൾ പുറത്തുപോകുന്നത്?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: ഇത്തരം സംവിധാനങ്ങൾക്ക് എന്തുകൊണ്ടാണ് വേഗത വരാത്തത്; മന്ത്രിസഭാ യോഗംകൂടി ഫണ്ട് അനുവദിക്കുന്നതായി പ്രഖ്യാപിക്കുന്നുണ്ട്. കഴിഞ്ഞ മന്ത്രിസഭാ യോഗത്തിൽ കൊല്ലം ജില്ലയിലുള്ള കുളങ്ങൾ വൃത്തിയാക്കി പുനരുജ്ജീവനം നടത്തുന്നതിന് കൊല്ലം ജില്ലയ്ക്ക് അനുവദിച്ചതിൽ 25 ശതമാനംപോലും മൈനർ ഇറിഗേഷന്റെ ഡിമാന്റ് അംഗീകരിച്ചിട്ടില്ല. ഇത് കൊല്ലം ജില്ലയിലെ മാത്രം പ്രശ്നമല്ല. കേരളത്തിൽ 7888 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ഇതെങ്ങനെയാണ് കണക്കാക്കിയത്. കേരളത്തിൽ ചിലർ പറയുന്നത്, റബ്ബറിന് മാത്രം ഉൽപ്പാദനക്ഷമതയിലെ കുറവുകൊണ്ടും വെട്ടാൻ കഴിയാത്തതുകൊണ്ടും

വരൾച്ച കാരണം പട്ടുപോയതുകൊണ്ടും കാറ്റുകാരണം ഒടിഞ്ഞുവീണതു കൊണ്ടും ഇറക്കുമതി കൊണ്ടുള്ള പ്രത്യേകത കൊണ്ടും അതിലേറെ നഷ്ടം വരുമെന്നാണ്. തേങ്ങയുടെ ഉൽപ്പാദനം 200 കോടിയെങ്കിലും കുറയുമെന്നും ഉള്ളത് ചെറുതാകുകയും ചെയ്യുമെന്നാണ് പറയുന്നത്. തേയില പോലും ഉൽപ്പാദനം കുറയുമെന്നാണ്. ഒരു ഏലം ചെടി പട്ടുപോയൽ 2500 രൂപയുടെ നഷ്ടം വരുമെന്നാണ്. ഇതിനൊക്കെ പകരം സംവിധാനമെന്താണ്; കേന്ദ്ര ഗവൺമെന്റിനുമുമ്പിൽ കൺവിൻസ് ചെയ്യാവുന്ന തരത്തിൽ എന്താണ് അവ തരിപ്പിച്ചിട്ടുള്ളത്? ആരോഗ്യമേഖലയിൽ വരുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ധാരാളം റിപ്പോർട്ടുകൾ വരുന്നുണ്ട്. ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? കേന്ദ്രഗവൺമെന്റിന് ഇത്തരം കാര്യങ്ങൾ വരുമ്പോൾ അടിയന്തരമായി കാലാവസ്ഥ നിരീക്ഷണത്തിനു വേണ്ടി പ്രത്യേക സംവി ധാനമുണ്ടാക്കി അതിന്റെ നിരന്തര പരിശോധന സംസ്ഥാനങ്ങളെ അറിയിക്കാ നുള്ള സംവിധാനമുണ്ട്. അതിൽ ഏതെങ്കിലുമൊന്ന് സംസ്ഥാനത്ത് ഉണ്ടായി ട്ടുണ്ടോ? ആകെ കേരളം നേരിടുന്ന .........

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്....

ശ്രീ. മുല്ലക്കര രത്നാകരൻ : എനിക്ക് ശബ്ദം കാരണം ....

മി. ഡെപ്യൂട്ടി സ്പീക്കർ : അത് പേടിക്കേണ്ട കാര്യമില്ല. വോൾട്ടേജ് കുറഞ്ഞ് എ.സി. ഓഫ് ആയപ്പോൾ മലിനവായു പുറത്തുകളയുന്നതിനും ഫ്രഷ് എയർ കിട്ടുന്നതിനും വേണ്ടി എക്സോസ്റ്റ് ഫാൻ ഓൺ ചെയ്ത താണ്. ഇപ്പോൾ പ്രശ്നമൊന്നുമില്ല. പക്ഷേ, അങ്ങയുടെ സമയം കഴിഞ്ഞു. അങ്ങ് ടെൻഷനൊന്നുമില്ലാതെ സുഖമായി സംസാരിക്കുകയായിരുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ : കേരളത്തിൽ പല സ്ഥലത്തും സൂര്യാഘാതമേൽക്കുന്നുണ്ട്. ചൂട് 40 ഡിഗ്രിയിലധികമായാൽ മനുഷ്യർക്ക് ജീവിക്കാൻ കഴിയില്ല. കൊല്ലം ജില്ലയിലെ പുനലൂരിലും കൊട്ടാരക്കരയിലുമായി കഴിഞ്ഞ 2 ദിവസമായി 7 ആളുകൾക്ക് സൂര്യാഘാതമേറ്റ് ആശുപത്രികളിലായി. സൂര്യാഘാതമേൽക്കുന്നത് മാത്രമല്ല മാരകമായ ചില പ്രത്യാഘാതങ്ങൾ കൊണ്ട് കേരളത്തിൽ വരൾച്ചയുടെ ഭാഗമായി മരണം സംഭവിക്കുന്നു. കേരളത്തിൽ കുടിവെള്ളം കിട്ടാത്തതിനാൽ മലിനജലം കുടിക്കേണ്ടി വരുന്നതു കൊണ്ട് രോഗങ്ങളുണ്ടാകുന്നു. അത്തരത്തിൽ മാറാരോഗങ്ങൾ കേരളത്തിൽ പ്രത്യക്ഷപ്പെടുന്നു. ഇതിനൊക്കെ നഷ്ടപരിഹാരം കൊടുക്കുകയും സംരക്ഷണം നൽകുകയും ചെയ്യണമെന്ന് മാത്രമല്ല അടിയന്തരമായി ഏകോപന വകുപ്പുകൾ ഉണ്ടാക്കാൻ ആവശ്യമായ തരത്തിലുള്ള ഫണ്ടിംഗ് ഏജൻസി ഉണ്ടാവുകയും വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്..

ശ്രീ. മുല്ലക്കര രത്നാകരൻ : ഒരു കാര്യംകൂടി പ്രധാനമായും പറയാനുള്ളത്, കേരളത്തിലെ വകുപ്പുകളും എക്സ്പെർട്ട് സംവിധാനങ്ങളും സാങ്കേതിക സിസ്റ്റവും മാത്രംകൊണ്ട് ഇതിനെ നേരിടാൻ പറ്റില്ല. എക്സ്പെർട്ട് സംവിധാനമുള്ള, ഉറപ്പുള്ള സംവിധാനം കൂടി ഏകോപിപ്പിച്ചു കൊണ്ട് അടിയന്തരമായി നേരിടേണ്ടതെല്ലാം നേരിടണം. കേരളത്തിൽ ഇതിനുവേണ്ടി സർവ്വകക്ഷി യോഗം വിളിക്കുകയും ആ സർവ്വകഷി യോഗം കേന്ദ്രത്തിന്റെ മുമ്പിൽ, കേരളം ഒരു കാലത്തും ഉണ്ടായിട്ടില്ലാത്ത വരൾച്ചയും വരൾച്ച മൂലം നേരിടുന്ന പ്രശ്നങ്ങളും സമഗ്രമായി അംഗീകരിക്കാനും അത വതരിപ്പിക്കാനും നേടിയെടുക്കാനുമുള്ള സമ്മർദ്ദം കേരളത്തിന്റെ മൊത്ത

ആവശ്യമായി അവതരിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, വളരെ സംഭ്രമജനകവും ഭീതിദവുമായ ഒരു പാരിസ്ഥിതിക സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തും നമ്മുടെ രാജ്യത്തും ലോകത്തും നിലനിൽക്കുന്നത്. സ്വാഭാവികമായും ഈ ചർച്ച ഇവിടെ വരുമ്പോൾ നമുക്ക് വലിയൊരു പാഠമാണ് ലഭിക്കുന്നത്. ഏതെങ്കിലും ഒരു ഘടകത്തെ ആശ്രയിച്ചാണ് ഈ ഭീതിദമായ സാഹചര്യമുണ്ടായത് എന്നുപറയുക സാധ്യമല്ല. ഗ്ലോബൽ വാമിംഗിനെ കുറിച്ചാണെങ്കിലും അതുപോലെതന്നെ കാലാവസ്ഥാവ്യതിയാനത്തെ കുറിച്ചാണെങ്കിലും ഇതൊന്നും ഏതെങ്കിലുമൊരു ഘടകത്തെ ആശ്രയിച്ചുണ്ടായ സംഗതിയല്ല. മനുഷ്യന്റെ ആർത്തി ലോകത്തുണ്ടാക്കിയ ദുസ്സഹമായ ഒരു സാഹചര്യം ഇതിന്റെ പിന്നിലുണ്ടെന്ന് നമ്മൾ ഈ ചർച്ചയിൽ തിരിച്ചറിയുന്നുവെന്നതാണ് ഏറ്റവും വലിയ കാര്യം. നമ്മുടെ കേരളത്തിന്റെ അവസ്ഥ പറയുമ്പോൾ, വടക്കേ ഇൻഡ്യയിലെ സംസ്ഥാനങ്ങൾ പലതും നമ്മുടെ ബ്രെഡ് ബാസ്ക്കറ്റാണ്. അവിടെയൊക്കെ കഴിഞ്ഞ പ്രാവശ്യം മഴ കിട്ടിയത് 50 ശതമാനത്തിനുതാഴെയാണ്. അതുകൊണ്ട് ഇതിന് വളരെ വ്യത്യസ്തമായ ഒരു നിലപാട് ആവശ്യമാണ്. രാഷ്ട്രീയമായി നമുക്ക് ഈ വിഷയത്തെ കാണാൻ കഴിയില്ല. കേരള ഗവൺമെന്റ്, പ്രത്യേകിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഊന്നൽ നൽകിയ രണ്ടു മേഖലകളുണ്ട്. ഒന്ന്, നമ്മുടെ റോഡുകൾ വികസിപ്പിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തു, ധാരാളം ഫണ്ട് മാറ്റിവച്ചു. രണ്ടാമത്തേത്, ആരോഗ്യ പരിരക്ഷയുടെ രംഗത്ത് ഈ സർക്കാർ പ്രത്യേകമായി ഊന്നൽ നൽകി. തദനുസൃതമായ ഒരു മാറ്റം

സംഭവിക്കേണ്ട മേഖലയാണ്. നമ്മുടെ വെള്ളവും മണ്ണും സംരക്ഷിക്കുകവഴി ഈ വരൾച്ച അടക്കമുള്ള പ്രകൃതി ക്ഷോഭങ്ങളിൽനിന്ന് ഈ സംസ്ഥാനത്തെ രക്ഷപ്പെടുത്തുന്നതിനുള്ള വലിയൊരു ശ്രമം നടത്തണം. ശരിക്കുമൊരു കാർബൺ സിങ്കിന്റെ പ്രശ്നമുണ്ട്. ബയോ ഡൈവേഴ്സിറ്റിയും ജൈവ സ്വഭാവം നഷ്ടപ്പെടാത്ത മൺതിട്ടകളുമാണ് കാർബൺ സിങ്കായി പ്രവർത്തി ക്കേണ്ടത്. ആ കാർബൺ സിങ്കിലാണ് യഥാർത്ഥത്തിൽ ഈ കേരള സംസ്ഥാ നത്തുവന്ന ഏറ്റവും വലിയ അപകടമെന്ന് നമ്മൾ മനസ്സിലാക്കണം. രാഷ്ട്രീയ നേതൃത്വം, നിയമസഭാംഗങ്ങൾ, പ്രാദേശിക ഭരണകൂടങ്ങളുടെ നേതൃസ്ഥാനങ്ങളിലുള്ളവർ ശ്രദ്ധിക്കേണ്ട ഒരു കാര്യം നമ്മുടെ നീർത്തടങ്ങൾ സംരക്ഷിക്കണമെന്നുപറയുമ്പോൾ അത് പക്ഷപാതപരമായ, വൈകാരിക പരമായ നിലപാടാണെന്നുപറഞ്ഞ് നമ്മൾ ഒഴിഞ്ഞുമാറാറുണ്ട്. കൊച്ചു കൊച്ചു മലകൾ നമ്മൾ വെട്ടി നിരത്തുമ്പോൾ എന്താണ് സംഭവിക്കുന്നതെന്ന് നമ്മൾ മനസ്സിലാക്കുന്നില്ല. അതുകൊണ്ടുതന്നെ ഇതിനെ വ്യത്യസ്തമായ രണ്ട് കോണുകളിലൂടെ കാണേണ്ടതുണ്ട്. നമ്മളിപ്പോൾ, നേരത്തെ സൂചിപ്പിച്ചതു പോലെ, ഭീതിതമായ ഒരു സാഹചര്യം നേരിടുന്നു. അതുകൊണ്ട് അടിയന്തര മായ നടപടികൾ എന്ന നിലയ്ക്ക് ഒരു ഹ്രസ്വകാല പദ്ധതി ആവിഷ്കരി ക്കണം, ആ രംഗത്ത് ഈ സർക്കാരിനെ എംപവർ ചെയ്യാൻ ഈ സഭയ്ക്ക് അധികാരമുണ്ട്. സർക്കാരിനെ എംപവർ ചെയ്യാൻ ഈ സഭ ഏകകണ്ഠമായി മുന്നോട്ടുവരികയാണ് വേണ്ടത്. ഇത് ഒരു സർക്കാരിന്റെ സൃഷ്ടിയല്ലല്ലോ; ഇത് പ്രകൃതിയുടെ ഒരു പ്രതിഭാസമാണ്. 1950 മുതൽ ആരംഭിച്ചതാണ് ലോകത്തെ ഈ കാലാവസ്ഥാവ്യതിയാനത്തിന്റെ ദുഷ്ഫലമെന്ന് നമുക്കെല്ലാ പേർക്കുമറിയാം. പ്രത്യേകിച്ച് 1960-നുശേഷം ലോകത്തെവിടെയും ഇൻഡ്യ

യിലും കേരളത്തിലുമെല്ലാം ഈ പ്രതിഭാസം വളരെയധികം ദുസ്സഹമായ അവസ്ഥയുണ്ടാക്കിയിട്ടുള്ള സ്ഥിതിക്ക് ഇതൊരു സർക്കാരിന്റെ ഒരു കൊല്ലത്തെ അല്ലെങ്കിൽ രണ്ട് കൊല്ലത്തെ ഭരണ കെടുകാര്യസ്ഥതകൊണ്ട് സംഭവിച്ചുവെന്നൊക്കെ പറഞ്ഞാൽ ജനങ്ങൾ നമ്മളെ പുച്ഛിച്ചുതള്ളും. അതുകൊണ്ട് ലോക യാഥാർത്ഥ്യങ്ങളും ദേശീയ യാഥാർത്ഥ്യങ്ങളും മനസ്സിലാക്കി ഈ ഗവൺമെന്റ് വന്നതിനുശേഷം വികസന പ്രവർത്തനങ്ങളിൽ കാണിച്ച ദേശാഭിമാന പ്രചോദിതവും സംസ്ഥാനത്തിന്റെ വളർച്ചയിൽ കേന്ദ്രീകരിച്ചുമുള്ള നടപടികൾക്ക് സഹായകമാകുമാറ് നമ്മൾ സ്വീകരിക്കേണ്ട ഒരു വിശാല പദ്ധതി വേറെയുണ്ട്. ഈ രണ്ട് പദ്ധതികളെക്കുറിച്ചും നമ്മൾ ആലോചിക്കണം. തടയണകൾ വർദ്ധിപ്പിക്കാൻ മന്ത്രി വ്രതശുദ്ധിയോടുകൂടി പ്രഖ്യാപനങ്ങൾ നടത്തുന്നു. ഈ ബഡ്ജറ്റിൽ ആവശ്യമായ പ്രൊവിഷനുണ്ട്. എല്ലാ നദികളിലും ജലാശയങ്ങളിലും തടയണകൾ വർദ്ധിപ്പിച്ചുകൊണ്ട് മണ്ണിന്റെ ഈർപ്പം നിലനിർത്താൻ കഴിയുന്ന പരിതസ്ഥിതി സംസ്ഥാനത്ത് ഉണ്ടാക്കേണ്ടതുണ്ട്. അതുമാത്രമല്ല, ഇവിടെ പി.ഡബ്ല്യൂ.ഡി. കുറെയധികം പാലങ്ങൾ പണിയുന്നു. ആ പാലങ്ങളിലും തടയണകൾ സാദ്ധ്യമാണോയെന്ന് പരിശോധിക്കേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം. വേണമെങ്കിൽ പഠിച്ചു ചെയ്യാവുന്നൊരു കാര്യമാണിത്. കാരണം നമ്മുടെ സംസ്ഥാനം ഒരിക്കലും ഈ കെടുതിയിൽ വരാൻ പാടില്ലാത്ത ഒരു സംസ്ഥാനമായിരുന്നു. ജലസുഭിക്ഷതകൊണ്ട് പലപ്പോഴും അയൽസംസ്ഥാനങ്ങൾക്ക് വെള്ളം നൽകാൻ താൽപ്പര്യമെടുത്ത ഒരു സംസ്ഥാനമാണിത്. നിർഭാഗ്യവശാൽ, ഇന്ന് പാലക്കാട് ജില്ലയിലെ പാവപ്പെട്ട ഗ്രാമീണർ മാത്രമല്ല, പാലക്കാട്, വയനാട് എന്നീ ജില്ലകൾ ഉൾപ്പെടെ കേരളക്കരയിലെ നിരവധി ഗ്രാമങ്ങളിലെ പാവപ്പെട്ട ആളുകൾ പ്രത്യേകിച്ച് അടിസ്ഥാന വർഗ്ഗമായ സാധാരണക്കാരായ

കർഷകത്തൊഴിലാളികൾ ഒരു തുള്ളി വെള്ളത്തിനുവേണ്ടി വിഷമിക്കുമ്പോൾ ആ വിഷമം മനസ്സിലാക്കാൻ കഴിയുന്നവിധം ഈ ദുരന്തം പൂർണ്ണമായും നമുക്ക് ഒഴിവാക്കാൻ കഴിയുമാറ് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതി കൾക്ക് നമ്മളിവിടെ രൂപം നൽകേണ്ടതുണ്ട്. അതുകൊണ്ട് നമ്മുടെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ജോലികൾ ഇതിൽ ഉൾപ്പെടുത്താൻ ആലോചിക്കേ ണ്ടതാണ്. നമ്മുടെ മൺകുഴികളെല്ലാം നികന്നുപോയി. നമ്മുടെയെല്ലാം ചെറുപ്പത്തിൽ തെങ്ങിന്റെ ചുവട്ടിൽ തടമുണ്ടായിരുന്നു. നമ്മുടെ വെള്ളം വലിയൊരു മോട്ടോർ വച്ച് പമ്പിലൂടെ ആ വെള്ളം കുട്ടിക്കാലത്ത് തെങ്ങിന് നനച്ച ഒരോർമ്മ എനിക്കിപ്പോൾ വരികയാണ്. ഇന്ന് അങ്ങനെയുള്ള തടങ്ങളി ല്ല. എല്ലാം നമ്മൾ കോൺക്രീറ്റിട്ട് നശിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് ആദ്യചുവടെന്ന നിലയിൽ നമ്മുടെ എല്ലാ തെങ്ങുകൾക്കും തടങ്ങളു ണ്ടാവണം. ഈ തൊഴിലുറപ്പ് പദ്ധതിയിൽ ജോലിയെടുക്കുന്ന ആളുകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് മൺകുഴികൾ ധാരാളമായി ഉണ്ടാക്കണം. വലിയ കുഴികളല്ല ഞാൻ ഉദ്ദേശിക്കുന്നത്. പരമാവധി സ്ഥലമുള്ള ഇടങ്ങളിലെല്ലാം മൺകുഴികളുണ്ടാക്കി ഈ വരാൻപോകുന്ന മഴക്കാലത്തെങ്കിലും നമ്മുടെ മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാനാവശ്യമായ നടപടികളുമായി മുന്നോട്ടു പോകേണ്ടതുണ്ട്. സത്യത്തിൽ മഴക്കുറവുവരുന്നു. മൺസൂൺ കുറവിന്റെ ഫലമായി ഇവിടെ ഫുഡ് ക്രൈസിസ്, വാട്ടർ ക്രൈസിസ്, എനർജി ക്രൈസിസ് എന്നിവ വരാൻ പോകുകയാണ്. ഭീതിതമായ ഒരു സാഹചര്യമാ ണുണ്ടാകാൻ പോകുന്നത്. അതുകൊണ്ട് നമ്മുടെ മൺസൂൺ വഴിമാറി പ്പോകുന്ന ഈ ദുരന്തമൊഴിവാക്കിയെടുക്കുന്നതിന് ദീർഘകാലാടിസ്ഥാന ത്തിൽ നിരവധി കാര്യങ്ങൾ ആലോചിക്കണം. ഈ രീതിയിലാണ് കാര്യങ്ങൾ പോകുന്നതെങ്കിൽ അഞ്ചുവർഷത്തിലൊരിക്കൽ എങ്കിലും മഴക്കുറവ്

നിർബന്ധമായും ഉണ്ടാകുമെന്നാണ് ഞാൻ കഴിഞ്ഞ ദിവസം വായിച്ചപ്പോൾ മനസ്സിലായത്. അതുവഴി, നമ്മുടെ പാരിസ്ഥിതിക ഘടനയിലെല്ലാം സമൂല മായ മാറ്റംവരുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് ഞാനും നിങ്ങളുമൊരുമിച്ച് ഈ സഭയുടെ പൊതുതാൽപ്പര്യമെന്നുള്ള നിലയ്ക്ക് ജൈവ കൃഷിയെക്കുറിച്ച് ഈ ഘട്ടത്തിൽ ആലോചിക്കണം. കാരണം, ജൈവകൃഷി ചെയ്യുമ്പോൾ ഫെർട്ടിലൈസർ ഉപയോഗിച്ചുനടത്തുന്ന കൃഷി യെക്കാൾ പത്തുമടങ്ങ് വെള്ളം കുറവുമതിയെന്നാണ് പഠനങ്ങൾ സൂചിപ്പി ക്കുന്നത്. രാസവസ്തുക്കൾ ക്രമാതീതമായി ഉപയോഗിക്കുന്നതുവഴി പത്തിരട്ടി വെള്ളം ഉപയോഗിക്കേണ്ടിവരുന്ന ഗതികേടുണ്ടാകുന്നു. അതുകൊണ്ട് പടിപടിയായി ജൈവകൃഷിയിലേക്ക് നമ്മുടെ നാടിനെ തിരിച്ചു കൊണ്ടുവരാൻ നമുക്കെല്ലാപേർക്കും യോജിച്ചുനിന്ന് നടപടികൾ സ്വീകരി ക്കേണ്ടതുണ്ട്. ഇപ്പോൾ ഇവിടെ ജൂൺ മാസത്തിൽ സ്കൂളുകൾ തുറക്കുക യാണ്. പല സ്കൂളുകളും, പ്രത്യേകിച്ച് സ്വകാര്യ സ്കൂളുകൾ മെയ് മാസത്തിൽ പഠനമാരംഭിക്കുന്നുവെന്ന ഒരു സ്ഥിതി നമ്മുടെ സംസ്ഥാന ത്തുണ്ട്. യഥാർത്ഥത്തിൽ സൂര്യാഘാതമേറ്റ് പലയിടങ്ങളിലും മുതിർന്ന ആളുകൾക്കുവരെ പൊള്ളലേൽക്കുന്ന സമയത്ത് നമ്മുടെ പിഞ്ചുമക്കളുടെ കാര്യത്തിൽ വലിയ ഉത്കണ്ഠയുടെയും ഭീതിയുടെയും ഒരു ഘട്ടം വന്ന കണക്കല്ല ഞാൻ പറയുന്നത്, മറിച്ച് ഈ മെയ് മാസത്തിൽ സ്കൂളുകൾ ആരംഭിക്കുന്നത് നമ്മുടെ കൊച്ചുകുഞ്ഞുങ്ങളുടെ ശരീരത്തിൽ സൂര്യാഘാത മേൽക്കാൻ ഇടവരാത്ത വിധം നമ്മളൊന്ന് ആലോചിക്കേണ്ടതുണ്ട്. ഇപ്പോൾ അടിയന്തരമായി ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു. 2.5 കോടിയോളം രൂപ അടിയന്തരമായി ജില്ലകൾക്ക് അനുവദിക്കാൻ ഗവൺമെന്റ് മുന്നോട്ടുവന്നത്

സ്വാഗതാർഹമാണ്. ഈ തുക മതിയാകില്ല എന്ന് നമുക്കറിയാം. ആവശ്യ ത്തിനുള്ള തുക ഇക്കാര്യത്തിനുവേണ്ടി ഗവൺമെന്റ് മാറ്റിവയ്ക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പക്ഷെ അവിടെയൊരു തടസ്സമുള്ളത് കളക്ടർക്ക് 5 ലക്ഷം രൂപ വരെ മാത്രമെ ചെലവാക്കാൻ കഴിയുകയുള്ളൂ എന്നതാണ്. അതുവലിയ അപകടമാണ്. കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലുമാക്കണം. അല്ലെങ്കിൽ ആവശ്യങ്ങൾക്കനുസൃതമായ നടപടികൾ സ്വീകരിക്കാൻ കഴിയില്ല. പഞ്ചായത്തുകൾക്ക് അഞ്ചുലക്ഷം രൂപ വരെയാണ് അനുവദിക്കു ന്നത്. അവിടെയും വലിയ തടസ്സമുണ്ട്. അവിടെ ഒരു ഐഡന്റിഫിക്കേ ഷന്റെ ആവശ്യമുണ്ട്. അൽപ്പംപോലും കുടിവെള്ളം ലഭിക്കാത്ത സ്ഥലങ്ങളും ജലം ലഭിക്കുന്ന സ്ഥലങ്ങളുമുണ്ട്. രണ്ടും ഒരുപോലെ കാണുന്നത് ശരിയല്ല. അതുകൊണ്ട് ഇത് ഐഡന്റിഫൈ ചെയ്ത് പഞ്ചായത്തുകൾക്കാവശ്യമായ സഹായമെത്തിച്ചുകൊടുക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. അതിൽ ഒരു കാലവിളംബവും ഉണ്ടാകാൻ പാടില്ല. അതു പോലെ ടാങ്കർ ലോറിയുടെ കാര്യത്തിൽ എനിക്കൊരു ഉത്കണ്ഠയുണ്ട്. ആരെയും കുറ്റപ്പെടുത്തുന്നതോ ആരുടെയും ആത്മാർത്ഥത ചോദ്യം ചെയ്യുന്നതോ അല്ല. ടാങ്കർ ലോറിയിൽകൂടി നല്ലവെള്ളം എത്തിക്കാറില്ല. ആ വെള്ളത്തിന്റെ അളവിൽ ഒരുപാട് കളവുണ്ട്. മാലിന്യം കലർന്ന ജലവുമുണ്ട്. അതുകൊണ്ട് ആ അപകടസന്ധിയിൽ ചൂഷണമൊഴിവാക്കുന്നതിനുവേണ്ടി വളരെ ശക്തമായ നടപടികൾ നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകണം. മലിനമായ വെള്ളമെത്തിക്കാൻ ഇടവരരുത്. കള്ളക്കണക്കെഴുതി ഇടനിലക്കാർ ഇത് കൊണ്ടുപോകാൻ ഇടവരരുത്. അതിനാവശ്യമായ ഒരു നടപടികൂടിയുണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, തീർന്നു. ഇനി ഒറ്റകാര്യമേയുള്ളൂ. എനിക്കൊരു അഭ്യർത്ഥനയുള്ളത്, താലൂക്ക് തലത്തിലും ജില്ലാ തലത്തിലും ഒരു നദി കേന്ദ്രീകരിച്ച്, നദിയുടെ വലിപ്പവും ലൊക്കേഷനുമനുസരിച്ച് ആ നദിയിലെ വെള്ളം ആ താലൂക്കിൽ നൽകുന്ന രീതിയിൽ ഒരു പദ്ധതിക്ക് രൂപം കൊടുക്കാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ച് അതിനെക്കുറിച്ച് ആലോചിക്കാൻകൂടി ഗവൺമെന്റ് മുന്നോട്ടുവരേണ്ടതാണ്. നദികളിൽ തടയണകൾ പണിതും പി.ഡബ്ല്യു.ഡി. പാലങ്ങളുടെ കൂടെ തടയണകൾ പണിയാനുള്ള ശ്രമങ്ങൾ നടത്തിയും നമുക്കൊരുമിച്ച് ഈയൊരു ദുരന്തത്തെ നേരിടാൻ കഴിയണമെന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ അതിന്റെ യഥാർത്ഥ രൂപത്തിൽ മുന്നോട്ടുകൊണ്ടുപോകാനും കൂടുതൽ പണം നൽകി ഈ ആവശ്യങ്ങൾ പരിഹരിക്കാനും മുന്നോട്ടുവരണം എന്ന് അഭ്യർത്ഥിച്ചുകൊണ്ടും അതേസമയം ഇതിന്റെ മൗലീകമായ വശങ്ങൾ മനസ്സിലാക്കി നമ്മുടെ ജനങ്ങളെയും നമ്മുടെ നാടിനെയും രക്ഷപ്പെടുത്താനുള്ള ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുന്നതിനുകൂടി ഈ സർക്കാർ മുന്നോട്ടുവരുമെന്ന പ്രത്യാശയോടുകൂടി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മാത്യൂ ടി. തോമസ്: സർ, അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. വരൾച്ചയുടെ കാര്യകാരണങ്ങൾ ബഹുമാനപ്പെട്ട റ്റി.എ.അഹമ്മദ് കബീർ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആദ്യഭാഗത്ത് സൂചിപ്പിച്ചു. ഞാൻ അതിലേക്കല്ല കടക്കുന്നത്. ഇപ്പോൾ നാട്ടിലുള്ള രൂക്ഷമായ യാഥാർത്ഥ്യത്തെ എങ്ങനെ നമ്മൾ അഭിമുഖീകരിക്കുന്നുവെന്നു

ള്ളതാണ് പ്രശ്നം. ഈ രൂക്ഷമായ വരൾച്ചയെ അഭിമുഖീകരിക്കുന്നതിൽ ഗവൺമെന്റ് കൂട്ടായ ഒരു നേതൃത്വം കാഴ്ചവച്ചിട്ടുണ്ടോ എന്ന പ്രശ്നം, രാഷ്ട്രീയ അടിസ്ഥാനത്തിൽ പറയുന്നുവെന്ന് ആക്ഷേപിക്കരുത്. ഇവിടത്തെ പ്രശ്നം, ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ സ്വീകരിക്കു ന്നതിൽ എന്തെങ്കിലും അമാന്തമുണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിച്ച് ജനങ്ങൾക്ക് ആശ്വാസമെത്തിക്കാൻ സർക്കാർ ഉണർന്ന് പ്രവർത്തിക്കണമെന്ന ആവശ്യം ഉന്നയിക്കലാണ്. അന്തർസംസ്ഥാന കരാർ പ്രകാരമുള്ള വെള്ളം നമുക്ക് കിട്ടാൻ നടപടി ഉണ്ടാകണ്ടേ? ഇപ്പോൾ മറ്റ് തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവെന്ന് പറയുമ്പോൾ വെള്ളമെത്താത്ത സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളം കൊടുക്കാനുള്ള തീരുമാനം, അതിന് പഞ്ചായത്തു കൾക്ക് ഭരണാനുമതി കൊടുക്കാം, പെർമിസ്സീവ് സാംഗ്ഷൻ കൊടുക്കാമെന്ന് തീരുമാനമുണ്ട്. പക്ഷെ പല പഞ്ചായത്തുകളിലും ഇന്ന് ആവശ്യത്തിന് ഫണ്ടില്ല. കുടിവെള്ളം ലഭ്യമാകാത്ത പ്രദേശങ്ങളിൽ ശുദ്ധജല വിതരണ പദ്ധതിയിലൂടെ വെള്ളമെത്തിക്കാൻ ഗവൺമെന്റിന്റെ അടിയന്തരമായ സഹായം ഉണ്ടാകണം. കുടിവെള്ള വിതരണത്തിന്റെ പ്രധാനപ്പെട്ട വിഷയം ഉറവിടങ്ങളിൽ വെള്ളം കുറഞ്ഞിരിക്കുന്നു. ഉറവിടങ്ങളിൽ വെള്ളം ഉള്ള സ്ഥലങ്ങളിൽ തന്നെ പമ്പിംഗിനാവശ്യമായ വൈദ്യുതി ഇല്ലാതെ വന്നിരിക്കുന്നു. ഇന്ന് ലോഡ് ഷെഡിംഗ് ഒരുപക്ഷേ അനിവാര്യമായിരിക്കാം. അതിലേക്കൊന്നും ഞാൻ പോകുന്നില്ല. നേരത്തെ ഉണ്ടായിരുന്ന മാനേജ്മെന്റിന്റെ തകരാറുകൊണ്ടോ എന്തോ ഇപ്പോൾ ലോഡ് ഷെഡിംഗ് ഉണ്ട്. കുടിവെള്ളത്തിനുവേണ്ടി പമ്പിംഗ് നടക്കുന്ന പ്രദേശങ്ങളിൽ 24 മണിക്കൂറും പമ്പിംഗ് നടത്താൻ തക്കവണ്ണം ആ പ്രദേശങ്ങളെ ലോഡ് ഷെഡിംഗിൽനിന്ന് ഒഴിവാക്കി മുഴുവൻ സമയവും അവിടെ വൈദ്യുതി

കൊടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനിയെങ്കിലും ശ്രമിക്കാൻ തയ്യാറാകണം എന്നുള്ളതാണ് എനിക്ക് പറയാനുള്ള നിർദ്ദേശം. കേന്ദ്ര സംഘം വന്നിട്ടു പോയി. കേന്ദ്ര സംഘം പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പോയില്ല എന്നുള്ള ആക്ഷേപം നിലനിൽക്കുകയാണ്. യാത്രയ്ക്ക് സൗകര്യമുള്ള പ്രദേശങ്ങളിലാണ് പ്രധാനമായും പോയത്. കേന്ദ്ര സംഘത്തിനുമുമ്പിൽ ഗവൺമെന്റ് വച്ച കണക്കുകൾ പ്രകാരം 7,888 കോടി രൂപ കാർഷിക മേഖലയിൽ നഷ്ടമുണ്ടായിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.... അങ്ങയുടെ സമയം കഴിഞ്ഞു...പ്ലീസ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ഒരു മിനിറ്റുകൂടി. കാർഷിക മേഖലയിൽ ഗവൺമെന്റ് വിലയിരുത്തിയതിനുശേഷവും വരൾച്ച തുടരുകയാണ്. രണ്ടാഴ്ച മുമ്പ് ഉണ്ടാക്കിയ കണക്കനുസരിച്ചല്ല ഇപ്പോൾ പ്രശ്നങ്ങൾ നിൽക്കുന്നത്. അതിനുശേഷമുള്ള നഷ്ടംകൂടി കണക്കാക്കിക്കൊണ്ട് എന്താണ് ഇന്നാട്ടിലെ കാർഷികമേഖലയിലുണ്ടായ നഷ്ടമെന്ന് തിട്ടപ്പെടുത്തി അത് കേന്ദ്രത്തിൽനിന്ന് വാങ്ങിയെടുക്കാൻ കഴിയണം. കേന്ദ്ര സംഘം നൽകിയ മറുപടി അംഗീകരിക്കപ്പെട്ട മാനദണ്ഡമനുസരിച്ചുള്ള നഷ്ടപരിഹാരം നൽകാമെന്നാണ്. ആ മാനദണ്ഡങ്ങൾക്ക് ധാരാളം പോരായ്മകളുണ്ട്. അതൊക്കെ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവിടെ ഒരു മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറേ ദിവസങ്ങൾക്കുമുമ്പ് നിയമസഭയ്ക്ക് ഉറപ്പുനൽകിയതാണ്. എല്ലാ ദിവസവും ഈ മോണിറ്ററിംഗ് സെൽ കൂടിക്കൊണ്ട് എവിടെയൊക്കെ പ്രശ്നങ്ങളുണ്ട്, അതിന്റെ രൂക്ഷതയെന്ത് എന്ന് മനസ്സിലാക്കാൻ ശ്രമിക്കുന്ന ഒരു സംവിധാനം

ഇതുവരെ ആയിട്ടില്ല. കുടിവെള്ളം എത്താത്ത സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. നദികളിലും കുളങ്ങളിലും കിണറുകളിലും വെള്ളമില്ല എന്നുമാത്രമല്ല പൊതുടാപ്പുകളിലും വെള്ളം കിട്ടാത്തൊരവസ്ഥയിൽ ജനങ്ങൾ അങ്ങേയറ്റം ബുദ്ധിമുട്ടുകയാണ്. മാരക രോഗങ്ങൾ ഉണ്ടാകാൻ പോകുന്നുവെന്ന ഒരാശങ്ക ആരോഗ്യ വകുപ്പുതന്നെ തയ്യാറാക്കിയിരിക്കുകയാണ്. ഇവിടത്തെ പ്രശ്നം ഈ വകുപ്പുകൾ തമ്മിലുള്ള സംയോജിതമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. അടിയന്തരപ്രമേയം കൊണ്ടുവരാൻ പ്രതിപക്ഷം എന്തുകൊണ്ട് താമസിച്ചു എന്നല്ല ഗവൺമെന്റ് പറയേണ്ടത്. നടപടികൾ സ്വീകരിച്ചുകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തരമായി ഇടപെടാൻ സർക്കാർ തയ്യാറാകണം. എല്ലാ വകുപ്പുകളേയും തമ്മിൽ സംയോജിപ്പിച്ചുകൊണ്ട് അതിന് നേതൃത്വപരമായ പങ്ക് വഹിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ദിവസങ്ങളിൽ തയ്യാറാകണം എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി.എഫ്. തോമസ്: സർ, ജനങ്ങൾ വളരെയേറെ വിഷമിക്കുന്ന ഈയൊരു സാഹചര്യത്തിൽ ഇങ്ങനെയൊരു ചർച്ച നടത്താൻ വേദിയൊരുക്കിയത് ഏറ്റവും നല്ലൊരു കാര്യമായി തോന്നുന്നു. നിയമസഭയ്ക്ക് ചെയ്യാവുന്ന ഏറ്റവും വലിയൊരു സേവനമാണിത്. ആളുകൾ വെള്ളം കിട്ടാതെ നെട്ടോട്ടമോടുകയാണ്. അതുകൊണ്ട് എന്തൊക്കെയാണ് ഇതിനകത്തെ പ്രായോഗിക ബുദ്ധിമുട്ടുകൾ എന്നുള്ള കാര്യങ്ങളും .... ദീർഘകാല പദ്ധതികളൊക്കെ പ്രധാനപ്പെട്ടതാണ്. പക്ഷെ ഇപ്പോഴത്തെ സാഹചര്യത്തിൽ എന്തൊക്കെ പെട്ടെന്ന് ചെയ്യാം എന്നുള്ളതാണ് ഏറെ പ്രസക്തമായിട്ടുള്ളത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനൊക്കെ ഇവിടെ മറുപടി പറയും. ഗവൺമെന്റ് എടുത്ത തീരുമാനങ്ങൾ വേഗത്തിൽ ഇംപ്ലിമെന്റ് ചെയ്യുവാനാണ് മന്ത്രിമാരെ ചുമതലയേല്പിച്ച് ജില്ലയിലേക്ക് പോയത്. മന്ത്രിമാർ നേതൃത്വം കൊടുത്തുകൊണ്ട് ജില്ലയിൽ നടത്തിയ ചർച്ചകൾ വളരെ പ്രധാനപ്പെട്ടതായി രുന്നു. അവിടത്തെ ജനപ്രതിനിധികളും പഞ്ചായത്ത് പ്രസിഡന്റുമാരുമൊക്കെ കുറേയേറെ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ഇപ്പോൾ ചെയ്ത കാര്യങ്ങളൊക്കെ പ്രധാനപ്പെട്ടതാണ്. പക്ഷെ ഇനിയും കൂറേ കാര്യങ്ങൾകൂടി ചെയ്യണം. അത് എന്തൊക്കെ ചെയ്യാൻ സാധിക്കും എന്ന് ഗവൺമെന്റ് പരിശോധിക്കണം. കുടിവെള്ള വിതരണ പദ്ധതികൾ ഉള്ള സ്ഥലങ്ങളുണ്ട്. വാട്ടർ അതോറിറ്റി യുടെ പൈപ്പ് ലൈൻ മിക്ക സ്ഥലങ്ങളിലുമുണ്ട്. അവിടെ കുടിവെള്ള വിതരണം തടസ്സപ്പെടുവാൻ ഉണ്ടാകുന്ന കാര്യങ്ങളെന്താണ്? ശ്രീ. മാത്യൂ ടി. തോമസ് ഇപ്പോൾ ഇവിടെ പറഞ്ഞ ഒരു കാര്യം വളരെ ശരിയാണ്. വെള്ളം പമ്പുചെയ്യുന്ന സ്ഥലത്ത് ഉണ്ടാകുന്ന വൈദ്യുതി പ്രശ്നങ്ങൾകാരണം ജല വിതരണം മുടങ്ങുന്നു. അപ്പോൾ അത് എങ്ങനെ പരിഹരിക്കാൻ കഴിയും; വാട്ടർ അതോറിറ്റിയിലേയും ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിലേയും ഉദ്യോഗ സ്ഥർ തമ്മിൽ ഒരു കോ–ഓർഡിനേഷൻ ഉണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി അത് നടപ്പിലാക്കാനുള്ള സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് അങ്ങനെയുള്ള പ്രദേശങ്ങളിൽ എങ്ങനെയെങ്കിലും ലോഡ് ഷെഡിംഗ് നിയന്ത്രിക്കുവാൻ സാധിക്കുമോ; ഒന്ന്, വെള്ളം പമ്പുചെയ്യുന്നതിന് പ്രാധാന്യം കൊടുത്തു കൊണ്ട് ഈ സമയത്ത് അത് എങ്ങനെ ക്രമീകരിക്കാൻ സാധിക്കും, രണ്ട്, വാട്ടർ അതോറിറ്റിയുടെ വെള്ളംകൊണ്ട് തികയാത്ത സ്ഥലങ്ങളിലാണ് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഇപ്പോൾ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കാനുള്ള അനുവാദം കൊടുത്തിരിക്കുന്നത്. ഇവിടെ

പറഞ്ഞതുപോലെ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഫണ്ടില്ലായെങ്കിൽ ഗവൺമെന്റ് പണം കൊടുക്കാൻ തയ്യാറാണ് എന്ന് മന്ത്രിമാർ ജില്ലകളിൽ അറിയിച്ചിട്ടുണ്ട്. പക്ഷെ ഒരു പ്രയാസം കാണുന്നത് ഈ നിർദ്ദേശം കൊടുത്തതല്ലാതെ താഴെത്തലങ്ങളിൽ അത് ഇംപ്ലിമെന്റ് ചെയ്യുന്നില്ല എന്നതാണ്. അപ്പോൾ എവിടെയാണ് അതിന്റെ തകരാർ; ജില്ലകളിൽ വന്നുനടത്തിയ കോൺഫറൻസുകളുടെ റിസൾറ്റ് എന്തായിരുന്നു; അത് ഇതുവരെ എന്തുനടന്നു എന്നുള്ളതിനെക്കുറിച്ച് സംസ്ഥാന തലത്തിൽ എല്ലാ ദിവസവും ബന്ധപ്പെട്ട ജില്ലാ കളക്ടർമാരോട് റിപ്പോർട്ട് ചോദിച്ചുകൊണ്ട് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നുണ്ടോ എന്നുള്ളത് ഉറപ്പാക്കണം. തിരുവനന്തപുരത്ത് അതിന്റെ ക്രമീകരണം ആവശ്യമാണ്. അതിനുള്ള സംവിധാനം ഒരുക്കേണ്ടതായിട്ടുണ്ട്. ഇവിടെ ഗ്രൗണ്ട്വാട്ടർ കുറവുള്ള പ്രദേശമുണ്ടെന്ന് പറഞ്ഞു. പക്ഷെ ഗ്രൗണ്ട്വാട്ടർ എടുക്കാവുന്ന സ്ഥലങ്ങളുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഗ്രൗണ്ട്വാട്ടർ ഡിപ്പാർട്ടുമെന്റ് കുഴൽക്കിണർ കുഴിക്കാൻ പോയിട്ട്...... വരൾച്ചകൊണ്ട് ജനങ്ങൾ അങ്ങേയറ്റം വിഷമിച്ചു കഴിഞ്ഞാലും, കെടുതികൾ മുഴുവൻ അനുഭവിച്ചുകഴിഞ്ഞാലും കുഴൽക്കിണർ കുഴിക്കാനുള്ള സംവിധാനമില്ലാത്തതുമൂലം ഇത് പരിഹരിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് പി.ഡബ്ല്യൂ.ഡി. വർക്കൊക്കെ കോൺട്രാക്ട് കൊടുക്കുന്നതുപോലെ ടെണ്ടർ വിളിച്ച് ചെറിയ കാലാവധി വച്ചുകൊണ്ട് കുഴൽക്കിണറുകൾ കുഴിക്കാൻ പ്രൈവറ്റ് ഏജൻസിയെക്കൂടി ഏർപ്പെടുത്തുന്നത് നല്ലതാണെന്ന് തോന്നുന്നു. ആ നിർദ്ദേശം വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റ് നടപ്പിലാക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊരു കാര്യം, വാട്ടർ അതോറിറ്റിയുടെ പൈപ്പ്

ലൈനുകൾ പൊട്ടിയാൽ ബന്ധപ്പെട്ട ഓഫീസുകളിൽ വിളിച്ചാൽ അവിടെ യുള്ള ഉദ്യോഗസ്ഥർ പെട്ടെന്ന് അലെർട്ടാകണം. അതിനുള്ള നിർദ്ദേശം കൊടുക്കണം. ജോലിക്കാരുടെ കുറവുണ്ടെങ്കിൽ താല്ക്കാലികമായിട്ടാ ണെങ്കിലും ആളുകളെ നിയോഗിച്ചുകൊണ്ട് പെട്ടെന്ന് പൈപ്പ്ലൈനുകൾ നന്നാക്കാനുള്ള നടപടികൾ സ്വീകരിക്കണം. വെള്ളത്തിന്റെ ദുരുപയോഗം തടയാനായി ശക്തമായ നടപടികൾ സ്വീകരിക്കാനും ശ്രമിക്കണം. ബഹുമാന പ്പെട്ട മെമ്പർമാർ പറഞ്ഞതുപോലെ ഇവിടെയൊക്കെ ഉദ്യോഗസ്ഥർ തമ്മിലും ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റും വാട്ടർ അതോറിറ്റിക്കാരും പോലീസും തമ്മിലും ഒരു കോ-ഓർഡിനേഷൻ ഇല്ല. ഇതുമായി ബന്ധപ്പെട്ട ആളു കളുടെ കോ-ഓർഡിനേഷൻ ജില്ലാതലത്തിലും നിയോജകമണ്ഡല തല ത്തിലും ഉണ്ടാകാനുള്ള സംവിധാനംകൂടി ഉണ്ടാകേണ്ടതുണ്ട്. കുളങ്ങൾ വൃത്തിയാക്കുക, പൊതുകിണറുകൾ വൃത്തിയാക്കുക എന്നിവയുടെയൊക്കെ നിർദ്ദേശങ്ങൾ പോയിട്ടുണ്ട്. പക്ഷെ നടപ്പിലാക്കാൻ എത്രത്തോളം സാധിച്ചു; അത് പരിശോധിക്കുന്നുണ്ടോ; കളക്ടർമാർ നോക്കുന്നുണ്ടോ? ഇത്ര ഗൗരവമുള്ള ഒരു സാഹചര്യത്തെ നേരിടാൻ തിരുവനന്തപുരത്ത് ഒരു കേന്ദ്രീകൃത സംവിധാനം വേണം. അതുകൊണ്ട് ജില്ലാ കളക്ടർമാരോട് ഡെയ്‌ലി റിപ്പോർട്ട് നൽകുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യമായ നിർദ്ദേശം കൊടുക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഇതിനോടകം ജില്ലകളിൽ മന്ത്രിമാർ നടപ്പിലാക്കാൻ എടുത്ത തീരുമാനങ്ങൾ ഇംപ്ലിമെന്റ് ചെയ്യുക എന്നു ള്ളതാണ് പ്രധാനം. ഗവൺമെന്റ് നയപരമായ തീരുമാനമെടുത്തു, നിർദ്ദേശം കൊടുത്തു. പക്ഷെ നടപ്പിലാക്കാൻ വരുന്ന കാലതാമസം ഒരിക്കലും നീതികരിക്കാൻ സാധ്യമല്ല. അതുകൊണ്ട് അതിൽ അടിയന്തരമായി ഇടപെട്ടു

കൊണ്ട് കൃത്യമായി ഈ കാര്യങ്ങൾചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കണ മെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ: സർ, നമ്മുടെ സംസ്ഥാനം നേരിട്ടുകൊണ്ടിരി ക്കുന്ന ശുദ്ധജലക്ഷാമവും വരൾച്ചയും അതീവ ഗൗരവമുള്ള വിഷയമാണ്. ഇത് ഇന്ന് രാവിലെ ഉണ്ടായിട്ടുള്ള ഒരു പ്രതിഭാസമല്ല. നമ്മുടെ കേരളത്തിൽ വരൾച്ചയുടെ സാധ്യത കൂടുതലാണെന്നും ശുദ്ധജല ക്ഷാമം അതീവ സങ്കീർണ്ണമാകാൻ സാധ്യതയുണ്ടെന്നും ഏതാണ്ടൊരു നാലഞ്ചുമാസങ്ങൾക്കു മുമ്പുതന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ള വിഷയമാണ്. നമ്മുടെ ദുരന്തനിവാരണ അതോറിറ്റി വരൾച്ചയെ സംബന്ധിച്ച് നേരത്തെത്തന്നെ മുന്നറിയിപ്പ് നൽകിയിരുന്നു. നമ്മുടെ ശാസ്ത്രരംഗത്തെ വളർച്ച, കാലാവസ്ഥാ നിരീക്ഷണരംഗത്ത്, വരൾച്ചയുടെ രംഗത്ത് വളരെ നല്ല നിലയിൽ സന്ദേശങ്ങൾ അറിയിക്കുന്നതിന് ഫലപ്രദമായ സംവിധാനമുള്ള ഒരു രംഗം തന്നെയാണ്. അവരുടെ അറിവുകളും അവരുടെ പ്രഖ്യാപന ങ്ങളും ഏതാണ്ട് ജനങ്ങൾക്ക് അനുഭവത്തിലൂടെ ശരിയാണെന്ന് ബോധ്യ പ്പെട്ടിട്ടുള്ളതാണ്. ഇവിടെ ദുരന്ത നിവാരണ അതോറിറ്റി വരൾച്ചയെ സംബന്ധിച്ച് ഗവൺമെന്റിന് മുന്നറിയിപ്പ് നൽകിയിട്ടും, ഈ നിയമസഭയിൽ ഇന്നാദ്യമായിട്ടല്ല പ്രതിപക്ഷം ഇത്തരത്തിലുള്ള ഒരു അടിയന്തരപ്രമേയം കൊണ്ടുവരുന്നത്. വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി 18-12-2012-ന് നിയമസഭയിൽ ശ്രീ. മുല്ലക്കര രത്നാകരൻ ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിച്ചു കൊണ്ട് ഒരു അടിയന്തരപ്രമേയം കൊണ്ടുവന്നു. അതുപോലെ ശ്രീ. വി. ചെന്താമരാക്ഷൻ 12-02-2013-ന് ഇതുസംബന്ധിച്ചുള്ള അടിയന്തരപ്രമേയം ഈ സഭയുടെ മുമ്പാകെ കൊണ്ടുവന്നു. ഈ വിഷയങ്ങൾ ഗവൺമെന്റിന്റെ

ശ്രദ്ധയിൽപെട്ടിട്ടുപോലും ഫലപ്രദമായ നിലയിൽ നമ്മുടെ സാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ, വരൾച്ച യുടെയും അതുപോലെയുള്ള പ്രശ്നങ്ങളുടെയും തീക്ഷ്ണതയിൽനിന്ന് ജനങ്ങളെ രക്ഷിക്കാനുള്ള ഒരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. ഈ സമ്മേളനം ഇന്ന് അവസാനിക്കുന്നു. എന്നിട്ടും ഈ പ്രശ്നം ഗവൺമെന്റ് ശ്രദ്ധിക്കാതിരിക്കുന്നു. ഗവൺമെന്റ് ഈ പ്രശ്നത്തിൽ സാധാരണ മറ്റുവിഷയങ്ങളെന്നതുപോലെ നിഷ്ക്രിയമായി നോക്കി നിൽക്കുന്നു. അതുകൊണ്ടാണ് ഈ പ്രമേയം, ഗൗരവമുള്ള ഒരു പ്രമേയം എന്ന നിലയിൽ സഭയുടെ മുമ്പാകെ കൊണ്ടുവന്നത്. വരൾച്ചയെ സംബന്ധിച്ച് ഗവൺമെന്റ് തന്നെ കണക്കാക്കിയിട്ടുള്ള നഷ്ടം ഏതാണ്ട് 7,888 കോടി രൂപയാണ്. ഇത് ഗവൺമെന്റ് തന്നെ നൽകിയിട്ടുള്ള കുറിപ്പിൽ വ്യക്തമാക്കുന്നുണ്ട്. ഇവിടെത്തന്നെ ഉന്നയിക്കപ്പെട്ടിട്ടുള്ള ചോദ്യങ്ങൾക്ക് മറുപടിയായി ഏകദേശം 35 മുതൽ 40 ശതമാനം വരെ നെൽക്കൃഷിയിൽ ഉത്പാദനക്കുറവ് സംഭവിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ നഷ്ടം 5,810.66 കോടി രൂപ ഉൾപ്പെടെ വരൾച്ചയ്ക്ക് 7,888 കോടി രൂപയുടെ നഷ്ടമുണ്ട് എന്ന് കണക്കാക്കിയിരിക്കുകയാണ്. ഏതാണ്ട് പതിനായിരം കോടി രൂപയുടെ നഷ്ടമാണ് വരൾച്ചയുടെ ഫലമായി കേരളത്തിലുണ്ടായിട്ടുള്ളത്. ഇതിന്റെ ആശ്വാസനടപടികൾ സംബന്ധിച്ച് ഉന്നയിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് ഇവിടെ ഗവൺമെന്റ് നൽകിയിട്ടുളള മറുപടി; സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് 85 കോടി രൂപ, അതിൽ വാട്ടർ അതോറിറ്റി 57 കോടി രൂപയും ജലസേചന വകുപ്പ് 22 കോടി രൂപയും ഭൂജല വകുപ്പ് 13 കോടി

രൂപയുമാണ് അനുവദിച്ചത് എന്നാണ്. ഇതാണ് പതിനായിരം കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുള്ള നമ്മുടെ സംസ്ഥാനത്ത് വരൾച്ചാ ദുരിതാശ്വാസത്തിന് ഗവൺമെന്റ് നൽകിയിട്ടുള്ള സേവനം. ഇത്രയും ഗൗരവമുള്ള ഈ വിഷയങ്ങളെ സംബന്ധിച്ച് വളരെ ഗൗരവത്തിൽ ചർച്ച ചെയ്ത് നിലപാട് സ്വീകരിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ ഉണ്ടായില്ല. ചില യോഗങ്ങൾ വിളിച്ചുചേർത്ത് മന്ത്രിമാർ പങ്കെടുത്ത് ഒരു പ്രസംഗം നടത്തിയതുകൊണ്ട് വരൾച്ചാ ദുരിതാശ്വാസം ആകില്ല, കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. ഫലപ്രദമായ നടപടികൾ ഉണ്ടാകണം. നമ്മുടെ സംസ്ഥാനം നേരിടുന്ന ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സമർത്ഥമായി പ്രവർത്തിക്കേണ്ട വകുപ്പാണ് ജലവിഭവ വകുപ്പ്. അവർ ഈ കാര്യത്തിൽ ഒരു നോക്കുകുത്തിയായി നിൽക്കുകയാണ്. ഓരോ വകുപ്പുമായി ബന്ധപ്പെട്ട് നോക്കിയാലും ഒരു കോ-ഓർഡിനേഷൻ ഈ പ്രവർത്തനരംഗത്തൊന്നുമില്ല. പത്രങ്ങളിൽ വന്നിട്ടുള്ള വാർത്തകളെടുത്താൽ ഇവിടെ ചൂട് അതീവ ഗുരുതരമായ നിലയിൽ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് പത്രത്തിൽ കണ്ടത് പുനലൂരിൽ മൂന്നുപേർക്ക് സൂര്യതാപത്താൽ ഗുരുതരമായിട്ടുള്ള പൊള്ളലേറ്റിരിക്കുകയാണ് എന്നാണ്. ആലുവയിൽ ഒരു പെയിന്റിംഗ് തൊഴിലാളി സൂര്യതാപത്താൽ പൊള്ളലേറ്റ് ആശുപത്രിയിലാണ്. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് മിക്ക ജില്ലകളിലും വലിയ ചൂടാണ്. പാലക്കാട് 41 ഡിഗ്രി സെൽഷ്യസിൽനിന്ന് ചൂട് ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇത് പാലക്കാട് മാത്രമല്ല, പുനലൂര് 36.6 ഡിഗ്രി സെൽഷ്യസാണ് ചൂട്. കോട്ടയത്തും ഏതാണ്ട് ഇതേ നിലവാരമാണ്. തിരുവനന്തപുരത്ത് ഏതാണ്ട് 35 ഡ്രിഗ്രി സെൽഷ്യസാണ് ചൂട്. ഇടവപ്പാതി തുലാവർഷം

കുറഞ്ഞുവന്നു. മണ്ണിൽ ഈർപ്പത്തിന്റെ അംശം കുറഞ്ഞുവന്നു. ഇവിടെ ഭൂഗർഭ ജലനിരപ്പ് താഴോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ചൂട് വർദ്ധിക്കുന്നതിന് അന്തരീക്ഷ മലിനീകരണം ഒരു പ്രധാന ഘടകമാണ്. വലിയ തോതിൽ അന്തരീക്ഷത്തിൽ കാർബൺ വിക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. ഈ കാർബൺ, ഓസോൺ പാളികളുടെ ശോഷണത്തിന് ക്ഷതമേൽപ്പിക്കും. അതിന്റെ ഫലമായി സൂര്യന്റെ താപം വളരെ ശക്തമായി ഭൂമിയിലേക്കുവരും. അത് ഇവിടത്തെ മാത്രം പ്രശ്നമല്ല. സൂര്യതാപം ശക്തമായി ഭൂമിയിലേക്കു വരുന്നതിന്റെ ഭാഗമായി അത് പ്രതിരോധിക്കാനുള്ള ശക്തി മനുഷ്യശരീരത്തിലുണ്ടാകുന്നില്ല. അന്തരീക്ഷത്തിൽ ചൂട് വർദ്ധിക്കുന്നു, അതുപോലെ ഈർപ്പം വർദ്ധിക്കുന്നു. ഇത് പകൽ മാത്രമല്ല, രാത്രിയിലും ചൂട് വർദ്ധിപ്പിക്കുന്നു. സന്ധ്യകഴിഞ്ഞ് ക്രമേണ ചൂട് കുറഞ്ഞുവരികയും രാവിലെയാകുമ്പോൾ നല്ലൊരന്തരീക്ഷം വരുമെന്നാണ് നമ്മൾ കണക്കാക്കുന്നതെങ്കിൽ അതിലും മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. വെളുപ്പാംകാലമാകുമ്പോൾ ഊഷ്മാവ് നല്ലനിലയിൽ ഉയർന്നുകൊണ്ടുതന്നെ ഇരിക്കുകയാണ്. നമ്മുടെ അന്തരീക്ഷത്തിലെ ഊഷ്മാവ് വർദ്ധിക്കുന്നു. മനുഷ്യന്റെ ശരീരത്തിൽ സൂര്യാഘാതം നേരിട്ട് പതിക്കാതിരിക്കാൻ അതീവ ജാഗ്രത പാലിക്കേണ്ടതുണ്ട്. ഇതിനെക്കുറിച്ച് തൊഴിലാളികൾക്ക്, ജനങ്ങൾക്ക് ഒരു മുന്നറിയിപ്പുകൊടുക്കേണ്ടതുണ്ട്. ഗവൺമെന്റ് ഇങ്ങനെ സഞ്ചാരപഥത്തിലായതുകൊണ്ട് അവർക്ക് ഈ കാര്യങ്ങളെക്കുറിച്ചൊന്നും ഗൗരവത്തിലെടുക്കേണ്ടതില്ല. സൂര്യാഘാതം മാത്രമല്ല, ഇത് ശരീരത്തിലുണ്ടാക്കുന്ന രോഗങ്ങൾ, ഇത് സൃഷ്ടിക്കുന്ന പകർച്ചവ്യാധികൾ വളരെ വലുതാണ്. ശരീരം വിയർത്തൊലിക്കുകയാണ്. വിയർത്തൊലിക്കുന്നതിന്റെ ഫലമായി നല്ലപോലെ വെള്ളം കുടിക്കണം. വേനൽമഴ ഇനിയും ലഭിക്കുന്നില്ലെങ്കിൽ ചൂട് വർദ്ധിക്കും.

കേരളത്തിൽ മഴ കുറഞ്ഞു വരികയാണ്. കേരളത്തിൽ ഭൂഗർഭജലം താഴ്ന്നു പൊയ്ക്കൊണ്ടിരിക്കുന്നു. വൈദ്യുതിയുടെ ഉൽപാദനം കുറഞ്ഞുവരികയാണ്. അതുകൊണ്ടുതന്നെ പവർകട്ട്, ലോഡ് ഷെഡ്ഡിംഗ് ഇവ വലിയ തോതിൽ നമ്മെ ബാധിക്കുന്ന വിഷയമാണ്. റിസർവോയറിൽ വെള്ളം ഇല്ല. മുല്ലപ്പെരിയാർ പ്രശ്നം വന്നപ്പോൾ കോടതിയിൽ തെളിവ് കൊടുക്കാൻ വൈദ്യുതി വകുപ്പ് ഇടുക്കി ഡാമിലെ വെള്ളം ദുരുപയോഗപ്പെടുത്തി. അതിന്റെ നിലവാരം താഴ്ത്തി കോടതിയിൽ സ്റ്റേറ്റ്മെന്റ് കൊടുത്തു. കേസിൽ ജയിക്കാം, പക്ഷെ ജനങ്ങളുടെ പ്രശ്നം അവശേഷിക്കുകയാണ്. അതാണ് ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ കുടിവെള്ള പ്രശ്നം, അന്തരീക്ഷത്തിന്റെ ഊഷ്മാവ്, ഭൂമിയുടെ ഘടന, ഭൂമിയുടെ ഈർപ്പം കുറഞ്ഞുവരുന്നത് ഇവ കാർഷിക മേഖലയിൽ വലിയ തരത്തിലുള്ള തകർച്ചയുണ്ടാക്കിയിട്ടുണ്ട്. ഇത്തരത്തിൽ സംഭവിക്കുന്നതിന്റെ പ്രധാന കാരണം, പശ്ചിമഘട്ടം കേരളത്തിന്റെ കാലാവസ്ഥയെ നിയന്ത്രിക്കുന്നതിനും മഴ ലഭിക്കുന്നതിനുമുള്ള ഒരു പ്രധാന ഘടകമാണ്. അവിടെ വൻ തോതിൽ മരങ്ങൾ വെട്ടിമാറ്റപ്പെടുകയാണ്. കാട്ടാനകൾ ഇറങ്ങുന്നു. ആളുകളെ ആക്രമിക്കുന്നു. കാരണം ആനയ്ക്ക് കുടിക്കാൻ വെള്ളം ഇല്ല. ഒരു ആനയ്ക്ക് ഒരു ദിവസം 250 ലിറ്റർ വെള്ളം വേണം. വെള്ളം കിട്ടാതെ വരുമ്പോൾ ആന നാട്ടിലേക്കിറങ്ങും ആക്രമിക്കും. കൃഷി വകുപ്പുമന്ത്രിയാണെന്നുള്ളതുകൊണ്ട് ആനയവിടെ നിൽക്കില്ല. വനങ്ങൾ വെട്ടി നശിപ്പിക്കുന്നു. മലകൾ വെട്ടി നിരപ്പാക്കുകയാണ്. വനങ്ങൾ വെട്ടിമാറ്റിയതുകൊണ്ട് കേരളത്തിൽ പെയ്യേണ്ട മഴമേഘങ്ങൾ വഴിമാറി തമിഴ്നാട്ടിൽ പോയി പെയ്യുകയാണ്. നമ്മുടെ

സമീപനമാണ് ഇത്തരമൊരു സാഹചര്യം സൃഷ്ടിക്കുന്നത്. തമിഴ്നാട്ടിൽ മഴ പെയ്യുന്നു. ഇവിടെ മഴ കുറഞ്ഞുകുറഞ്ഞു വരുന്നു. ഇവിടുത്തെ നദികളിൽ വെള്ളം കുറഞ്ഞുവരുന്നു. നദികളിലെ വെള്ളത്തിൽ മാലിന്യങ്ങൾ കാരണം ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നു. ഇത് വലിയ തോതിൽ ബാധിച്ചുകൊണ്ടിരിക്കുന്നുണ്ട്. വനങ്ങൾ സംരക്ഷിക്കാനുള്ള നടപടികളല്ല പലപ്പോഴും ഇവിടെ സ്വീകരിച്ചത്. അപ്പുറത്ത് ഭൂരിപക്ഷമുള്ളതുകൊണ്ട് വനങ്ങൾ നശിപ്പിക്കാനും വനങ്ങൾ ഇല്ലായ്മ ചെയ്യാനും ഭൂമി റിസോർട്ട് മാഫിയയ്ക്ക് കൊടുക്കാനുമുള്ള നിയമം നിർമ്മിക്കാൻ കുറേയാളുകൾ കൈപൊക്കാനുണ്ട്. അതിന്റെയൊക്കെ ദുരന്തമാണ് ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. മനുഷ്യന് ജീവിക്കാൻ കഴിയാത്ത സാഹചര്യം - കുടി വെള്ളത്തിന് ക്ഷാമം, നല്ല രീതിയിൽ വസ്ത്രങ്ങൾ അലക്കി ജീവിക്കാൻ സാധിക്കുന്നില്ല. ഇതിന്റെ ഭാഗമായി ആരോഗ്യം നശിക്കുന്നു. പകർച്ചവ്യാധി കൾ പടർന്നുപിടിക്കുന്നു. ആശുപത്രികളിൽ രോഗികളുടെ എണ്ണം വർദ്ധിക്കുന്നു. കാർഷികമേഖലയിൽ 115731 കൃഷിക്കാർ കൃഷിനാശ ദുരിത ത്തിലാണ്. മൂന്ന് ലക്ഷം ഹെക്ടർ ഭൂമി കേരളത്തിൽ വരണ്ടുകിടക്കുകയാണ്. 5810 കോടി രൂപയുടെ വിളനാശമാണ് സംഭവിച്ചതെന്ന് കൃഷി വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ടിൽ പറയുന്നു. ഇതിനൊക്കെ സംരക്ഷണം കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് - ഇത്തരമൊരു കാലാവസ്ഥ അപകടമു ണ്ടാകും എന്നുകണ്ട് മുൻകൂട്ടി ഏതെല്ലാം തരത്തിൽ ശാസ്ത്രീയ വശങ്ങൾ ഉപയോഗപ്പെടുത്തി ഇതിൽനിന്നും ജനതയെ രക്ഷിക്കാൻ സാധിക്കും, എങ്ങനെ നമ്മുടെ ഭൂമിയെ രക്ഷിക്കാം, എങ്ങനെ വിളകളെ രക്ഷിക്കാം, അതി നെന്തൊക്കെ ചെയ്യണമെന്ന് യുദ്ധകാലാടിസ്ഥാനത്തിലുള്ള ജാഗ്രതയോടു

കൂടിയുള്ള പ്രവർത്തനം കേരളത്തിലുണ്ടായില്ല; തിരിഞ്ഞു നോക്കിയില്ല. വിളകൾ നശിക്കുന്നു, കൃഷി നശിക്കുന്നു. അതാണ് ഇപ്പോൾ കേരളത്തിൽ സംഭവിക്കുന്നത്. കേന്ദ്ര ഗവൺമെന്റിൽ നാം കൊടുത്തിട്ടുള്ള നിവേദനത്തിൽ നമുക്ക് വലിയ തോതിലുള്ള നാശനഷ്ടമുണ്ടായെന്ന് കാണാം. കേന്ദ്രത്തിൽ നിന്ന് അന്വേഷിക്കുന്നതിനുവേണ്ടി പ്രത്യേക സംഘം കേരളത്തിൽ വന്നു. അവർ എല്ലാ ജില്ലകളിലും പോയില്ല, കേരളം മുഴുവൻ ഈ കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഉഷ്ണച്ചൂടിന്റെയും കൃഷിനാശത്തിന്റെയും വരൾച്ച യുടേയും ഫലമായി ദുരിതമനുഭവിക്കുകയാണ്. എന്തുകൊണ്ട് എല്ലാ ജില്ലകളിലും പോയില്ല. ഏറ്റവും കൂടുതൽ കൃഷിനാശം സംഭവിച്ചിട്ടുള്ള ഒരു ജില്ലയാണ് വയനാട് ജില്ല. ആ വയനാട് ജില്ലയിലെങ്കിലും പോകേണ്ടിയിരു ന്നില്ലേ? കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധി സംഘം ഇവിടെ വന്നു, 5 ജില്ലകളിൽ പോയി, വയനാട്ടിൽ പോയില്ല....... നിങ്ങൾ നിങ്ങളുടെ പാർട്ടി പരിപാടിക്ക് പോകുന്നുണ്ടാകും. അതിന്റെ ഭാഗമായി ഇത് പട്ടികയിലെഴുതി വച്ചതുകൊണ്ടൊന്നും കാര്യമില്ല. ഇത് പ്രധാന വിഷയമാണ്. ഈ വരൾച്ചയ്ക്ക് പരിഹാരമുണ്ടാക്കേണ്ട നടപടികളുണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിൽ ചിന്തിച്ചു പ്രവർത്തിക്കാൻ കഴിഞ്ഞില്ല. ഇന്ന് കേരളം നേരിട്ടുകൊണ്ടിരിക്കുന്ന കടുത്ത വരൾച്ചയിൽനിന്ന് കേരളത്തെ സംരക്ഷിക്കേ ണ്ടതുണ്ട്. വ്യാപകമായി കൃഷിനാശം സംഭവിച്ചിട്ടുള്ള ജില്ലയിൽ അടിയന്തര സഹായം വേണം. എന്തുസഹായമാണെന്നുള്ളത് ഗവൺമെന്റ് ഇവിടെ പ്രഖ്യാപിക്കണം. കബീർ മാഷ് പറഞ്ഞിട്ടുള്ളത് യാഥാർത്ഥ്യമാണ്. കുടി വെള്ളം ശുദ്ധജലമല്ല. അഴുക്കുജലമാണ് കുടിവെള്ളമായി വിതരണം ചെയ്തു കൊണ്ടിരിക്കുന്നത്. ഇതിൽ എങ്ങനെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ

കഴിയും എന്ന കാര്യം നമ്മൾ പരിശോധിക്കണം. ആരോഗ്യ രംഗത്തെ ആരോഗ്യത്തകർച്ചയിൽനിന്ന് രക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണം. കൊടുംചൂടിന്റെ ഫലമായി ദുരിതമനുഭവിക്കുന്ന കൺസ്ട്രക്ഷൻ തൊഴിലാളി കൾ, കർഷക തൊഴിലാളികൾ എന്നിവർക്ക് കൊടുംചൂടിൽ പോയി ജോലി എടുക്കാൻ സാധിക്കുന്നില്ല. അവരെ സംരക്ഷിക്കാൻ എന്ത് നിലപാട് ~~ഗവൺമെന്റിന്~~ സ്വീകരിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് വ്യക്തമാക്കേണ്ടതുണ്ട്. വിളകൾ മുഴുവൻ നശിക്കുന്നു. കൃഷിക്കാർക്ക് അടിയന്തര മായും താത്കാലികമായും ദീർഘകാല പലിശ ചുരുക്കം കാലത്തേക്ക് ഇളവ് കൊടുത്തതുകൊണ്ടുമാത്രം പ്രശ്നം തീരില്ല. അതുകൊണ്ട് കൃഷിക്കാരുടെ നാശനഷ്ടങ്ങൾക്ക് പൂർണ്ണമായും പരിഹാരം കണ്ടെത്താനുള്ള നടപടി ഗവൺമെന്റ് ഉണ്ടാക്കണം, എല്ലാ സ്ഥലത്തും കുടിവെള്ളം കൊടുക്കാനുള്ള ഫലപ്രദമായ നടപടിയുണ്ടാകണം. ശുദ്ധജലം തന്നെ ജനങ്ങൾക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്തണം. അതിന് അടിയന്തരനടപടികൾ സ്വീകരിക്കണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതാണ് ഇക്കാര്യങ്ങളിൽ എനിക്ക് സഭ മുൻപാകെ ഉന്നയിക്കാനുള്ളത്.

<u>ശ്രീ. പാലോട് രവി</u>: സർ, ചർച്ച വളരെ നന്നായി. ചർച്ചയുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ പോയി പറഞ്ഞിട്ട് കാര്യമില്ല. കഴിഞ്ഞ ദിവസ ങ്ങളിൽ ബഹുമാനപ്പെട്ട ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് ജില്ലയിൽ യോഗം കൂടി; എല്ലാ എം.എൽ.എമാരും ഉണ്ടായിരുന്നു. ജില്ലയിലെ യോഗ ത്തിനുശേഷം താലൂക്കാഫീസിലും യോഗം കൂടി, ഓരോ താലൂക്കിലും യോഗം കൂടി. അവിടെയും എം.എൽ.എ.മാരെല്ലാവരും ഉണ്ടായിരുന്നു. അവിടെ ഉയർന്നുവന്ന ചില നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്കുവേണ്ടി പറയുകയാണ്. ഞാൻ ഇതിന്റെ ശാസ്ത്രീയമായ അടിത്തറ

യൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. 2010, 2011, 2012 എന്നീ വർഷങ്ങളിൽ മൂവായിരം മില്ലിമീറ്റർ മഴ നമുക്ക് കിട്ടി. കഴിഞ്ഞ വർഷം ജൂൺ മുതൽ ഡിസംബർ വരെ 1800 മില്ലി മീറ്റർ മഴ മാത്രമേ ലഭിച്ചിട്ടുള്ളൂ. ശ്രീ. ജയരാജൻ ചൂണ്ടികാണിച്ചതുപോലെ ചൂട് അസഹനീയമായി കൂടുകയാണ്. മഴയും കുറഞ്ഞു. ഈ രണ്ട് മാസങ്ങളിൽ എന്താണ് അടിയന്തരമായി ചെയ്യാൻ കഴിയുന്നത്; അവിടെയുണ്ടായ നിർദ്ദേശങ്ങളിൽ ഒന്ന്, വെള്ള ശ്രോതസ്സുമുണ്ട്, പൈപ്പുമുണ്ട്, ബഹുമാനപ്പെട്ട മന്ത്രിയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പറയുന്നു 100, 200 മീറ്റർ വീതം എക്സ്റ്റൻഷൻ ഈ വെള്ളമുള്ളിടത്തും പൈപ്പുള്ളിടത്തും കൊടുക്കുകയാണെങ്കിൽ 10-50 കുടുംബങ്ങൾക്ക് വെള്ളം കിട്ടും. ഇനി ഇവ ഇല്ലാത്ത സ്ഥലത്ത്, എക്സ്റ്റൻഷൻ കൊടുക്കേണ്ട സ്ഥലത്ത്, നിർബന്ധമായും എക്സ്റ്റൻഷൻ കൊടുക്കണം. അടിയന്തരമായി അതിനുള്ള നടപടി സ്വീകരിക്കണം. രണ്ട്, കുറേ കുഴൽക്കിണറുകൾ കേടായി കിടക്കുകയാണ്. അവ കുഴൽക്കിണറുകൾ ഏതൊക്കെയാണെന്ന് നമ്മുടെ സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്കറിയാം. ഞങ്ങൾ റിക്കോർഡ് ഉണ്ടാക്കി കൊടുത്തിട്ടുണ്ട്. അടിയന്തരമായി ഒരാഴ്ചയ്ക്കകം കേടായിക്കിടക്കുന്ന കുഴൽക്കിണറുകൾ നന്നാക്കണം.

മൂന്നാമത് ഓരോ പഞ്ചായത്തിലും രണ്ട് കുഴൽകിണറുകൾ വീതം രണ്ടാഴ്ചയ്ക്കകം കുഴിക്കണം; ഒരുപാട് പണമാകില്ല. കേടായിക്കിടക്കുന്ന കുഴൽക്കിണറുകൾ നന്നാക്കണം. രണ്ട് കുഴൽക്കിണറുകൾ വീതം കുഴിക്കണം. മൂന്നാമത്, ~~എനിക്ക്~~ അവിടെയുണ്ടായ നിർദ്ദേശം പറയാം. താലൂക്കിൽ നിന്നും ലോറിയിലാണ് വെള്ളം വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്. ഈ ലോറി ടെണ്ടറിലേ എടുക്കാവൂ, അല്ലെങ്കിൽ അഴിമതി

വരുമെന്ന് ഇന്നലെ അവിടെ യോഗം കൂടിയപ്പോൾ പറഞ്ഞു. ടെണ്ടറിന് 14 ദിവസം വേണമെന്നാണ് പറയുന്നത്. അപ്പോൾ അതുവരെ ആളുകൾ വെള്ള മില്ലാതെ മരിക്കും. അതുകൊണ്ട് ലോറികളിൽ മാത്രം......, ഞങ്ങളുടെ മണ്ഡലത്തിൽ 20 പഞ്ചായത്തും ഒരു മുനിസിപ്പാലിറ്റിയുമാണ്. ഈ പഞ്ചായ ത്തുകളിൽ അടിയന്തരമായി ലോറി വേണം, ടാങ്ക് വേണം, ടാങ്ക് അതിനകത്ത് ഫിറ്റ് ചെയ്യണം, ലോറി ടെണ്ടർ ചെയ്യണം. അഞ്ചുദിവസത്തിനകം ലോറി എടുത്ത് ടാങ്ക് ഫിറ്റ് ചെയ്ത്; ഈ ടാങ്കറുകളിൽ വെള്ളം വിതരണം ചെയ്യുന്ന തിനുള്ള നടപടി അടിയന്തരമായി ഉണ്ടാകണം. പഞ്ചായത്തുകൾ ഇങ്ങോട്ട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്, ഈ ലോറികളിൽ വെള്ളം കൊണ്ടുവന്ന് ആളുകളെ ഇങ്ങനെ ക്യൂവിൽ നിർത്തി വെള്ളമൊഴിച്ചുകൊടുക്കുന്നതിനു പകരം പഞ്ചായത്തിനുകൊടുത്തിരിക്കുന്ന പെർമിസീവ് സാങ്ഷനിൽ ഒരു വാർഡിൽ രണ്ടു ടാങ്ക് വാങ്ങിച്ചുവയ്ക്കാൻ അനുവാദം കൊടുത്താൽ; ഈ കൊണ്ടുപോകുന്ന ലോറിയിൽനിന്നും ഈ ടാങ്കിൽ വെള്ളം നിറയ്ക്കുകയും അവിടെനിന്ന് ആളുകൾക്ക് വെള്ളമെടുക്കാമെന്നുമാണ്. ~~പറഞ്ഞിരിക്കുന്നത്.~~ വെള്ളം നിറയ്ക്കാനുള്ള ഈ ടാങ്കുകൾ വാങ്ങുവാനുള്ള പെർമിസീവ് സാങ്ഷൻ പഞ്ചായത്തുകൾക്ക് അടിയന്തരമായി നൽകണം. മൂന്നാമതായി പറയാനുള്ളത്, പമ്പിംഗ് സ്റ്റേഷനുകളിൽ പവർകട്ട് വരുന്നതുകൊണ്ട് അത് ഏകോപിപ്പിക്കുവാൻവേണ്ടി ഇലക്ട്രിസിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറും വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറും കൂടിച്ചേർന്നുള്ള ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കിയാൽ, പമ്പിംഗ് തടസ്സം കൂടാതെ മുമ്പോട്ടു കൊണ്ടുപോകാൻ സാധിക്കും. അതുപോലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഈ രണ്ടു മാസം കുടിവെള്ളം കൊടുക്കരുതെന്നും അത് നിറുത്തി വയ്ക്ക

ണമെന്നും ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി നിർദ്ദേശം കൊടുക്കണം. എല്ലായിടത്തും കുടിവെള്ള ക്ഷാമമാണ്. വെള്ളമില്ല. നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി വെള്ളം കൊടുക്കുന്നത് ഒരു മാസം നിറുത്തി വയ്ക്കണം. പുതിയ കണക്ഷൻ കൊടുക്കരുത്. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി വെള്ളം ഇനി കൊടുക്കരുത്. അങ്ങനെയുള്ള പ്രവർത്തനങ്ങളാണ് അത്യാവശ്യമായി വേണ്ടത്. ഒരു കാര്യം കൂടി ഞാൻ പറയാൻ ആഗ്രഹിക്കുന്നു. അരുവിക്കരയിൽ വെള്ളം തീരെ ഇല്ലാത്ത അവസ്ഥയാണ്. പേപ്പാറയിൽ നിന്നുമാണ് അരുവിക്കരയിലേക്ക് വെള്ളം കൊണ്ടുവരുന്നത്. നെയ്യാർ ഡാമിൽനിന്ന് അരുവിക്കരയ്ക്ക് വെള്ളം കൊണ്ടുവരാനുണ്ടാക്കിയ ആ ശ്രമം അടിയന്തരമായി ആരംഭിക്കണം. പേപ്പാറയിൽ ജലനിരപ്പ് കുറയുകയാണ്. പേപ്പാറയിൽനിന്നും അരുവിക്കരയിൽ കൊണ്ടുവരുന്ന വെള്ളത്തിൽ നിന്നുമാണ് ഏതാണ്ട് പന്ത്രണ്ടോളം കുടിവെള്ള പദ്ധതി ആ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നത്. പേപ്പാറയിലെ വെള്ളം വറ്റി....., കുടിവെള്ളം വറ്റി......, ഗവൺമെന്റ് പറഞ്ഞതനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ ഞങ്ങൾ എം.എൽ.എ.മാർ യോഗം കൂടി; യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രിയും ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു. കൂടാതെ താലൂക്ക് തലത്തിലും ഞങ്ങൾ യോഗം കൂടി. എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത്, 5 കോടി രൂപ മാത്രമേ തിരുവനന്തപുരം ജില്ലയ്ക്ക് നൽകിയിട്ടുള്ളൂ. 5 കോടി രൂപ കൊണ്ടൊന്നും വെള്ളം കൊടുക്കാൻ സാധിക്കില്ല. പെർമിസിവ് സാങ്ഷൻ എന്നുപറയുന്നത് പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപയും മുനിസിപ്പാലിറ്റിക്ക് 10 ലക്ഷം രൂപയുമാണ്. അത് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപയും നഗരസഭകൾക്ക് 25 ലക്ഷം രൂപയുമായും വർദ്ധിപ്പിക്കണം. തിരുവനന്തപുരം ജില്ല

യിൽ 5 കോടി രൂപയെന്നുള്ളത് ഏറ്റവും കുറഞ്ഞത്....., അങ്ങ് പ്രഖ്യാപിക്കുമ്പോൾ ആദ്യമായി പ്രഖ്യാപിച്ച മൂന്ന് ജില്ലകളിലൊന്നാണ്. 25 കോടി രൂപ അടിയന്തരമായി ഈ താലൂക്കുകളിൽ കൊടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. ഇവിടെ കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എല്ലാവരും പങ്കെടുത്ത മണിക്കൂറുകളോളം നീണ്ട യോഗമായിരുന്നു. നമുക്കിത് പ്രായോഗികമായി, എങ്ങനെയെങ്കിലും എല്ലാ സ്ഥലങ്ങളിലും ടാങ്കറുകളിൽ വെള്ളം എത്തിക്കുന്നതിനുള്ള അടിയന്തര നടപടികൾ യോജിച്ചുനിന്നുകൊണ്ട് നടപ്പിലാക്കണം. ഈ അടിയന്തരപ്രമേയം കൊണ്ടുവന്നത് വളരെ നന്നായി. അതിന് പ്രത്യേകമായി അഭിനന്ദിക്കുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ പണമുണ്ടാക്കി ഈ പരിപാടി നടപ്പിലാക്കാൻ ശ്രമിക്കണം. അവസാനമായി, ക്ഷേത്രക്കുളങ്ങൾ പോലെ നമ്മുടെ പഞ്ചായത്തുകളിൽ ഒരിക്കലും വറ്റാത്ത കുളങ്ങളുണ്ട്, ചില പഞ്ചായത്തുകളിൽ ഏറ്റവും കുറഞ്ഞത് മൂന്നും നാലും കുളങ്ങളുണ്ട്. അതുകൊണ്ട് ഈ കുളങ്ങൾകൂടി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുത്താൽ നമുക്ക് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും.

ശ്രീ. എ. എ. അസീസ്: സർ, മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി അതീവ ഗുരുതരമായി സംഭവിച്ച ഇത്തവണത്തെ വരൾച്ചയെ യുദ്ധകാലാടിസ്ഥാനത്തിൽ നേരിടാൻ ഗവൺമെന്റ് തയ്യാറായില്ല....., പരാജയപ്പെട്ടു എന്നതാണ്. ശ്രീ. പാലോട് രവി ഇവിടെ സൂചിപ്പിച്ചു, മണ്ഡലാടിസ്ഥാനത്തിലും താലൂക്കടിസ്ഥാനത്തിലും മറ്റെല്ലാ അടിസ്ഥാനത്തിലും കമ്മിറ്റികളെല്ലാം കൂടി, ധാരാളം തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. പക്ഷേ ഒരു തീരുമാനവും നടപ്പായിട്ടില്ല. തീരുമാനങ്ങൾ ഇനി നടപ്പാകുന്നത് എന്നാണ്; മഴ പെയ്തതി

നുശേഷമോ; വെള്ളം വന്നതിനുശേഷമോ; ധാരാളം തീരുമാനങ്ങൾ എടുത്തു. യഥാർത്ഥത്തിൽ അതെല്ലാം ഒന്നാന്തരം തീരുമാനങ്ങളാണ്. ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുക എന്നതാണ് സുപ്രധാനമായിട്ടുള്ള ഒരു കാര്യം. ടാങ്കർ ലോറികൾ ഇറക്കണമെന്നുണ്ടെങ്കിൽ തഹസിൽദാർമാർക്ക് അതിനാവശ്യമായിട്ടുള്ള പണം കൊടുക്കണം. ടാങ്കർ ലോറികളിൽ വെള്ളമെത്തിച്ച പഴയ കോൺട്രാക്ടർമാർക്ക് ഇപ്പോഴും കാശ് കൊടുക്കാനുണ്ട്. ആ കാശ് കൊടുക്കാനുള്ളതുകൊണ്ട് അവരാരും ടാങ്കർ ലോറി കൊടുക്കില്ല. ഇവിടെ തീരുമാനിച്ചതുകൊണ്ടെന്തെങ്കിലും തീരുമാനമായോ? ഒരു ട്യൂബ്വെൽ തകരാറിലായാൽ, ഒരു മോട്ടോർ തകരാറിലായാൽ അടിയന്തരമായി നന്നാക്കാൻ ഒരാഴ്ചയാകും. അതുവരെ വെള്ളം കിട്ടില്ല. ഒരാഴ്ച കഴിഞ്ഞതിനുശേഷമേ ആ മോട്ടോർ വരികയുള്ളൂ. ഇവിടെ ട്യൂബ്വെൽ കുഴിക്കാൻ റിഗ്ഗുണ്ടോ; ഇവിടെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ കാര്യം പറഞ്ഞല്ലോ. മൂന്നോ നാലോ റിഗ് മാത്രമാണ് കേരളത്തിലുള്ളത്. ആ റിഗ് ഉപയോഗിക്കാൻ സാധിക്കുന്നില്ല. ആവശ്യമായിട്ടുള്ള റിഗ് ഇല്ലെങ്കിൽ സ്വകാര്യ മേഖലയിൽനിന്ന് റിഗ് വാടകയ്ക്കെടുത്ത് കുഴിപ്പിക്കണമെന്നാണ് കൊല്ലത്ത് കൂടിയ അവസരത്തിൽ പറഞ്ഞത്. അങ്ങനെ അടിയന്തര പ്രാധാന്യമുള്ള കാര്യങ്ങൾ നിർവ്വഹിക്കാതെ ഇത്തവണത്തെ അതീവഗുരുതരമായ ഈ വരൾച്ചയെ നേരിടാൻ സാധിക്കില്ല. ദീർഘകാലാടിസ്ഥാനത്തിൽ ധാരാളം കാര്യങ്ങൾ നമുക്ക് പറയാൻ സാധിക്കും. ദീർഘകാല അടിസ്ഥാനത്തിലാണെങ്കിൽ കാസർഗോഡ്, പാലക്കാട് ജില്ലയിൽ കുഴിക്കാനേ പാടില്ല, അവിടെ ഭൂഗർഭ ജലമില്ല എന്ന് വിദഗ്ധൻമാർ കണ്ടെത്തിയിരിക്കുകയാണ്. അതിന് ഒരു പരിഹാരമാർഗ്ഗം വേണം. അതൊക്കെ ദീർഘകാലാടിസ്ഥാനത്തിലുള്ളതാണ്. ഇപ്പോൾ യഥാർത്ഥത്തിൽ കുടിക്കാൻ വെള്ള

മില്ലാതെ, മരുഭൂമിയെപ്പോലെ....., ദാഹിക്കുന്ന ജലമില്ലാതെയുള്ള ഒരു സാഹചര്യത്തിൽ......., ഇവിടെ ശാസ്താം കോട്ടയിൽ വെള്ളമില്ല, വെള്ളം കിട്ടേണ്ട കനാലുകളിൽ വെള്ളമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. എ. അസീസ്, ഇരട്ടിസമയത്തിൽ കൂടുതലായി.

ശ്രീ. എ. എ. അസീസ്: സർ, കുടിവെള്ളത്തിന്റെ കാര്യമല്ലേ. ബാക്കിയുള്ളവർ പതിനഞ്ചുമിനിറ്റ് സംസാരിക്കുമ്പോൾ രണ്ടു മിനിറ്റെങ്കിലും എനിക്ക് സംസാരിക്കണ്ടേ?

മി. ഡെപ്യൂട്ടി സ്പീക്കർ: എല്ലാവരും സമയത്ത് നിറുത്തി. പ്ലീസ്, സഹകരിക്കണം.

ശ്രീ. എ. എ. അസീസ്: സർ, കെ.എൽ.പി. കനാലുകൾ തുറന്നുവിട്ടാൽ ഇരുസൈഡുകളിലുമുള്ള കിണറുകളിൽ വെള്ളം കിട്ടുമായിരുന്നു. അത് എല്ലാക്കാലത്തും നാലുപ്രാവശ്യം തുറക്കുമായിരുന്നു. ഇത്തവണ അവിടെ വെള്ളമില്ലാത്തതുകൊണ്ട് തുറന്നില്ല. ഒരു പ്രാവശ്യം മാത്രമാണ് തുറന്നത്. മേയ് മാസം അവസാനത്തോടെ തുറന്നാൽ മതിയെന്ന് ഡിപ്പാർട്ട്മെന്റിൽ നിന്ന് അറിയിച്ചിരിക്കുന്നു. ഇപ്പോൾ കഴിഞ്ഞയാഴ്ച തുറന്നു. പക്ഷേ വെള്ളമില്ല, വെള്ളമുണ്ടെങ്കിലല്ലേ ഓടി വരൂ....., അതാണ് ഞാൻ പറഞ്ഞത് കുടിക്കാൻ വെള്ളമില്ല, ദാഹജലത്തിനുവേണ്ടി ജനങ്ങൾ പൊറുതിമുട്ടുമ്പോൾ ഈ ഗവൺമെന്റ് എല്ലാം ചെയ്തെന്നുപറഞ്ഞാൽ മാത്രം മതിയോ?

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, വരൾച്ച വരുമ്പോൾ മാത്രമാണ് ഇക്കാര്യം നമ്മൾ ഗൗരവമായി ചർച്ച ചെയ്യുന്നത്. ഇത് കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. പണ്ടൊക്കെ ധാരാളം വെള്ള

മുണ്ടായിരുന്ന ജില്ലയാണ് വയനാട്. ഭൂഗർഭജലമില്ല. ഓഗസ്റ്റ് മാസത്തിലാണ് പുൽപ്പള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകളെ വരൾച്ചാബാധിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചത്. ഇത് ഗൗരവമേറിയ വിഷയമാണ്. മനുഷ്യന്റെ സ്വാർത്ഥത, ആർത്തി ഇതെല്ലാം കൂടിയാണ് നമ്മളെ ഇതിലേക്ക് നയിക്കുന്നത്. ഗ്രീൻ ഹൗസ് ഇഫക്ട്....., ഇതുകൊണ്ടുണ്ടാകുന്ന....., കേരളത്തിൽ മാത്രം കഴിഞ്ഞ 10 വർഷത്തിൽ 0.4 ഡിഗ്രി സെൽഷ്യസാണ് ഇവിടത്തെ mean temparature വർദ്ധിച്ചിട്ടുള്ളത്. ദീർഘകാലാടിസ്ഥാനത്തിൽ സസ്റ്റെയിനബ്ൾ ഡെവലപ്മെന്റ് മോഡൽ കൊണ്ടുവരാതെ വരൾച്ച വരുമ്പോൾമാത്രം അതിനെക്കുറിച്ച് സംസാരിച്ചിട്ട് കാര്യമില്ല. എന്താണ് ഇതിന് അടിസ്ഥാനമായ കാരണം; നമുക്ക് വെള്ളമെത്തിക്കണം, കുളങ്ങളുണ്ടാക്കണം അതൊക്കെ സമ്മതിച്ചു. പക്ഷേ ഇതിന്റെ അടിസ്ഥാന കാരണമെന്താണെന്ന് വിലയിരുത്താതെ, ദീർഘവീക്ഷണത്തോടെയുള്ള ഒരു പ്ലാനിംഗില്ലാതെ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കില്ല. ഇത് ആവർത്തിക്കാൻ പോകുകയാണ്. വരുംവർഷങ്ങളിൽ വരൾച്ച കൂടാൻ പോകുകയാണ്. എങ്ങനെയാണ് നമ്മൾ ഇതിനെ നേരിടാൻ പോകുന്നത്; വയനാട് ജില്ലയിൽ കാർഷികമേഖലയിലുണ്ടായിട്ടുള്ള മാറ്റം; അവിടെ വയലുകളും കുന്നുകളുമാണ്. വയലുകൾ ഇല്ലാതായി. വയലുകളാണ് വയനാടിന്റെ ജലസംഭരണി എന്നുപറയുന്നത്. അപ്പോൾ അവിടെ വയലുകളിലെല്ലാം തന്നെ, വാഴക്കൃഷിയായതുകൊണ്ടുതന്നെ വെള്ളം തിരിച്ചുവിടുകയാണ്. അതുകൊണ്ട് വയനാട് ജില്ലയിൽ കൃഷിയടക്കമുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് അവിടത്തെ വരൾച്ചയുടെ കാര്യങ്ങൾ കിടക്കുന്നത്. ഇത് വളരെ ഗൗരവമേറിയ വിഷയമാണ്. ഇതിനെക്കുറിച്ച് ചർച്ചയിൽ മാത്രം അവസാനിച്ചാൽ പോരാ, നമ്മളുടെ ചിന്തയിലും

മാറ്റം വരണം. നമ്മളുടെ ഡെവലപ്മെന്റ് മോഡലിൽ ഒരു മാറ്റം വരണം. ഇക്കാര്യത്തിൽ ഒരു സമഗ്രമായ പദ്ധതിയുണ്ടാക്കിയില്ലെങ്കിൽ ഇതിനെക്കാളും വലിയ ദുരന്തത്തിൽ നമുക്ക് പോകേണ്ടി വരും. അതുകൊണ്ട് കൂട്ടമായി ഇരുന്നുകൊണ്ട് ദീർഘകാലാടിസ്ഥാനത്തിൽ ഇതിന് പരിഹാരം കാണാനുള്ള മാർഗ്ഗങ്ങൾ ആരായണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എം. വി. ശ്രേയാംസ് കുമാർ കുറഞ്ഞ വാക്കുകളിലൂടെ പറഞ്ഞ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ദൈനംദിനമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയല്ല വേണ്ടത്, അടിസ്ഥാനപരമായ കാരണങ്ങൾ കണ്ടെത്തി ദീർഘവീക്ഷണത്തോടുകൂടിയ പരിപാടികൾ ആവിഷ്ക്കരിച്ചില്ലെങ്കിൽ കേരളം അപകടകരമായ അവസ്ഥയിലേക്ക് പോകും. കഴിഞ്ഞ കുറേ നാളുകളായി കേരളം കണ്ടുകൊണ്ടിരിക്കുന്ന കാലാവസ്ഥാമാറ്റത്തിന്റെ നാൾവഴികൾ പരിശോധിച്ചാൽ എത്ര അപകടകരമാണ് സ്ഥിതിയെന്ന് നമുക്ക് ബോധ്യപ്പെടും. മഴയിൽ ഉണ്ടായിരിക്കുന്ന ഗണ്യമായ കുറവ് കേരളത്തിലെ എത്ര തലങ്ങളെയാണ് ബാധിക്കുന്നത്; കുടിവെള്ള സ്രോതസ്സുകളെയും പവർ ജനറേറ്റ് ചെയ്യുന്ന സംവിധാനങ്ങളെയും ആരോഗ്യപ്രശ്നങ്ങളെയുമെല്ലാം ബാധിക്കുന്നതരത്തിൽ വ്യാപിച്ച് കിടക്കുന്ന പ്രശ്നങ്ങൾ ഈ മഴയുടെ കുറവുമൂലം നമുക്ക് ഉണ്ടാകുന്നുണ്ടെന്ന് നമ്മൾ അറിയണം. കേരളത്തിലെ ജലസ്രോതസ്സുകളെക്കുറിച്ചും ഗുണനിലവാരത്തെക്കുറിച്ചുമെല്ലാം ഗവേഷണം നടത്തുന്ന കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഏജൻസിയായ CWRDM-ന്റെ കണക്കുകൾ പരിശോധിച്ചാൽ 24 ശതമാനം മഴയുടെ കുറവുമായിട്ടാണ് ഇടവപ്പാതി അവസാനിച്ചത്. സംസ്ഥാനത്തെ 14

ജില്ലകളിലും മഴ കുറഞ്ഞു. ജൂൺ മുതൽ ആരംഭിക്കുന്ന കാലവർഷവും തുലാവർഷവുമാണ് കേരളത്തിൽ പെയ്തിറങ്ങുന്ന 80 ശതമാനം മഴയുടെയും സ്രോതസ്സ്. ഓരോ ജില്ലകളിലേയും കണക്കുകൾ പരിശോധിച്ചാൽ മഴയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗണ്യമായ കുറവുകൾ നമുക്ക് മനസ്സിലാക്കാൻ കഴിയും. ഭൗമശാസ്ത്ര പഠനങ്ങളും കാലാവസ്ഥ നിരീക്ഷണങ്ങളും നൽകുന്ന സൂചനകളും മുന്നറിയിപ്പുകളും വളരെ ശ്രദ്ധേയങ്ങളാണ്. കൊച്ചിയിൽ മാത്രം നടത്തിയ പഠനത്തിലൂടെ മനസ്സിലാകുന്നത് അവിടെ ജൂൺ–ജൂലൈ മാസങ്ങളിൽ ഇടതടവില്ലാതെ മഴ കിട്ടിയിരുന്നുവെന്നാണ്. ഇപ്പോൾ മഴ പെയ്യുന്ന സമയവും രീതിയും മാറുകയാണ്. മഴ ദിവസങ്ങളുടെ എണ്ണം കുറയുന്നു എന്നുമാത്രമല്ല പെട്ടെന്ന് കനത്ത മഴ പെയ്തൊഴിയുന്ന സ്വ ഭാവവും കാലവർഷത്തിന് കൈവന്നിരിക്കുകയാണ്. കാലവർഷത്തിന്റെ സ്വഭാവത്തിനും രീതിക്കും അടിസ്ഥാനപരമായി മാറ്റം ഉണ്ടായിരിക്കുന്നു. കേരളത്തിലെ പരിസ്ഥിതി ദുരന്തനിവാരണ വകുപ്പുകൾ ഗൗരവത്തോടുകൂടി ഈ നിരീക്ഷണങ്ങൾ ശ്രദ്ധിക്കുകയും പഠിക്കുകയും, ആ പഠനത്തെ അടിസ്ഥാനമാക്കിയുള്ള ദീർഘവീക്ഷണത്തോടുകൂടിയ ഒരു പദ്ധതി തയ്യാറാ ക്കുകയും വേണം. കാലാവസ്ഥാമാറ്റത്തിന്റെ, ആഗോളതാപനത്തിന്റെ സൂചന കളെല്ലാം ഇവിടെ വന്നിട്ടുണ്ട്. അത് മൺസൂണിനെ ബാധിക്കുകയാണ്. വയനാട്, തെക്കൻ കേരളം എന്നിവിടങ്ങളിൽ കഴിഞ്ഞ ഏതാനും വർഷങ്ങ ളായി കാലവർഷം ദുർബലമായി വരുന്നതായുള്ള വിവിധങ്ങളായ പഠനങ്ങളു ണ്ട്. കാലംതെറ്റിയെത്തുന്ന അധിവർഷം, മഴക്കാലത്ത് പെയ്യാതെ ഓടി അകലുന്ന മേഘങ്ങൾ, വേനലിൽ ഇടമഴയുടെ കുറവ്, പല ജില്ലകളിലും തുടർച്ചയായി കാലവർഷത്തിന്റെ ഗണ്യമായ കുറവ്, എന്നിവ കാലാവസ്ഥാ

വ്യതിയാനം കേരളത്തിൽ എത്തിയെന്നതിന്റെ സൂചനതന്നെയാണ്. വൃശ്ചികത്തിലെ കൊടുംചൂട്, പകൽ താപനിലയോടൊപ്പം രാത്രി താപനിലയിലുമുള്ള വർദ്ധനവ് ഇതെല്ലാം ഏതൊരു സാധാരണക്കാരനും തിരിച്ചറിയുകയാണ്. തിരുവാതിര ഞാറ്റുവേല എന്നൊക്കെ പറഞ്ഞാൽ പലരുടെയും മനസ്സിൽ ഒരു ചലനവും സൃഷ്ടിക്കുന്നില്ലെങ്കിലും ഇന്നും പാടത്തിറങ്ങി കൃഷി ചെയ്യുകയും തിരിയിട്ട കുരുമുളക് വള്ളിയെക്കുറിച്ച് വേവലാതിപ്പെടുകയും ചെയ്യുന്ന സാധാരണ കർഷകന്റെ മനസ്സിൽ മഴയില്ലാതെ ഞാറ്റുവേലകൾ ഒഴിയുമ്പോൾ പടരുന്ന ആധിയും ആശങ്കയും തിരിച്ചറിഞ്ഞേ മതിയാകൂ. നവംബർ–ഡിസംബർ മാസത്തിൽത്തന്നെ കാർഷികമേഖല മുഴുവൻ കരിഞ്ഞുണങ്ങുന്നതിന്റെ റിപ്പോർട്ടുകൾ വന്നുതുടങ്ങി. കാലാവസ്ഥ ചതിച്ചാൽ നമ്മുടെ ജീവിതക്രമമൊക്കെ മാറുകയും നമ്മൾ ശീലിച്ചതൊക്കെ തകിടം മറിയുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും. മൊത്തത്തിലുണ്ടായ 34 ശതമാനം മഴക്കുറവ് മഴയെ മാത്രം ആശ്രയിച്ചുകഴിയുന്ന നമ്മുടെ ജലസ്രോതസ്സിനെ ഗുരുതരമായി ബാധിക്കും. ഇന്നും കേരളത്തിലെ കുടിവെള്ളത്തിന്റെ സ്രോതസ്സിന്റെ 70 ശതമാനവും കിണറുകളും മറ്റ് ജലസ്രോതസ്സുകളുമാണ്. പൈപ്പ്‌വെള്ളം ഉപയോഗിക്കുന്നവർ 30 ശതമാനത്തിൽ താഴെയാണ്. അഞ്ചുലക്ഷം ടാപ്പുകൾ മാത്രമാണ് സംസ്ഥാനത്തുള്ളത്. നദീജലത്തിലെ ഗണ്യമായ കുറവ് വാട്ടർ അതോറിറ്റിയുടെ ജലവിതരണ സംവിധാനത്തെ അടിമുടി ഉലയ്ക്കുകയാണ്. ഇപ്പോൾതന്നെ പമ്പ് ചെയ്യുന്ന കുടിവെള്ളത്തിൽ ഗണ്യമായ കുറവുണ്ടായിരിക്കുന്നു. ഇപ്പോൾ ഉണ്ടായിരിക്കുന്ന പവർകട്ട് നമ്മുടെ കുടിവെള്ള വിതരണ സംവിധാനത്തെ വളരെ ഗൗരവതരമായി ബാധിക്കുകയാണ്. പവർകട്ട് ഉണ്ടാകുമ്പോൾ ടെയിൽ എൻഡിലേക്ക് പമ്പ് ചെയ്യുന്ന വെള്ളം മുഴുവൻ പ്രഷർ

മൂലം തിരിച്ചുവരുന്ന സംവിധാനമാണ്. അതുകൊണ്ട് പവർകട്ട് പമ്പിംഗ് സ്റ്റേഷനുകളിലെങ്കിലും പിൻവലിക്കാനുള്ള തീരുമാനം വളരെ അത്യാവശ്യമായി ഗവൺമെന്റ് എടുക്കണം. ആ പവർകട്ട് മൂലം ജലവിതരണ സംവിധാനം ആകെ അലങ്കോലപ്പെട്ടിരിക്കുകയാണ്. നമ്മുടെ ജലവൈദ്യുതി പദ്ധതികളുടെ റിസർവോയറുകളിലെ ജലശേഖരം വളരെ കുറവായിരിക്കുന്നു. ഇപ്പോൾത്തന്നെ ഉണ്ടായിരിക്കുന്ന വൈദ്യുതി പ്രതിസന്ധിക്ക് അത് ആക്കം കൂട്ടും. ഗാർഹിക ഉപഭോക്താക്കളെ മാത്രമല്ല സംസ്ഥാനത്തെ പൊതു മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള വ്യവസായ സ്ഥാപനങ്ങൾതന്നെ പലതും അടച്ചിടേണ്ട ഘട്ടത്തിലേക്ക് എത്തും. ഇപ്പോൾതന്നെ പല വ്യവസായ സ്ഥാപനങ്ങളും നഷ്ടത്തിലാണ് പോകുന്നത്. അത് നമ്മുടെ ജലസേചന സംവിധാനങ്ങളേയും ബാധിക്കും. വൻകിട ചെറുകിട ജലസേചന പദ്ധതികൾ വെള്ളമില്ലാതെ പ്രയാസത്തിലാകും. ഇത് കാർഷിക മേഖലയിൽ വമ്പിച്ച പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ഭൂഗർഭജല വിതാനത്തെക്കുറിച്ച് ഇവിടെ സംസാരിച്ചു, ഭൂഗർഭജലവിതാനം നാല് മീറ്റർ താഴേക്ക് പോയി. കിണറുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മുഴുവൻ വറ്റിവരളുകയാണ്. ഇത് സംസ്ഥാനത്തെ ഗാർഹിക ജലവിതരണ സംവിധാനങ്ങളെ തകരാറിലാക്കും. ഇപ്പോൾത്തന്നെ കുടിവെള്ളത്തിനുവേണ്ടിയുള്ള നെട്ടോട്ടം വളരെയധികം വർദ്ധിച്ചിരിക്കുന്നു. സ്രോതസ്സുകളിൽ ജലശേഖരം കുറയുന്നത് പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കും. വെള്ളത്തിന്റെ കണ്ടന്റ് കുറയുന്നതോടുകൂടി വെള്ളം കെട്ടിക്കിടക്കുകയും, ആ വെള്ളം കെട്ടിക്കിടക്കുന്നത് കൂടുതൽ മലിനമാകുകയും അതുമൂലം ആരോഗ്യ പ്രശ്നങ്ങളും ജലജന്യ രോഗങ്ങളും ഉണ്ടാകുകയും ചെയ്യും. സംസ്ഥാന ചരിത്രത്തിൽ, ഈ ഗവൺമെന്റെടുത്തിട്ടുള്ള നടപടികൾ, ഇതുവരെ ഒരു

ഗവൺമെന്റും സ്വീകരിക്കാത്ത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്രമാത്രം പണം വരൾച്ചയെ നേരിടാൻ വേണ്ടി കൊടുത്ത ഒരു കാലഘട്ടവും ഉണ്ടായിട്ടില്ല. ആ പണം വളരെ ശാസ്ത്രീയമായിക്ക ഭംഗിയായി ചെലവഴിക്കാൻ കഴിയണം. എല്ലാ പഞ്ചായത്തുകളിലും കുളങ്ങൾ കുഴിക്കുകയും പരമ്പരാഗതമായ കൃഷിരീതികളെ കൊണ്ടുവരാൻ കഴിയുകയും ചെയ്യണം. എനിക്ക് തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ഷി.ബു ബേബി ജോണിനോട് ഒരു അഭ്യർത്ഥനയുണ്ട്. ചൂടുകൂടി സൂര്യാഘാതം വരുകയാണ്. ഈ ചൂട് ഏറ്റവും കൂടുതൽ അനുഭവിക്കുന്നവർ ആരാണ്; ഉയർന്ന കെട്ടിടങ്ങളിൽ ജോലിയെടുക്കുന്ന തൊഴിലാളികൾ, പൊതുസ്ഥലങ്ങളിൽ സൂര്യന്റെ താഴെനിന്ന് ജോലിയെടുക്കുന്ന തൊഴിലാളികൾ, അവരുടെ സ്ഥിതി വളരെ ദയനീയമാണ്. അതുകൊണ്ട് കൊടുംചൂട് കൂടുന്ന അവസരങ്ങളിൽ തൊഴിൽ ഇടവേള വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള പ്രത്യേകമായ ഒരു ഉത്തരവ് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ഗവൺമെന്റ് പുറപ്പെടുവിക്കണമെന്ന അഭ്യർത്ഥന കൂടി എനിക്കുണ്ട്. ഇത് ദീർഘവീക്ഷണത്തോടുകൂടി തയ്യാറാക്കി സംസ്ഥാനത്ത് ഈ പ്രാവശ്യം മാത്രമല്ല, വരാനിരിക്കുന്ന വർഷങ്ങളിൽ കൂടി നേരിടാൻ പോകുന്ന ഗൗരവതരമായ പ്രശ്നത്തെ എല്ലാവിധ ശാസ്ത്രീയ അടിസ്ഥാനത്തിൽ ഗവൺമെന്റ് നേരിടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. തോമസ് ചാണ്ടി: സർ, വെള്ളം വെള്ളം സർവ്വത്ര വെള്ളം കുടിപ്പാൻ ഒരിറ്റ് നീരില്ലായെന്ന് പറയുന്നതുപോലെയാണ് കുട്ടനാടിന്റെ അവസ്ഥ. അവിടെ വാട്ടർ അതോറിറ്റിയുടെ വലിയ ഒരു പ്ലാന്റ് 90 ശതമാനവും പണി പൂർത്തിയായിട്ടുണ്ട്. അടിയന്തരമായി പ്ലാന്റിന്റെ പണി പൂർത്തിയാക്കി ആ

ദേശത്ത് വെള്ളമില്ലാതെ വലയുന്ന ആളുകൾക്ക് കുടിവെള്ളം കൊടുക്കാനുള്ള നടപടിയുണ്ടാകണം. എന്നാൽ കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ പൈപ്പുകളില്ല. വാസ്കോണിന്റെ 170 കോടി രൂപയുടെ പദ്ധതി സമർപ്പിച്ച് അത് പാസ്സായി കിടക്കുന്നുവെന്ന് പറയുന്നുണ്ട്. അതിന്റെ നടപടി എവിടം വരെയായി എന്ന് ചോദിക്കാൻ മന്ത്രിയില്ല. ഇവിടെ ആകെ ഉത്തരവാദിത്വമുള്ള മുഖ്യമന്ത്രി മാത്രമേ ഉണ്ടായിരുന്നുള്ളൂ അദ്ദേഹവും പോയിയെന്നാണ് തോന്നുന്നത്. ആരോടാണ് ഇതുസംബന്ധിച്ച് ചോദിക്കേണ്ടത്? ഏതായാലും അടിയന്തരമായി.........

മി. ഡെപ്യൂട്ടി സ്പീക്കർ: റവന്യൂ മിനിസ്റ്ററുണ്ട്, പൈസ അനുവദിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയും ഉണ്ട്.

ശ്രീ. തോമസ് ചാണ്ടി: സർ, ഇത് ധനകാര്യ വകുപ്പുമന്ത്രിയുടെ പൈസയല്ല. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടാണ്. അതുകൊണ്ട് അടിയന്തരമായി അക്കാര്യത്തിൽ നടപടിയുണ്ടാകണം. വാസ്കോണിന്റെ പദ്ധതി എത്രയും വേഗം പൂർത്തിയാക്കി കുട്ടനാട്ടിലെ ജനങ്ങളെ രക്ഷിക്കണം. അതുപോലെ ട്യൂബ് വെല്ലുകളിൽനിന്നും ഒ.എക്സ് ടാങ്കുകളിൽ നിന്നും പരമാവധി പൈപ്പ് ലൈനുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണത്തിന് നടപടി സ്വീകരിക്കണം. വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റി എം.ഡി.ക്ക് ഞാനൊരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ഒരു നടപടിയും ആയിട്ടില്ല. അദ്ദേഹത്തിന്റെ കയ്യിൽ ഫണ്ടുണ്ട്. വാട്ടർ അതോറിറ്റി എം.ഡി. കുറച്ചു നേരം മുമ്പ് ഇവിടെ ഉണ്ടായിരുന്നു. ഇപ്പോൾ കാണുന്നില്ല. അതുകൊണ്ട് അടിയന്തരമായി കുട്ടനാടിന്റെ...........എത്ര ലക്ഷം ടൺ നെല്ലാണ് ഞങ്ങൾ ഉത്പാദിപ്പിച്ചുതരുന്നത്. അവിടെയുള്ള ആറ്റിലും തോട്ടിലും വിഷമാണ്.

നിങ്ങൾക്ക് നെല്ല് ഉത്പാദിപ്പിക്കുന്നതുകൊണ്ടാണ് ആറ്റിലും തോട്ടിലും വിഷം അടിച്ച് കയറ്റി നിർത്തിയിരിക്കുന്നത്. അതുകൊണ്ട് ഈ വിഷവെള്ളം കുടിക്കാതെ കുട്ടനാട്ടിലെ ജനങ്ങളെ രക്ഷിക്കാൻ അടിയന്തരനടപടി സ്വീകരിക്കണമെന്നു മാത്രം ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, വർത്തമാനകാല കേരളം നേരിടുന്ന ഏറ്റവും രൂക്ഷമായ വരൾച്ച, കുടിവെള്ള ക്ഷാമം പ്രശ്നം തുടങ്ങിയവ ഇത്തരത്തിലൊരു അടിയന്തപ്രമേയമായി വരുകയും അത് ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്ത ഗവൺമെന്റിനേയും മുഖ്യമന്ത്രിയേയും പ്രത്യേകം അഭിനന്ദിക്കുകയാണ്. വരൾച്ച, കേരളത്തിൽ ഒരു സുപ്രഭാതത്തിൽ ഉണ്ടായ ഒന്നല്ലായെന്ന് നമുക്കെല്ലാവർക്കും അറിയാം. നേരത്തേ ശ്രീ. വി. ഡി. സതിശനും ശ്രീ. എം.വി. ശ്രേയാംസ് കുമാറും ശ്രീ. റ്റി.എ. അഹമ്മദ് കബീറുമൊക്കെ ചൂണ്ടിക്കാണിച്ചതുപോലെ വളരെ വർഷങ്ങളായി വന്ന ചില പരിവർത്തനങ്ങളുടെ ഭാഗമായാണ് ഇത്തരത്തിലൊരു വരൾച്ച എന്ന ഇന്നത്തെ ദുരന്തത്തിലേക്ക് നാം എത്തിച്ചേർന്നത്. ആഗോളതാപനത്തിന്റെ വ്യതിയാനത്തിന്റെ ഭാഗമായി കേരളത്തിൽ ഇത്തരത്തിലുള്ള പ്രതിഭാസങ്ങൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ ഭൂഗർഭ ജലത്തിന്റെ നിരപ്പ് ഭയാനകമായി കുറയുകയാണ്. കേരളത്തിലെ 53 ബ്ലോക്കുകളിൽ അതിഭയാനകമായ രീതിയിൽ ഭൂഗർഭജലത്തിന്റെ നിരപ്പ് കുറഞ്ഞു. ഇതിന് പല പ്രധാനപ്പെട്ട കാരണങ്ങളുണ്ട്. ഏറ്റവും വലിയ ജലസംഭരണികളായ നെൽവയലുകൾ പരിവർത്തനം ചെയ്യപ്പെട്ടു; ഇല്ലാതായി മാറി. അവശേഷിക്കുന്ന നെൽവയലുകളിൽത്തന്നെ നെൽകൃഷിക്ക് പകരം കാർഷിക പരിവർത്തനങ്ങൾ വരുത്തി മറ്റ് വിളകൾ കൃഷി ചെയ്ത് അവിടെ ജലം സംഭരിക്കാത്ത സാഹചര്യം ഉണ്ടായി. അശാസ്ത്രീയമായ

നമ്മുടെ കെട്ടിട നിർമ്മാണങ്ങളും വീടുകളുടെ മുറ്റത്തുപോലും ടൈലുകൾ വിരിച്ച് മഴവെള്ളം ഭൂമിക്കടിയിലേക്ക് പോകാത്ത സാഹചര്യം ഉണ്ടായി. നമ്മുടെ തോടുകളും കുളങ്ങളും നിർച്ചാലുകളുമെല്ലാം ഒന്നുകിൽ മാലിന്യ മായി അല്ലെങ്കിൽ അവയെല്ലാം തീർത്തും ഇല്ലാതാക്കി മാറ്റി. ഇങ്ങനെ നാംതന്നെ സൃഷ്ടിച്ച നിരവധി ഘടകങ്ങളുടെ പശ്ചാത്തലത്തിലാണ് കേരള ത്തിൽ ഈ മഹാദുരന്തം ഉണ്ടായത്. നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ഏകദേശം ഏഴ് മാസക്കാലത്തോളം മഴ ലഭിക്കുന്ന ഇന്ത്യയിലെ അല്ലെങ്കിൽ ലോകത്തിലെ അപൂർവ്വമായ സ്ഥലങ്ങളിലൊന്നാണ് നമ്മുടെ കേരളം. ഇത്തരത്തിലുള്ള ജലക്ഷാമം നമ്മളൊരിക്കലും സ്വപ്നത്തിൽ കണ്ടി ട്ടുള്ള ആളുകളല്ല. 44 നദികളുണ്ട്. ആ നദികളുണ്ടായിട്ടും ഇത്രമാത്രം മഴയും കിട്ടിയിട്ടും ആ വെള്ളം മുഴുവൻ കടലിലേക്ക് ഒഴുകിപ്പോകുന്ന സാഹചര്യം ഉണ്ടാകുന്നു. ദീർഘകാലാടിസ്ഥാനത്തിൽ ഇതിനാവശ്യമായ ഭാവനയില്ലാതെ പോയതാണ് കാരണം. മാറിമാറി വന്ന എല്ലാ ഗവൺമെന്റുകളും ഇതിന്റെ ഭരണാധികാരികളും ഇതിന് ചുമതല വഹിച്ച ഉയർന്ന ഉദ്യോഗസ്ഥരുൾപ്പെടെ യുള്ള ആളുകളുടെ പ്ലാനിംഗിൽ വന്ന ഏറ്റവും വലിയ തകർച്ചയാണ്. ഇത് മുന്നിൽ നിന്നുകാണുവാനുള്ള ദീർഘവീക്ഷണം പലപ്പോഴും നമുക്ക് ഉണ്ടാ യില്ല. താൽക്കാലികമായി ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് അപ്പപ്പോഴുണ്ടാകുന്ന പരിഹാരമെന്ന നിലയ്ക്കാണ് നമ്മൾ പലപ്പോഴും പോകുന്നത്. അതുമാറി ശാശ്വതമായ പരിഹാരം ഉണ്ടാകണം. അതിന് വരൾച്ചയേയും കുടിവെള്ള ക്ഷാമത്തേയും രണ്ടായി കാണണം. ഒന്ന്, ഹ്യസ്വകാല അടിസ്ഥാനത്തിലുള്ള പരിഹാരം ഉണ്ടാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ജലവിഭവ വകുപ്പു മന്ത്രിയും ഇവിടെയില്ലെങ്കിലും റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യം പ്രത്യേകം

ശ്രദ്ധിക്കണം. നിലവിലുള്ള നമ്മുടെ കിണറുകളും കുളങ്ങളും തോടുകളും വൃത്തിയാക്കി സംരക്ഷിക്കാനുള്ള നടപടി നിർബന്ധമായും സ്വീകരിക്കണം. അതിനാവശ്യമായ പണം നൽകണം. ഇന്നും കേരളത്തിൽ നല്ല ജല സ്രോതസ്സുകളായി നിൽക്കുന്ന നിരവധി കുളങ്ങളുണ്ട്. ആരാധനാലയങ്ങളിലെ കുളങ്ങളും സ്വകാര്യ വ്യക്തികളുടെ കുളങ്ങളുമുൾപ്പെടെയുള്ള റവന്യൂ സ്ഥലങ്ങളിലെ കുളങ്ങളുമുണ്ട്. റവന്യൂ സ്ഥലങ്ങളിലെ കുളങ്ങൾ സംരക്ഷിക്കാനും അവ ജല സ്രോതസ്സുകളായി നിലനിർത്താനും നാം അടിയന്തര നടപടി സ്വീകരിക്കണം. കുടിവെള്ളം ദുർവിനിയോഗം ചെയ്യുന്നതിനെ നിർബന്ധമായും തടയണം. കുടിവെള്ളം നഷ്ടപ്പെടുന്നതിനുകാരണം അരനൂറ്റാണ്ടിലേറെ പഴക്കമുള്ള പഴയ മൺ പൈപ്പുകളാണ് കിടക്കുന്നത്. ഈ പഴയ പൈപ്പുകൾ മാറ്റാൻ വേണ്ടി ജലസേചന വകുപ്പിന് കുറെക്കൂടി പിന്തുണ നൽകാൻ ഗവൺമെന്റ് തയ്യാറാകണം. പഴയ പൈപ്പുകൾ മാറ്റിയാൽ അത്രമാത്രം വെള്ളം നമുക്ക് ലാഭിക്കാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടേണ്ട ഒരു പ്രധാനപ്പെട്ട കാര്യം നേരത്തെ ഇവിടെ പലരും ചൂണ്ടികാണിച്ചു. ഇപ്പോൾ പവർ കട്ട് വലിയൊരു പ്രശ്നമായിരിക്കുകയാണ്. കുടിവെള്ളം കൊടുക്കുന്ന പദ്ധതി സ്ഥലങ്ങളിൽ പവർ കട്ടുള്ളതുകൊണ്ട്.............. ആഴ്ചയിൽ ഒരു ദിവസം പോലും കുടിവെള്ളം കൊടുക്കാൻ കഴിയാത്ത മാള, കൊടുങ്ങല്ലൂർ പ്രദേശത്തുനിന്നാണ് ഞാൻ വരുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ 13 ദിവസം കൂടുമ്പോഴാണ് ഒരു ദിവസം പൈപ്പിൽ വെള്ളം കിട്ടുന്നത്. അവിടെയാണെങ്കിൽ ആറ്, ഏഴ് മണിക്കൂർ പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ പവർ കട്ട് നടക്കുകയാണ്. അതുകൊണ്ട് കുടിവെള്ള

പദ്ധതികളുള്ള സ്ഥലങ്ങളിൽ നിർബന്ധമായും പവർ കട്ട് ഒഴിവാക്കാൻ കർശനമായ നിർദ്ദേശം കൊടുക്കുകയും അതിന് ക്രമീകരണമുണ്ടാക്കുകയും വേണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ നിർബന്ധമായും ഇടപെടണം. പല സ്ഥലങ്ങളിലേയ്ക്കും പൈപ്പുകൾ എക്സ്റ്റെന്റ് ചെയ്യാനുള്ള നടപടിയുമുണ്ടാകണം. കുറച്ച് പൈപ്പുകൾ എക്സ്റ്റെന്റ് ചെയ്തിട്ടുണ്ട്. ജില്ലകൾക്ക് വരൾച്ചാ ദുരിതാശ്വാസത്തിന് കൊടുത്ത പണം പോര. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് കുറേക്കൂടി പണം അടിയന്തര ഘട്ടത്തിലേയ്ക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രിയെക്കൊണ്ട് അനുവദിപ്പിക്കണം. നേരത്തെ അനുവദിച്ച പണം പോര. നിയോജകമണ്ഡലങ്ങളിൽ കഴിഞ്ഞ വർഷം ചെലവുചെയ്ത പണവുംകൂടി കണക്കുകൂട്ടിയാണ് മണ്ഡലങ്ങൾക്ക് വിഭജിച്ച് കൊടുക്കുന്നത്. അത് അശാസ്ത്രീയമാണ്. ഓരോ പ്രദേശത്തെയും വരൾച്ചയുടെ പശ്ചാത്തലത്തിൽ പണം അനുവദിച്ച് കൊടുക്കാനുള്ള നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും ജില്ലാ കളക്ടർമാർക്ക് നൽകി യുദ്ധകാലാടിസ്ഥാനത്തിൽ പൈപ്പ് ലൈൻ എക്സ്റ്റന്റ് ചെയ്യേണ്ടിടത്ത് എക്സ്റ്റന്റ് ചെയ്യാൻ കൂടി അടിയന്തരമായി പണം അനുവദിച്ചേ മതിയാകൂ. ദീർഘകാലാടിസ്ഥാനത്തിൽ ഒരു നടപടി കൂടി സ്വീകരിക്കണം. നെൽ വയലുകൾ നികത്തുന്നത് കർശനമായും തടയണം. അവ പരിവർത്തനം വരുത്തിയുള്ള മറ്റ് കൃഷികൾ ഒരു കാരണവശാലും അനുവദിച്ചുകൂടാ. റവന്യൂവകുപ്പുമന്ത്രി ഉൾപ്പെടെയുള്ള ആളുകളോട് അഭ്യർത്ഥിക്കാനുള്ളത്, നെൽവയലുകൾ നികത്താൻ വേണ്ടിയുള്ള പ്രത്യേക പെർമിഷനുവേണ്ടി പലരും, രാഷ്ട്രീയക്കാരുടെ ഉൾപ്പെടെയുള്ളവരുടെ, ശുപാർശ കൊണ്ട് വരും. ഒരു കാരണവശാലും സംസ്ഥാനത്ത് ഒരു തുണ്ട് നെൽവയലും ഇനി ഒരു പ്രത്യേക

പെർമിഷനോടുകൂടി നികത്താനുള്ള അനുമതി കൊടുത്തുകൂടാ. നദികളിൽ തടയണകൾ കെട്ടണം. ബഹുമാനപ്പെട്ട ജലസേചന മന്ത്രി ഇവിടെയില്ല. ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തടയണകൾ അടുത്ത വേനൽക്കാലം കഴിഞ്ഞിട്ട് കെട്ടിയാൽ പോര. അടിയന്തരമായി ഈ വേനൽക്കാലത്തുതന്നെ തടയണകൾ കെട്ടി ജലം നിലനിർത്താൻ വേണ്ടിയുള്ള നടപടി സ്വീകരിക്കണം. ഇത്രയും കാര്യങ്ങളെ അടിയന്തര പ്രാധാന്യത്തോടുകൂടി കൊടുക്കേണ്ട കാര്യങ്ങളും ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങളും എന്ന് രണ്ടായി കണക്കാക്കണം. നമുക്ക് 44 നദികളുണ്ട്. ഇപ്പോൾ മഴ കുറവാണെങ്കിലും നമ്മുടെ നദികൾ മുഴുവനും വറ്റിവരണ്ടിട്ടില്ല. ഈ നദികൾ സംരക്ഷിച്ചാൽ മാത്രമേ കേരളത്തിലെ ഭൂഗർഭജലം നിലനിർത്താൻ കഴിയൂ. നമ്മുടെ നദികൾക്കെല്ലാം പരിവർത്തനം വന്നുകൊണ്ടിരിക്കുകയാണ്. അനിയന്ത്രിതമായ മണ്ണെടുപ്പുമൂലം നദികൾ ഇല്ലാതായി മാറുന്നു. ഈ കാര്യത്തിനും ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും ഇതിന് പരിഹാരം കാണണം. ഗവൺമെന്റ് ഇപ്പോഴെടുത്ത നടപടികളെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇതിനുവേണ്ടി എം.എൽ.എ. മാരുടെ നേതൃത്വത്തിൽ ഉണ്ടാക്കിയ സമീപനങ്ങൾ ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ ഓരോ നിയോജകമണ്ഡലങ്ങളിലേയ്ക്കും വരൾച്ചാ ദുരിതാശ്വാസത്തിനുവേണ്ടി നൽകിയ പിന്തുണയെയും അഭിനന്ദിച്ചുകൊണ്ട് ഒന്നുകൂടി ഈ കാര്യത്തിൽ ഗൗരവത്തോടുകൂടി ഇടപെടാനുള്ള സമീപനമുണ്ടാകണം. ഇത്തരത്തിലൊരു ചർച്ച ഈ നിയമസഭയിൽ കൊണ്ടുവന്നതിനും അതിന് അനുമതി കൊടുത്തതിനും

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, കേരളം അതിഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് പോകുന്നുവെന്ന് കണ്ടുകൊണ്ടാണ് പ്രതിപക്ഷം ഇത്തരത്തിലുളള ഒരു അടിയന്തരപ്രമേയം കൊണ്ടുവരാൻ നിർബന്ധിതമായത്. ഇവിടെ ഗവൺമെന്റ് സമ്പൂർണ്ണമായി പരാജയപ്പെട്ടു. സമ്പൂർണ്ണ വിജയമായിരുന്നുവെങ്കിൽ ഇത്തരം ഒരു അടിയന്തരപ്രമേയം ഒരിക്കലും പ്രതിപക്ഷം കൊണ്ടുവരില്ലായിരുന്നു. ഇപ്പോഴെങ്കിലും വരൾച്ചയെക്കുറിച്ച് ചർച്ച ചെയ്യാൻ ഒരു പ്രമേയം കൊണ്ടുവന്നത് നന്നായി എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ പറഞ്ഞത്. എന്നുപറഞ്ഞാൽ ഞങ്ങൾ ഈ വിഷയം ഈ സഭയിൽ കൊണ്ടുവന്നിട്ടില്ലെന്ന് പ്രതിധ്വനിപ്പിക്കുന്ന രൂപത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അദ്ദേഹം അത് പറയാൻ പാടില്ലായിരുന്നു. അത് ഖേദകരമായിപ്പോയി. ശ്രീ. മുല്ലക്കര രത്നാകരനും ശ്രീ. വി. ചെന്താമരാക്ഷനും ഇവിടെ അടിയന്തര പ്രമേയം കൊണ്ടുവന്നു. ടാങ്കർ ലോറിയിൽ ജലവിതരണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ തന്നെ ജനുവരി മാസം ഇവിടെ സബ്മിഷൻ അവതരിപ്പിച്ചതാണ്. ആ സബ്മിഷൻ അവതരിപ്പിച്ചതിനു ശേഷമാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയതും 85 കോടി രൂപ കൊടുത്തതും. അത്രയും ഫലപ്രദമായ നടപടികൾ പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നുമുണ്ടായി. കഴിഞ്ഞ 5 വർഷക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ചപ്പോൾ ഫലപ്രദമായ നടപടികളാണ് കേരളത്തിൽ അന്നത്തെ

ഗവൺമെന്റ് സ്വീകരിച്ചത്. യു.ഡി.എഫ്.-ന്റെ ഭരണകക്ഷി എം.എൽ.എ. മാർ കേരളത്തിലെ വരൾച്ചയ്ക്ക് പരിഹാരം കാണാൻ ഒരു അടിയന്തര പ്രമേയവും ഈ സഭയിൽ കൊണ്ടുവന്നില്ല. എന്താണ് കാരണം? ഫലപ്രദമായ നടപടികളാണ് ബഹുമാനപ്പെട്ട ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഈ കേരളത്തിലെടുത്തത്. അതുകൊണ്ടാണ് നിങ്ങൾക്ക് അടിയന്തരപ്രമേയം കൊണ്ടുവരാൻ കഴിയാതിരുന്നത്. ഇവിടെ സ്വാഭാവികമായും ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലുമുള്ള ഗൗരവകരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തു. ഇവിടത്തെ കോൺക്രീറ്റ് കെട്ടിടങ്ങളെയും ഈ കെട്ടിടങ്ങളുടെ മുറ്റത്തിടുന്ന കോൺക്രീറ്റ് ടൈലുകളെ സംബന്ധിച്ചും ഗൗരവമായ പഠനം നടത്തണം. തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ മാത്രം 400 ലധികം ഫ്ളാറ്റുകളിൽ നടത്തിയ പഠനത്തിൽ പുറത്തുവന്നത് 25000 ത്തോളം എയർ കണ്ടീഷനുകൾ അവിടെ പ്രവർത്തിക്കുന്നുവെന്നാണ്. ഇവിടെ ചർച്ച ചെയ്ത ഓസോൺ പാളികളിലെ വിള്ളലും അൾട്രാ വൈലറ്റ് രശ്മികളും ഫ്ളോറി ക്ലൂറ എലമെന്റുമെല്ലാം നമ്മുടെ അന്തരീക്ഷത്തിൽ പടർന്നതുമൂലമുണ്ടാകുന്ന, കേരളത്തിൽ മാത്രമല്ല ലോകത്താകമാനം, വളരെ ഗുരുതരവും സങ്കീർണ്ണവുമായ അവസ്ഥയിലൂടെ നമ്മുടെ നാട് കടന്നുപോകുമ്പോഴാണ് സ്വാഭാവികമായും കേരളത്തിലും അതിന്റെ പ്രതിധ്വനിയുണ്ടാകുന്നത്. ഇവിടെ ഏറ്റവും പ്രധാനമായ നടപടികളാണ് നമ്മൾ സ്വീകരിക്കേണ്ടത്. അത്തരം നടപടികൾ സ്വീകരിച്ചില്ല. ആഗസ്റ്റ് മാസത്തിൽ 5 ജില്ലയെ വരൾച്ചാബാധിത ജില്ലയായി പ്രഖ്യാപിച്ചു. എന്തെങ്കിലും നടപടികൾ സ്വീകരിച്ചോ? അതിനുശേഷമാണ് 36 അണക്കെട്ടുകൾ വറ്റിവരണ്ടത്. 5,980 കോടി രൂപയുടെ കാർഷിക

നഷ്ടമുണ്ടായി എന്നുള്ള കണക്കുവന്നത് അതിനെത്തുടർന്നാണ്. 1,630 കോടി രൂപ കെ.എസ്.ഇ.ബി. ക്കുമാത്രം നഷ്ടമുണ്ടായി. എന്തുകൊണ്ടാണ് ഇത്രയും വലിയ ലോഡ് ഷെഡിംഗ്. 5 മണിക്കൂറാണ് ഇപ്പോഴത്തെ ലോഡ് ഷെഡിംഗ്. മുൻകൂട്ടി വൈദ്യുതി കൊണ്ടുവരാനുള്ള കോറിഡോറുകൾ ബുക്ക് ചെയ്യുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് സമ്പൂർണ്ണമായി പരാജയപ്പെട്ടു. കേരളം ഭരിച്ച ഗവൺമെന്റുകൾ മുൻകൂട്ടിത്തന്നെ കോറിഡോറുകൾ ബുക്ക് ചെയ്യുകയായിരുന്നു. പ്രത്യേകിച്ച് ഇടതുപക്ഷ മുന്നണി ഗവൺമെന്റ് മുൻകൂട്ടി കോറിഡോറുകൾ ബുക്ക് ചെയ്തു. അതുകൊണ്ട് കടുത്ത വരൾച്ചയിലും ലോഡ് ഷെഡിംഗ് വേണ്ടിവന്നില്ല. പക്ഷേ നിങ്ങൾ, ഞാൻ കുറ്റപ്പെടുത്തുകയല്ല, അടുത്ത വർഷത്തേയ്ക്കെങ്കിലും ഈ മുൻകരുതൽ സ്വീകരിക്കണം. മുൻകൂട്ടിത്തന്നെ വൈദ്യുതി കൊണ്ടുവരാനുള്ള കോറിഡോറുകൾ നിങ്ങൾ ബുക്കുചെയ്യണം. ഏറ്റവും കൂടുതൽ മഴക്കുറവുണ്ടായ (47.1 ശതമാനം) വയനാട്ടിൽ കേന്ദ്രത്തിൽ നിന്നെത്തിയ സംഘം സന്ദർശനം നടത്താൻ തയ്യാറായില്ല. എന്നുപറഞ്ഞാൽ അവരെ കാര്യങ്ങൾ ബോധ്യപ്പെടുത്തുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെട്ടതുകൊണ്ടല്ലേ? ആ പരാജയമുണ്ടാകാൻ പാടില്ല. 982 വില്ലേജുകൾ കൊടും വരൾച്ചയുടെ പിടിയിലായെന്നാണ് ഔദ്യോഗികമായിട്ടുള്ള കണക്ക്. 75 വില്ലേജുകളിൽ മാത്രമേ കുടിവെള്ളമുള്ളൂ. ഇടുക്കിയിൽ ഒരു മാസത്തെ വെള്ളം മാത്രമേ അവശേഷിക്കുന്നുള്ളൂ. തൃശ്ശൂർ ജില്ലയിൽ കൊടുത്ത പണം കഴിഞ്ഞ വർഷത്തെ പ്രവൃത്തി ചെയ്യാൻ വേണ്ടി കൊടുക്കുകയാണ്. ഈ ജില്ലകളിൽ കൊടുത്തിട്ടുള്ള പണം ഉപയോഗിച്ച് ഫലപ്രദമായി എങ്ങനെ പ്രവർത്തിക്കാൻ

കഴിയും? 85 കോടി രൂപമാത്രമാണ് കൊടുത്തിട്ടുള്ളതെന്ന് ശ്രീ. ഇ. പി. ജയരാജൻ ഇവിടെ സൂചിപ്പിച്ചു. ഇത്ര ഗുരുതരമായിട്ടുള്ള ഈ സ്ഥിതിയിൽ ചർച്ച മാത്രം മതിയോ? പഞ്ചായത്തുകൾക്ക് അധികാരം കൊടുത്തു. കേരളത്തിലെ ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്ത് ഗവൺമെന്റ് കൊടുത്ത അധികാരം ഉപയോഗിച്ചുകൊണ്ട് ഓൺ ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ഒരു പൈസയെങ്കിലും ചെലവഴിച്ചോ? ചെലവഴിക്കാൻ കഴിയില്ല. കാരണം അവിടെ പദ്ധതിയെല്ലാം പൂർത്തിയായപ്പോഴാണ് ഗവൺമെന്റ് അനുമതി കൊടുത്തത്. അപ്പോൾ വാർത്തയുണ്ടാക്കാൻ വേണ്ടി മാത്രമുള്ള ഒരു അനുമതിയായി ഗവൺമെന്റിന്റെ ഈ അനുമതി മാറിയത് അതീവ ഖേദകരമായിപ്പോയി എന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്.

**(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)**

ഇവിടെ എല്ലാ ജില്ലകളും വരൾച്ചബാധിത ജില്ലകളായി പ്രഖ്യാപിച്ചു കഴിഞ്ഞാൽ യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. ആലപ്പുഴ ജില്ലയക്ക് ചാർജ്ജുകാരനായി ഒരു മന്ത്രിപോലും ഇല്ലെന്ന് ശ്രീ. തോമസ് ചാണ്ടി ഇവിടെ സൂചിപ്പിച്ചു. കോഴിക്കോട് ജില്ലയ്ക്കുവേണ്ടി അവിടത്തെ എം.എൽ.എ.മാരെല്ലാം ചേർന്ന് ഏഴരക്കോടി രൂപയുടെ പ്രൊപ്പോസൽ കൊടുത്തപ്പോൾ ജല അതോറിറ്റിക്ക് കൊടുത്തത് ഒന്നര ക്കോടി രൂപ. പത്തനംതിട്ട ജില്ലയിൽ ജല അതോറിറ്റിക്ക് ഒരു നയാപൈസ പോലും കൊടുത്തിട്ടില്ല. ഇപ്പോൾ പ്രൊപ്പോസൽ കൊടുക്കാൻ പറഞ്ഞിരിക്കു കയാണ്. 7,888 കോടി രൂപ കേന്ദ്ര സഹായം ചോദിച്ചു. ഒന്നും കിട്ടിയില്ല. കഴി

ഞ്ഞവർഷം 1,500 കോടി രൂപ കേന്ദ്രസഹായം ചോദിച്ചെങ്കിലും ഒന്നും കിട്ടിയല്ല. ഇത്തവണ 66 കോടി രൂപ തന്നത് സ്റ്റേറ്റിന് നിശ്ചിതമായി കേന്ദ്രം നീക്കിവയ്ക്കുന്ന തുകയാണ്. അതല്ലാതെ വരൾച്ചയുടെ ഭാഗമായി തന്നിട്ടില്ല. പുരയ്ക്ക് തീ പിടിക്കുമ്പോൾ വാഴ വെട്ടുന്നതുപോലെയാണ്, ആയിരം ലിറ്ററിന് 4.20 രൂപ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 250 രൂപയായി വർദ്ധിപ്പിക്കാൻ വേണ്ടി ഒരു പുതിയ നിയമനിർമ്മാണം ഗവൺമെന്റ് നടത്തിയത്. ഇത് ലജ്ജാകരമല്ലേ? ഫെബ്രുവരി 4-ാം തീയതി ഇറക്കിയിരിക്കുന്ന പുതിയ ഉത്തരവ് ജി.ഒ.(പി) നമ്പർ 117/എ.ഡി (പ്ലാനിംഗ്) പറഞ്ഞിരിക്കുന്നത് കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന നെൽവയൽ നീർത്തട സംരക്ഷണ നിയമം അസാധുവാക്കാൻ വേണ്ടി ഉന്നതാധികാര സമിതിയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ളതാണ്. ആദ്യപടിയായി ഈ ഗവൺമെന്റ് ചെയ്യേണ്ടത് എന്താണ്? ആ ഉത്തരവ് റദ്ദാക്കണം. ഇവിടത്തെ നീർത്തടങ്ങൾ സംരക്ഷിക്കുമെന്ന് ഈ നാട്ടിൽ ഉറപ്പുകൊടുക്കണം. ഒരു കോടി ലിറ്ററിലധികം ഭൂഗർഭ ജലമെടുക്കുന്ന പെപ്സികോള കമ്പനി രണ്ടുമാസമെങ്കിലും അടച്ചിടാൻ ഈ ഗവൺമെന്റ് ഉത്തരവ് കൊടുക്കണ്ടേ? കൊടുത്തോ? അതിന് പകരം എ.വി.റ്റി. കമ്പനിക്ക് പഴച്ചാർ ഉണ്ടാക്കാൻ ഭൂഗർഭ ജലമെടുക്കാനുള്ള നടപടിയല്ലേ സ്വീകരിച്ചത്. പറമ്പിക്കുളം-ആളിയാറിൽ നിന്ന് 7 ടി.എം.സി. വെള്ളം നമുക്ക് കിട്ടണം. അത് കിട്ടുന്നില്ല. നടപടി സ്വീകരിച്ചോ, കേന്ദ്രവുമായി ചർച്ച നടത്തിയോ, പ്രധാനമന്ത്രിയെ കണ്ടോ ഒന്നും ചെയ്തില്ല. ശിരുവാണി അണക്കെട്ടിൽനിന്ന് കോയമ്പത്തൂരിന് ഇഷ്ടംപോലെ വെള്ളം കേരളം കൊടുക്കുകയാണ്. നല്ല കാര്യം അവിടത്തെ മലയാളികൾ വെള്ളം കുടിക്കട്ടെ. പക്ഷേ കേരളത്തിന്റെ അവകാശം ചോദിച്ചുവാങ്ങാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കാൻ എന്തു

കൊണ്ട് ഗവൺമെന്റ് പരാജയപ്പെട്ടു? അതാണ് പ്രധാന പ്രശ്നം. അതു കൊണ്ട് കേന്ദ്ര ഗവൺമെന്റിനെ ഇക്കാര്യങ്ങൾ ഗൗരവമായി നമുക്ക് അറിയിക്കാൻ കഴിയണം. കേന്ദ്രത്തിന്റെ മുമ്പിൽ നമ്മുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കെ.പി.സി.സി. യിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പത്തുനാല്പത് തവണ ഡൽഹിക്ക് പോയില്ലേ? ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വെബ്സൈറ്റിൽ നോക്കി. അതിൽ വരൾച്ചാ ദുരിതാശ്വാസമായി 7,883 കോടി രൂപ ആവശ്യപ്പെട്ട് ഒരു നിവേദനവും കൊടുത്തതായി കാണുന്നില്ല. അപ്‌ലോഡ് ചെയ്യാൻ വിട്ടുപോയ തായിരിക്കും. പത്രത്തിൽ വായിക്കാൻ പറ്റിയില്ല. എത്രതവണ ഡൽഹിക്ക് പോയി. ഇതാണോ കേരളത്തിലെ ഗവൺമെന്റ് വരൾച്ച നേരിടാൻ വേണ്ടി എടുത്ത സമീപനം? എത്ര മന്ത്രിമാർ കേന്ദ്രത്തിൽപോയി ആ മന്ത്രിമാരെല്ലാം കേന്ദ്രത്തിൽപോയിട്ടും കേരളം നേരിടുന്ന അതിസങ്കീർണ്ണമായ പ്രശ്നത്തിൽ ഒരു നിവേദനം കൊടുക്കാൻ സാധിച്ചോ? ഈ ഗുരുതരമായ പ്രശ്നം വരുമ്പോൾ പ്രധാനമന്ത്രിയെ ഇടപെടീക്കാൻ സാധിച്ചോ? 7,000 കോടി രൂപ ചോദിച്ചിട്ട് ആയിരം അല്ലെങ്കിൽ 500 കോടി രൂപയെങ്കിലും തരണ്ടേ? ഇവിടെ പൈപ്പുകൾ നീട്ടാൻ പണമില്ല. മൈനർ,മേജർ ഇറിഗേഷനുകൾക്ക് പണമില്ല. ചെക്ക് ഡാം കെട്ടാൻ ബഹുമാനപ്പെട്ട മാണി സർ ബഡ്ജറ്റ് പ്രഖ്യാ പനം നടത്തിയതേയുള്ളു. എന്നാണ് ചെക്ക്ഡാം ഉയർന്നുവരുന്നത്? ചെക്ക് ഡാം ഉയരട്ടെ. നല്ല കാര്യമാണ്. പക്ഷേ എന്നത്തേയ്ക്ക് ഉയരും? 41 ഡിഗ്രി സെൽഷ്യസ് ചൂടിൽ കേരളം വെന്തുരുകുകയാണ്. ടാങ്കർ ലോറിയിൽ കുടി വെള്ളമെത്തിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. ഭാഗീ കമായി മാത്രമേ ടാങ്കർ ലോറിയിൽ കുടിവെള്ളമെത്തുന്നുള്ളു. പാവപ്പെട്ട

ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിൽ ആയിരം ലിറ്റർ വെള്ളം രണ്ടായിരം രൂപയ്ക്ക് വാങ്ങുകയാണ്. രണ്ടായിരം രൂപയ്ക്ക് ആയിരം ലിറ്റർ വെള്ളം വാങ്ങാൻ കേരളത്തിലെ മലയോര നിവാസികളായ പാവപ്പെട്ട ആളുകളിൽ എത്രപേർക്ക് കഴിയും? ഇടുക്കി, വയനാട്, പത്തനംതിട്ട ജില്ലകളിലൊക്കെ പാവപ്പെട്ട ആളുകൾ ഒരിറ്റു വെള്ളത്തിനുവേണ്ടി കേഴുകയാണ്. അവർക്ക് പണിക്ക് പോകാൻ പറ്റുന്നില്ല. അവരുടെ ടാപ്പുകളിൽ വെള്ളം വരുന്നില്ല. മുപ്പത് ശതമാനം ടാപ്പുകളിലെ കേരളത്തിൽ വെള്ളമുള്ളു. സങ്കീർണ്ണമായ അവസ്ഥയിലേയ്ക്ക് കേരളം പോകുകയാണ്. കുറ്റപ്പെടുത്തുകയല്ല. കേരള ത്തിൽ ആഗസ്റ്റ് മാസം അതീവഗുരുതരമായ വരൾച്ച കേരളത്തിലുണ്ടാ കുമെന്ന് ശാസ്ത്രജ്ഞൻമാരുടെ മുന്നറിയിപ്പുണ്ടായപ്പോൾ നടപടി സ്വീകരിക്കേണ്ടതായിരുന്നു. മറിച്ച് നമ്മൾ ഫയലിന്റെ പുറത്തുറങ്ങി. അതാണ് പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ട് ഇനിയെങ്കിലും ഗവൺമെന്റ് ഉണരണം. കേരളത്തിലെ ജനങ്ങൾ നേരിടുന്ന സങ്കീർണ്ണമായ ഗുരുതരമായ ഈ പ്രശ്നം പരിഹരിക്കാൻ പണം നീക്കിവയ്ക്കണം. കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ ചെല്ലണം. കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് കേരളത്തിന് ഫണ്ട് അനുവദിപ്പിക്കാൻ ഇനിയെങ്കിലും തയ്യാറാകണം. ഇന്ന് സ്മാർട്ട് സിറ്റിയുടെ ചർച്ചയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോകുകയാണ്. നല്ല കാര്യം. നാളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട മന്ത്രിമാരും ഡൽഹിയിലെ ത്തണം. എന്റെ നിർദ്ദേശമാണ്. കേൾക്കണമെന്നില്ല. കേരളത്തിന്റെ ഗുരുതര മായ പ്രശ്നം ചർച്ച ചെയ്യണം. അങ്ങനെ കേരളം നേരിടുന്ന, ഇന്ന് സഭ നിറുത്തിവച്ച് ചർച്ച ചെയ്യുന്ന അടിയന്തരമായ സാഹചര്യം ചർച്ച ചെയ്യുന്ന തിന് ഇടയായിട്ടുള്ളതിനെപ്പറ്റി നമ്മൾ ആലോചിക്കണം. കേരളം വറ്റി വരണ്ടുകൊണ്ടിരിക്കുകയാണ്. ശാസ്താംകോട്ട കായൽപോലും വറ്റി

വരണ്ടു. ഇത്ര ഗുരുതരമായ പ്രശ്നമുണ്ടായിട്ടും ഒരു സർവ്വ കക്ഷി സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കാൻ മനസ്സുതോന്നിയോ? കേരളം നേരിടുന്ന വരൾച്ചയുടെ ഗുരുതരാവസ്ഥ കേന്ദ്രത്തെ ബോധ്യപ്പെടുത്താൻ പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും മുഖ്യമന്ത്രിയും മന്ത്രിമാരുമെല്ലാമടങ്ങുന്ന ഒരു സർവ്വകക്ഷി സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ജനങ്ങളെ രക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വളരെ ഗൗരവത്തോടെ ആവശ്യപ്പെടാനുള്ളത്. ഹ്രസ്വകാല-ദീർഘകാല അടിസ്ഥാനത്തിൽ നടപടികൾ സമന്വയിപ്പിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളെ രക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് വളരെ ഗൗരവത്തോടെ ആവശ്യപ്പെടാനുള്ളത്. ഹ്രസ്വകാല നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ നമ്മൾ പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. ആ പരാജയം ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകണം. പരാജയം ഒരു വീഴ്ചയായി കുറ്റപ്പെടുത്തുന്നില്ല. കേരളത്തിലെ ജനങ്ങളോട് നീതി പുലർത്താൻ കഴിയുന്ന രൂപത്തിലേയ്ക്ക് മാറണം. നല്ല കാര്യങ്ങൾ ചെയ്താൽ അതിനെ ഞങ്ങൾ അഭിനന്ദിക്കും. അതുകൊണ്ട് ഈ പ്രശ്നം ഗൗരവമായി കണ്ടുകൊണ്ട് സർവ്വകക്ഷി സംഘത്തെ അയച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി എടുക്കണം. അതിനുള്ള പ്രഖ്യാപനം ഈ സഭയിൽ നടത്തണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് നിറുത്തുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇന്ന് കേരളം നേരിടുന്ന വരൾച്ച സംബന്ധിച്ച് പ്രതിപക്ഷവും ഭരണപക്ഷവും നടത്തിയ കൂട്ടായ ഒരു ചർച്ചയാണ് ഇവിടെ നടന്നത്. വളരെ ഫലപ്രദമായ ഒരു ചർച്ചയ്ക്ക് വഴിയൊരുക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായി. ഇന്ന്

കുറ്റപ്പെടുത്തലുകൾക്കുള്ള സമയമല്ല. പരസ്പരം പഴിചാരുവാനുള്ള സമയമല്ല. കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി നമുക്ക് കൂട്ടായി തീരുമാനം കൈക്കൊള്ളുവാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനുവേണ്ടി ഈ ഗവൺമെന്റ് എടുത്ത ചില തീരുമാനങ്ങളുണ്ട്. മഴ കുറവാണെന്ന് കണ്ടപ്പോൾ മുതൽ ശാസ്ത്രീയമായ വശങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തിയതിനുശേഷം ആദ്യഘട്ടത്തിൽ 2012 സെപ്റ്റംബർ 13-ന് തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ നാലുജില്ലകൾ വരൾച്ച ബാധിത ജില്ലകളാണെന്ന് പ്രഖ്യാപിച്ചു. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ച പോലെ, വേണ്ട തരത്തിൽ നടപടികൾ സ്വീകരിച്ചില്ലെന്ന് പറയുന്നത് ശരിയല്ല. നാല് ജില്ലകൾ വരൾച്ചബാധിത ജില്ലകളായി പ്രഖ്യാപിച്ചശേഷം കേന്ദ്ര ഗവൺമെന്റിന് മുമ്പിൽ മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. മെമ്മോറാണ്ടം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2012 ഒക്ടോബർ മാസത്തിൽത്തന്നെ കേന്ദ്ര സംഘം ഈ നാല് ജില്ലകൾ സന്ദർശിച്ചു. ഒക്ടോബർ 16 മുതൽ 18 വരെയാണ് കേന്ദ്രസംഘം സന്ദർശനം നടത്തിയത്. ജോയിന്റ് സെക്രട്ടറി ശ്രീ. നരേന്ദ്രഭൂഷൺ ഐ.എ.എസ്. -ന്റെ നേതൃത്വത്തിലാണ് കേന്ദ്ര സംഘം വന്നത്. അതിനുശേഷം രണ്ടാമത് വീണ്ടും സംസ്ഥാനത്ത് രൂക്ഷമായ വരൾച്ച ബാധിച്ച അവസരത്തിൽ വീണ്ടും 2012 ഡിസംബർ 19-ന് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി കൂടിയാണ് സംസ്ഥാനം മൊത്തത്തിൽ വരൾച്ച ബാധിതമായി പ്രഖ്യാപനം നടത്തിയത്. പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഇതിനെ നേരിടുന്നതിനായി കേന്ദ്രഗവൺമെന്റിനുമുമ്പിൽ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ആ മെമ്മോറാണ്ടത്തിലാണ്

7,888 കോടി രൂപയുടെ സഹായങ്ങൾ ലഭ്യമാകണമെന്നാവശ്യപ്പെട്ടത്. ഈ മെമ്മോറാണ്ടം നൽകിയതിന്റെ അടിസ്ഥാനത്തിൽ വരൾച്ചയെക്കുറിച്ച് വീണ്ടും പഠനം നടത്തുന്നതിനായി കേന്ദ്രസംഘം മാർച്ച് 17 മുതൽ 21 വരെ യുള്ള ദിവസങ്ങളിൽ പരിശോധന നടത്തി. എറണാകുളം, പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട, കോട്ടയം, എന്നീ 5 ജില്ലകളിലാണ് അവർ പരിശോധന നടത്തിയത്. കേന്ദ്രസംഘം ആദ്യഘട്ടത്തിൽ നാല് ജില്ലകൾ സന്ദശിക്കു കയും വീണ്ടും ഈ 5 ജില്ലകൾ കൂടി സന്ദർശിക്കുകയും ചെയ്തു. ഇപ്ര കാരം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ അവർ സമർപ്പി ക്കും. ആ റിപ്പോർട്ടുകൾ സമർപ്പിച്ചതിനുശേഷമാണ് കേന്ദ്രഗവൺമെന്റ് ഉന്ന തതല സമിതികൂടി സംസ്ഥാന ഗവൺമെന്റിനെ എങ്ങനെയാണ് ഇതിൽ സഹായിക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്ന ത്. ആ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ഗവൺമെന്റിനെക്കൊണ്ട് ചെയ്യാൻ സാധ്യമായ എല്ലാ കാര്യങ്ങളും ഇവിടെ നിറവേറ്റുകയുണ്ടായി. ഇവിടെ പരിശോധനയ്ക്ക് കേന്ദ്രസംഘം എത്തിയില്ലെന്നും കേന്ദ്രഗ വൺമെന്റിനുമുമ്പിൽ മെമ്മോറാണ്ടം നൽകില്ലെന്നുള്ള ശ്രീ. രാജു എബ്രഹാമിന്റെ വാദം ശരിയല്ല. അദ്ദേഹം വിവരങ്ങൾ കൃത്യമായി അറിയാ ത്തതുകൊണ്ടാണ് ഇപ്രകാരം പറഞ്ഞതെന്നാണ് ഞാൻ കരുതുന്നത്. ബഹു മാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീ. ശരത് പവാറിനും കേന്ദ്ര ആഭ്യന്തരവകു പ്പുമന്ത്രി ശ്രീ. സുശീൽകുമാർ ഷിൻഡെയ്ക്കും ഞങ്ങൾ വീണ്ടും മെമ്മോ റാണ്ടം സമർപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിടെ നേതൃത്വത്തിലാണ് മെമ്മോറാണ്ടം സമർപ്പിച്ചത്. പ്രസ്തുത മെമ്മോറാണ്ടം സമർപ്പിച്ചതിന്റെ അടി സ്ഥാനത്തിലാണ് അന്നുതന്നെ തീയതി നിശ്ചയിച്ചശേഷം കേരളത്തിലേക്ക്

ഈ പരിശോധന സംഘത്തെ അയച്ചത്. തീർച്ചയായും ഗവൺമെന്റിനെ ക്കൊണ്ട് ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി കാര്യങ്ങളിൽ ശ്രദ്ധചെലുത്തി അത് നിറവേറ്റിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനുശേഷം വരൾച്ചയെ നേരിടുന്നതിനു വേണ്ടി എല്ലാ ജില്ലകൾക്കുമായി 85 കോടി രൂപ എസ്.ഡി.ആർ. ഫണ്ടിൽ നിന്നുംകൊടുക്കുന്നതിന് ക്യാബിനറ്റ് തീരുമാനിച്ചു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയ്ക്ക് 12,47,00,000 രൂപ, കൊല്ലം ജില്ലയ്ക്ക് 8,45,00,000 രൂപ, പത്തനംതിട്ട ജില്ലയ്ക്ക് 5,25,00,000 രൂപ, ആല പ്പുഴ ജില്ലയ്ക്ക് 5,36,00,000 രൂപ, കോട്ടയം ജില്ലയ്ക്ക് 5,18,00,000 രൂപ, ഇടുക്കി ജില്ലയ്ക്ക് 4,09,00,000 രൂപ, എറണാകുളം ജില്ലയ്ക്ക് 6,51,00,000 രൂപ, തൃശ്ശൂർ ജില്ലയ്ക്ക് 6,11,00,000 രൂപ, പാലക്കാട് ജില്ലയ്ക്ക് 9,26,00,000 രൂപ, മലപ്പുറം ജില്ലയ്ക്ക് 6,70,00,000 രൂപ, കോഴിക്കോട് ജില്ലയ്ക്ക് 3,57,00,000 രൂപ, വയനാട് ജില്ലയ്ക്ക് 4,73,00,000 രൂപ, കണ്ണൂർ ജില്ലയ്ക്ക് 4,06,00,000 രൂപ, കാസർഗോഡ് ജില്ലയ്ക്ക് 3,26,00,000 രൂപ എന്നിങ്ങനെ ആകെയുള്ള 85 കോടി രൂപ 14 ജില്ലകളിലായി വിഭജിച്ച് കൊടുത്തു. പ്രസ്തുത പണം വിനിയോഗിച്ചുകൊണ്ട് നിരവധി പ്രവർത്തനങ്ങൾ നടത്തു ന്നതിനുവേണ്ടിയുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ജില്ലാ കളക്ടർമാർക്ക് കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അതിനുശേഷം ഓരോ ജില്ലകളിലും കുടിവെള്ളം എത്തിക്കുന്നതിനായി 30 കോടി രൂപ വീണ്ടും **എസ്.ഡി.ആർ.** ഫണ്ടിൽനിന്നും അനുവദിച്ചു. ഇപ്പോൾ ഇതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. എല്ലാം പൂർത്തീകരിച്ചു എന്ന് പറയുന്നതിനുവേ

ണ്ടിയല്ല ഇത്തരം കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചത്. പക്ഷേ ഇക്കാര്യത്തിൽ നമുക്ക് ചെയ്യാൻ സാധിക്കുന്ന പരമാവധി കാര്യങ്ങൾ നമ്മൾ ചെയ്തുകൊണ്ടിരിക്കുകയാണ്. കൂടാതെ ജലസേചന വകുപ്പിനും വാട്ടർ അതോറിറ്റിക്കും 79 കോടി രൂപയും ഭൂഗർഭ ജലവകുപ്പിന് 13 കോടി രൂപയുമാണ് ക്യാബിനറ്റ് അംഗീകരിച്ച് നൽകിയത്. നേരത്തെ എസ്.ഡി.ആർ. ഫണ്ടിൽനിന്നും നൽകിയ 85 കോടി രൂപയ്ക്കും 30 കോടി രൂപയ്ക്കും പുറമേയാണ് ഭൂഗർഭ ജലവകുപ്പിനും വാട്ടർ അതോറിറ്റിക്കും ജലസേചന വകുപ്പിനുമായി പ്രസ്തുത തുകകൾ നൽകിയത്. വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഈ തുകകൾ നൽകിയത്. ഓരോ ജില്ലയിലും വരൾച്ചയെക്കുറിച്ച് വിശകലനം ചെയ്യുന്നതിനും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി പതിനാല് ജില്ലകളിലും മന്ത്രിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് യോഗങ്ങൾ നടത്തി.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം കുറച്ച് കാര്യങ്ങൾ ഇവിടെ വിശദീകരിക്കുകയുണ്ടായി. കുടിവെള്ളം ടാങ്കർ ലോറികളിൽ വിതരണം ചെയ്യണമെന്നുള്ള ആവശ്യം ഇപ്പോൾ വളരെ കൂടുതലാണ്. എന്റെ മണ്ഡലത്തിലെ എല്ലാ പ്രദേശത്തും കുടിവെള്ള ക്ഷാമമുള്ളതിനാൽ എല്ലായിടത്തും കുടിവെള്ള വിതരണം വേണമെന്നുള്ള ആവശ്യം ഉയർന്നുവരികയാണ്. ഒരു ദിവസം 3,000 രൂപ മാത്രമേ നൽകൂ എന്നതിനാൽ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്താൻ ഒരാളും തയ്യാറാകുന്നില്ല. ഇതിന്റെ ഫലമായി കുടിവെള്ള വിതരണരംഗം പൂർണ്ണമായി തകരുകയും ആരും ഇത് ഏറ്റെടുക്കാൻ തയ്യാറല്ലാതെ വരികയും ചെയ്തു. ആയതിനാൽ ഇതിനായി എത്ര തുകയാണോ വേണ്ടത്, അതിനനുസരിച്ച്

പ്രസ്തുത തുക വർദ്ധിപ്പിച്ചില്ലെങ്കിൽ ഒരു തഹസിൽദാറും ഒരു റവന്യൂ ഉദ്യോഗസ്ഥനും ഈ ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറാകുകയില്ലായെന്നുള്ളതാണ് ഇപ്പോഴത്തെ പ്രശ്നം.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇക്കാര്യങ്ങൾ തീർച്ചയായും പരിശോധിച്ചശേഷം നടപ്പിലാക്കേണ്ട കാര്യങ്ങൾ ആലോചിച്ച് ചെയ്യുന്നതാണ്. പ്രായോഗികമായി ഇത് നടപ്പിലാക്കുന്നതിനുവേണ്ടിയാണ് പണം അനുവദിച്ച് കൊടുക്കുന്നത്. ഇതിനായി നൽകുന്ന തുക കുറവാണെന്ന് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. അത് പരിശോധിച്ചശേഷം അതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കാം. ഈ കാലഘട്ടത്തിൽ വരൾച്ചയെ നേരിടുന്നതിനായി മനുഷ്യസാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. നമുക്ക് കൂട്ടായി പല കാര്യങ്ങളും ആലോചിക്കാം.

ശ്രീ. രാജു എബ്രഹാം: സർ, കഴിഞ്ഞ വർഷം വരൾച്ചാ ദുരിതാശ്വാസത്തിന് നൽകിയ ഫണ്ടിൽ നിന്ന് 20 കോടി രൂപ ജില്ലാ കളക്ടർമാരുടെ പക്കൽ നിന്നും ഗവൺമെന്റ് തിരിച്ചുപിടിച്ചു എന്ന പത്രവാർത്ത ഇപ്പോൾ പുറത്ത് വന്നിരിക്കുകയാണ്. അതിനെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഇക്കാര്യത്തിൽ ഒരു തെറ്റിദ്ധാരണയും വേണ്ട. അനുവദിച്ച് കൊടുത്ത ഫണ്ട് ഒരു കാരണവശാലും തിരിച്ചുപിടിക്കുന്നതല്ല. പ്രസ്തുത ഫണ്ട് ലാപ്സായി പോകുകയില്ല. അത് നമുക്ക് വിനിയോഗിക്കാൻ സാധിക്കുമെന്ന് അങ്ങയെ ഞാൻ അറിയിക്കുകയാണ്.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, എല്ലാ ജില്ലാ കളക്ടർമാർക്കും വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനത്തിനുവേണ്ടി തുക നൽകിയിട്ടുണ്ട്. ഓരോ നിയോജകമണ്ഡലത്തിലേക്കും തുക അനുവദിക്കുമ്പോൾ കഴിഞ്ഞ വർഷം ചെലവഴിച്ച തുക കുറച്ചശേഷമാണ് നൽകുന്നത്. തൃശ്ശൂർ ജില്ലയിൽ 13 നിയോജകമണ്ഡലമുണ്ട്. ഈ പതിമൂന്ന് നിയോജകമണ്ഡലങ്ങളിലും തുക തുല്യമായി വിഭജിക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം നൽകാൻ പാടില്ല. ഓരോ സ്ഥലത്തേയും ആവശ്യത്തിനനുസരിച്ച് വരൾച്ചാ ദുരിതാശ്വാസത്തിന് പണം നൽകുന്നതിനുള്ള നിർദ്ദേശം നൽകണം.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട പ്രതാപൻ ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. കഴിഞ്ഞ വർഷം തുക നൽകിയതുകൊണ്ട് ഈ വർഷം തുക നൽകുകയില്ലായെന്നുള്ള നിലപാട് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇല്ല. വരൾച്ചയെ നേരിടുന്നതിനുവേണ്ടി നമുക്ക് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ചെയ്യുക എന്നുള്ള നിർദ്ദേശമാണ് എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിരിക്കുന്നത്. ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും വന്ന എല്ലാ നല്ല നിർദ്ദേശവും സ്വീകരിച്ചുകൊണ്ട് വരൾച്ചയെ നേരിടുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, ഇതുമായി ബന്ധപ്പെട്ട് ശ്രീ. വി. ഡി. സതീശനും, ശ്രീ. ഇ. പി. ജയരാജനും തൊഴിലാളികളെ ബാധിക്കുന്ന ഒരു വിഷയം ഇവിടെ പരാമർശിക്കുകയുണ്ടായി. സൂര്യാഘാതമേറ്റ്

നിരവധി തൊഴിലാളികൾക്ക് പരിക്കേറ്റ പശ്ചാത്തലത്തിൽ ഇന്നുമുതൽ ഈ മാസം 30–ാം തീയതിവരെ സമയത്തിൽ ഒരു പുനഃക്രമീകരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കേരള മിനിമം വേജസ് ആക്ടിലെ അധികാരം ഉപയോഗിച്ചുകൊണ്ടാണ് ഈ പുനഃക്രമീകരണം നടത്തിയത്. രാവിലെ 7 മണി മുതൽ വൈകിട്ട് 7 മണി വരെ വെയിലത്ത് പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും 12 മണി മുതൽ 3 മണിവരെ വിശ്രമം നൽകുന്നതിനുള്ള ഒരു ഉത്തരവ് ഇന്ന് ലേബർ കമ്മീഷണർ പുറപ്പെടുവിക്കും. കേരളത്തിലെ എല്ലാ തൊഴിൽ സ്ഥലങ്ങളിലും പ്രവർത്തിക്കുന്നവർക്ക് പകൽ 12 മണി മുതൽ 3 മണിവരെ വിശ്രമമായിരിക്കും. രാവിലത്തെ ഷിഫ്റ്റ് 12 മണിക്ക് അവസാനിക്കുകയും പിന്നീടുള്ള ഷിഫ്റ്റ് 3 മണിക്ക് തുടങ്ങുകയും ചെയ്യുന്ന വിധത്തിൽ പുനഃക്രമീകരണം നടത്തുന്നതാണ്. പ്രസ്തുത പുനഃക്രമീകരണം 30–ാം തീയതിക്കുശേഷം ആവശ്യമാണെങ്കിൽ അത് റിവ്യൂ ചെയ്തശേഷം വീണ്ടും എക്സ്റ്റന്റ് ചെയ്യാം. പ്രസ്തുത നിയമം കർശനമായി നടപ്പിലാക്കും. ഏതെങ്കിലും ജില്ലയിൽ ഇതുസംബന്ധിച്ചുള്ള പരാതി ലഭിക്കുകയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് ബാക്കി കാര്യങ്ങൾ തീരുമാനിക്കാം.

പ്രതിപക്ഷനേതവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, കാലത്ത് 7 മണിമുതൽ 11 മണിവരെയും അതുപോലെതന്നെ വൈകിട്ട് 3 മണിക്കുശേഷവുമാണ് സമയം പുനഃക്രമീകരിച്ചിരിക്കുന്നത്. ഇവിടെ ചൂടിന്റെ കാഠിന്യം നല്ലതുപോലെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു ഭേദഗതി കൊണ്ടുവരുന്നതല്ലേ നല്ലത്?

ശ്രീ. ഷിബു ബേബിജോൺ: സർ, തീർച്ചയായും. നമുക്ക് 12 മണിക്കൂർ സ്പ്രെഡ് ഓവർ കൊടുക്കുന്നതിനാണ് അവകാശം. രാവിലെ 7 മണി മുതൽ വൈകിട്ട് 12 മണിവരെ സമയം കൊടുക്കുമ്പോൾ 12 മണിക്കൂർ സമയമുണ്ട്. അതിൽ മൂന്ന് മണിക്കൂർ നിർബന്ധമായി, ഉച്ചയ്ക്ക് 12 മണി മുതൽ 3 മണി വരെ ഒരു കാരണവശാലും വർക്ക് ചെയ്യാൻ പാടില്ല. ഒരു മണിക്കൂർ എന്നത്, അത് ഏത് സമയമാണ് വിനിയോഗിക്കേണ്ടത് എന്നത് പരിശോധിച്ചശേഷം നമുക്ക് ബാക്കി കാര്യങ്ങൾ തീർച്ചയായും ചെയ്യാവുന്നതാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി നടത്തിയ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഏപ്രിൽ 11 മുതൽ 30 വരെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായവരെ നിർദ്ദേശിച്ചിട്ടുള്ള തൊഴിലളവിനെ ബാധിക്കാത്ത രീതിയിൽ ഉച്ചയ്ക്ക് 12 മണി മുതൽ 3 മണി വരെ ജോലി ചെയ്യുന്നതിൽനിന്ന് ഒഴിവാക്കാൻ നിർദ്ദേശം നൽകുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഗവൺമെന്റ് ഈ വിഷയം ഗൗരവമായി എടുത്തില്ലെന്ന ആക്ഷേപം കേരളത്തിലെ പല ഭാഗങ്ങളിൽനിന്നും ഉന്നയിക്കുകയുണ്ടായി. കേരളത്തിലെ പതിനാല് ജില്ല കളേയും വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി വരൾച്ച ബാധിത ജില്ലയായി പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ വരൾച്ചയെപ്പറ്റി ചർച്ച ചെയ്യാനായി 23-01-2013-ൽ പ്രത്യേക മന്ത്രിസഭാ യോഗം ചേരുകയും പതിനാല് ജില്ല കൾക്കുമായി ഓരോ മന്ത്രിമാരെ ചുമതലപ്പെടുത്തുകയും ചെയ്തു.

അതോടൊപ്പംതന്നെ റവന്യൂ വകുപ്പിൽനിന്ന് ചെലവഴിക്കേണ്ട തുകകൾക്കുപുറമേ 92 കോടി രൂപ ജല അതോറിറ്റിക്കും ഇറിഗേഷൻ വകുപ്പിനും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിനുമായി മാറ്റി വയ്ക്കുകയുണ്ടായി. സ്രോതസ്സുകൾ പുനരുദ്ധരിക്കാനായി 24 കോടി രൂപയുടെയും പമ്പ്സെറ്റ് ഉപകരണങ്ങൾ നന്നാക്കുന്നതിനുവേണ്ടി 26 കോടി രൂപയുടെയും ക്രമീകരണങ്ങൾ നടത്തുന്നതിനുമായി ഓരോ വകുപ്പുമായി ചർച്ച ചെയ്ത് അതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തുകഴിഞ്ഞു. കൂടുതലും റീ-അപ്രോപ്രിയേറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. കുറഞ്ഞ സമയം കൊണ്ടുതന്നെ കേടായ 2200 ഹാൻഡ് പമ്പുകൾ നന്നാക്കികഴിഞ്ഞു. ബാക്കി കുഴൽകിണറുകൾ കുഴിക്കാനുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഒരു കോടി രൂപ മാത്രമുണ്ടായിരുന്ന ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന് ഇതിനായി 13 കോടി രൂപ നൽകി വർക്ക് അറേഞ്ച് ചെയ്തിട്ടുണ്ട്. റിഗ്ഗുകൾ ആവശ്യത്തിന് ഇല്ലാത്തതുകൊണ്ട് ഇതിനായി റേറ്റ് റിവൈസ് ചെയ്തുകൊണ്ട് പ്രൈവറ്റ് ഏജൻസികളെ ഏൽപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. കൂടുതൽ കുഴൽക്കിണറുകൾ കുഴിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പല സ്ഥലത്തും കുടിവെള്ളം പമ്പ് ചെയ്യേണ്ട സ്ഥലത്ത് ലോഡ് ഷെഡ്ഡിംഗ് കാരണം കൃത്യമായി പമ്പ് ചെയ്യാൻ കഴിയുന്നില്ലെന്നുള്ളതാണ് കുടിവെള്ള വിതരണത്തിൽ കാണുന്ന പ്രധാനപ്പെട്ടൊരു പ്രശ്നം. അതുകൊണ്ട് ആ പ്രദേശത്തെ ലോഡ് ഷെഡ്ഡിംഗ് സമ്പൂർണ്ണമായി ഒഴിവാക്കുന്നില്ലെങ്കിൽ ചില മണിക്കൂറുകളിൽ മാത്രമേ കുടിവെള്ളം ലഭ്യമാവുകയുള്ളൂ. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: ഇക്കാര്യം ഊർജ്ജ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നുണ്ടെന്നാണ് അറിയിച്ചത്. എന്തെങ്കിലും കുറവുണ്ടെങ്കിൽ നികത്താമെന്ന് ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്.

ശ്രീ. വർക്കല കഹാർ: കേരളത്തിൽ പമ്പിംഗ് നടക്കുന്നിടത്തും ട്രീറ്റ്മെന്റ് പ്ലാന്റിലും വെവ്വേറെ സമയത്തായിരിക്കും ലോഡ് ഷെഡ്ഡിംഗ് നടക്കുന്നത്. ഇങ്ങനെ രണ്ടുമൂന്ന് സ്ഥലങ്ങളിൽ വെവ്വേറെ സമയങ്ങളിൽ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുമ്പോൾ ഒന്നു മുതൽ രണ്ടുമണിക്കൂർ വരെ പമ്പിംഗിനെ ബാധിക്കും. അങ്ങനെ ബാധിക്കാതെ ലോഡ് ഷെഡ്ഡിംഗ് ഒരേ സമയത്താക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പി. ജെ. ജോസഫ്: തീർച്ചയായും ഇലക്ട്രിസിറ്റി വകുപ്പുമായി ഇക്കാര്യത്തെപ്പറ്റി ചർച്ച ചെയ്ത് ആവശ്യമായ പരിഹാരം കാണുന്നതാണ്. പലയിടത്തും നല്ല വെള്ളം കൊടുക്കുന്നില്ലെന്ന് പറഞ്ഞ് സോഴ്സിനെ സംബന്ധിച്ച് ചില പരാതികൾ വന്നിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ സോഴ്സിൽ നിന്നുതന്നെ കഴിയുന്നത്ര വെള്ളമെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഉദാഹരണത്തിന് വെള്ളത്തിന് ക്ഷാമമുള്ള കൊല്ലം ജില്ലയ്ക്കായി JICA-യുടെ സോഴ്സായ മയ്യനാട് ഗുരുമന്ദിരത്തിൽനിന്ന് പരമാവധി വെള്ളമെടുക്കുവാനുള്ള എല്ലാ നിർദ്ദേശങ്ങളും കൊടുത്തുകഴിഞ്ഞു. മാത്രമല്ല, സോഴ്സിന്റെ കുറവുള്ളതുകൊണ്ട് മയ്യനാട് ഗുരുമന്ദിരത്തിൽ നിന്നും പൈപ്പ്ലൈൻ ഇട്ട് കൊല്ലത്തേയ്ക്ക് കൊണ്ടുവരാനുള്ള പണികൾ നാളെത്തന്നെ ആരംഭിക്കുന്നതാണ്. ഏതാനും ദിവസങ്ങൾകൊണ്ട് ആ പണി പൂർത്തീകരിക്കുന്നതാണ്. ഈ നിലയിൽ സോഴ്സുകൾ ശക്തിപ്പെടുത്തുന്നതി

നുള്ള തുക പരമാവധി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കുളങ്ങളുടെ കാര്യത്തിൽ കുറേയൊക്കെ അനുവാദം കൊടുത്തിട്ടുണ്ട്. ആവശ്യമായ ക്ലിയറൻസ് മുഴുവൻ കിട്ടിയിട്ടില്ല. അതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി പറയും. ഇവിടെ വരൾച്ച വരുമ്പോൾ മാത്രം ഇതിനെപ്പറ്റി ആലോചിക്കുന്നു അല്ലാത്ത സമയങ്ങളിൽ ഇതിനെപ്പറ്റി ആലോചിക്കുന്നില്ലെന്ന് പല മെമ്പർമാരും പറഞ്ഞു. വളരെ പ്രധാനപ്പെട്ടൊരു പ്രഖ്യാപനം ഇത്തവണ ബഡ്ജറ്റിൽ പ്രഖ്യാപനത്തിൽ ഉണ്ടായിട്ടുണ്ട്. അതായത് 400 കോടി രൂപ മുടക്കി 700 തടയണകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചു. ഈ സീസണിൽ തുടങ്ങാൻ കഴിയുന്ന പരമാവധി പണികൾ തുടങ്ങാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഒരു കോടി രൂപ വരെയുള്ള വർക്കുകൾക്കുള്ള അനുവാദം വകുപ്പിൽനിന്നുതന്നെ കൊടുത്തുകൊണ്ട് പരമാവധി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ കൂടുതൽ തുകയ്ക്കുള്ള വർക്കുകൾക്ക് ഇൻവെസ്റ്റിഗേഷൻ ആവശ്യമായിട്ടുണ്ട്. അതുകൊണ്ട് ആ വർക്കുകൾക്ക് അനുവാദം കൊടുത്തുകൊണ്ട് അടുത്ത സീസണിൽ അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെതന്നെ പൈപ്പ്ലൈൻ മാറുന്നതിനെ സംബന്ധിച്ച് ക്യാബിനറ്റ് ചർച്ച ചെയ്യുകയുണ്ടായി. പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന പൈപ്പ്ലൈനുകൾ മാറ്റുന്നതിനായി 127 കോടി രൂപയുടെ നിർദ്ദേശം നൽകിയിട്ടുണ്ട്. തീർച്ചയായും അടിയന്തരമായി അതിനെപ്പറ്റി തീരുമാനമെടുക്കുന്നതാണ്. ചെയ്യാവുന്ന എല്ലാ കാര്യങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: കേരള വാട്ടർ അതോറിറ്റി കുടിശ്ശിക കൊടുത്തു തീർക്കാത്തതിന്റെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ ഇപ്പോൾ ഡിസ്ട്രിബ്യൂഷൻ നടക്കുന്നില്ല. അതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എന്തെങ്കിലും ധാരണയിലെത്തിയിട്ടുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്. വാട്ടർ അതോറിറ്റിയുടെ കുടിശ്ശികയെത്രയാണെന്നതിനെപ്പറ്റി കണക്കെടുക്കുകയും അതിനായി 52 കോടി രൂപ അനുവദിക്കുകയും ചെയ്തു. മിക്കവാറും എല്ലായിടത്തേയും കുടിശ്ശിക കൊടുത്തുകഴിഞ്ഞു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേരളം മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത വിധത്തിൽ അതീവ ഗുരുതരമായൊരു വരൾച്ചയിലൂടെ കടന്നു പോവുകയാണ്. അതിനെക്കുറിച്ച് ഇവിടെ നടന്ന ചർച്ച വളരെ ഉന്നതനിലവാരത്തിലുള്ളതായിരുന്നു. പല നല്ല നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. സ്വീകരിക്കാവുന്ന, പ്രായോഗികമാക്കാവുന്ന എല്ലാ നിർദ്ദേശങ്ങളും നടപ്പിലാക്കുമെന്ന് പൊതുവായി പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ നിയമസഭ കൂടുന്നു, ഏറ്റവും രൂക്ഷമായ വരൾച്ച, മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ സൂര്യാഘാതംപോലും ഉണ്ടാകുന്ന ഈ സാഹചര്യത്തിൽ ഇക്കാര്യം ചർച്ച ചെയ്യാതെ പോയെങ്കിൽ നിശ്ചയമായും എല്ലാവരും പ്രതികൂട്ടിലാകുമായിരുന്നു. അതുകൊണ്ടുതന്നെയാണ് അടിയന്തരപ്രമേയ നോട്ടീസ് കിട്ടിയ ഉടൻ ചർച്ചയ്ക്ക് തയ്യാറായത്. ഈ കാലാവസ്ഥ മാറ്റങ്ങളെക്കുറിച്ച് മുൻകൂട്ടി അറിയാമായിരുന്നിട്ടും ഗവൺമെന്റ് വേണ്ടത്ര ശ്രദ്ധചെലുത്തിയില്ലെന്ന കാര്യം ഇവിടെ പറഞ്ഞു. ഞങ്ങൾ ചെയ്ത കാര്യങ്ങൾ മുഴുവൻ ഒരുപക്ഷേ, അറിയാത്തതുകൊണ്ടായിരിക്കാം അങ്ങനെ പറയുന്നത്. കാലാവസ്ഥാ വിദഗ്ദ്ധരുടെ

മുന്നറിയിപ്പ് വളരെ നേരത്തെതന്നെ കിട്ടിയിരുന്നു. അതുകൊണ്ടാണ് 2012-സെപ്തംബർ 13-ാം തീയതി ആദ്യമായി തിരുവനന്തപുരം, കൊല്ലം, വയനാട്, ഇടുക്കി എന്നീ നാലു ജില്ലകളെ വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ചത്. മഴ ഏറ്റവും കുറച്ചുകിട്ടിയതും കുറച്ചുകിട്ടാൻ പോകുന്നുവെന്ന് കണക്കുകൂട്ടിയതുമായ നാല് ജില്ലകളാണിവ. അൽപ്പം കഴിഞ്ഞപ്പോൾ വീണ്ടും സ്ഥിതി മോശമായി. 2012 ഡിസംബർ 19-ന് കേരളത്തിലെ പതിനാല് ജില്ലകളേയും വരൾച്ചബാധിതമായി പ്രഖ്യാപിച്ചു. ഇതുസംബന്ധിച്ച് ആദ്യം സൂചന ലഭിച്ചപ്പോൾ തന്നെ  വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടു. ഈ വരൾച്ചകാലത്ത് വെള്ളമെത്തിച്ചുകൊടുക്കാൻ സാധിക്കത്തക്ക വിധത്തിൽ വാട്ടർ അതോറിറ്റിയുടെ ഏതെങ്കിലും പ്രോജക്ടുകൾ പ്രവർത്തിക്കാതെയുണ്ടെങ്കിൽ, ഈ വരൾച്ച കാലത്ത് വെള്ളം കൊടുക്കാൻ സാധിക്കത്തക്കവിധത്തിൽ പണി പൂർത്തിയാക്കാൻ സാധിക്കുമെങ്കിൽ അതിന്റെ എസ്റ്റിമേറ്റ് തരണമെന്ന് ആവശ്യപ്പെട്ടു. വാട്ടർ അതോറിറ്റി 52 കോടി രൂപയുടെ പ്രൊപ്പോസൽ തന്നു. ധനകാര്യ വകുപ്പുമന്ത്രി അതിൽ യാതൊരുവിധ കുറവും വരുത്താതെ വാട്ടർ അതോറിറ്റിക്കുവേണ്ടി  52 കോടി രൂപയും അനുവദിച്ചു. ആ 52 കോടി രൂപ നൽകിക്കൊണ്ടാണ് ശ്രീ. പി.ജെ. ജോസഫ് വാട്ടർ അതോറിറ്റിയുടെ വെള്ളവിതരണം കൂടുതൽ കാര്യക്ഷമമാക്കിയതിനെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞത്. അതിനുപുറമേ ഫെബ്രുവരി മാസം ഒന്നാം തീയതി ജില്ലകൾക്ക് 85 കോടി രൂപ കൊടുത്തു.  പണമില്ല എന്നതിന്റെ പേരിൽ ഒരു വർക്കും ഒരുദിവസംപോലും താമസിക്കരുതെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് അങ്ങനെ കൊടുത്തത്. അതിന്റെ വിശദാംശങ്ങൾ റവന്യൂ  വകുപ്പുമന്ത്രി

ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ പറയുന്നില്ല. മാർച്ച് 30-ാം തീയതി ഒരു ജില്ലയൊഴിച്ച് ബാക്കി 13 ജില്ലകളിലും ഫണ്ട് എക്സസായിരുന്നു. ആ ഫണ്ട് ഒരിക്കലും ലാപ്സാകില്ല. അത് ബുക്ക് അഡ്ജസ്റ്റ്മെന്റിനുവേണ്ടി......

ശ്രീ. സി. കെ. നാണു: സർ, കോഴിക്കോട് ജില്ലയിൽ കളക്ടർക്കുപുറമേ ഇത് പരിശോധിക്കാൻ ഒരു ഉദ്യോഗസ്ഥനുണ്ട്. അദ്ദേഹമാണ് പണം കൊടുക്കുന്നത്. എന്തെങ്കിലും ആവശ്യങ്ങൾ പറഞ്ഞാൽ അതൊന്നും ഇതിൽപ്പെടുത്താൻ പറ്റില്ലെന്നുപറഞ്ഞ് പണം കൊടുക്കാത്ത ഒരു അവസ്ഥയുണ്ട്. അതുകൊണ്ടാണ് ഫണ്ട് ബാക്കിയായത്. പഞ്ചായത്തുകളിലുള്ള ഉദ്യോഗസ്ഥന്മാർ കളക്ടർ വിളിച്ച യോഗത്തിൽ പങ്കെടുക്കുകയും അവരുടെ എല്ലാ നിർദ്ദേശങ്ങളും തരികയും ചെയ്തു. ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പണം അനുവദിക്കാത്തതുകൊണ്ടാണ് ഫണ്ട് എക്സസായി എന്നുപറയുന്നത്. യഥാർത്ഥത്തിൽ അവർക്ക് കൊടുത്തതിനേക്കാൾ എത്രയോ രൂപ ആവശ്യമുണ്ട്. ചില ഉദ്യോഗസ്ഥന്മാർ എന്തിനാണ് പിശുക്ക് കാണിക്കുന്നതെന്ന് ഞങ്ങൾക്ക് അറിയില്ല. അതാണ് സംഭവം.

ശ്രീമതി കെ.കെ. ലതിക: കോഴിക്കോട് ജില്ലയിൽ തടയണ നിർമ്മാണത്തിന് ഒരു മണ്ഡലത്തിലെ മാത്രം പദ്ധതികൾ അംഗീകരിച്ചു. ഞങ്ങൾ ചർച്ച ചെയ്തപ്പോൾ കോടിക്കണക്കിന് രൂപയുടെ നിർദ്ദേശം വന്നുവെങ്കിലും ആ നിർദ്ദേശമൊന്നും അംഗീകരിച്ചിട്ടില്ല. അങ്ങനെയാണെങ്കിൽ ഈ ഫണ്ട് മുഴുവൻ എക്സസായിരിക്കുകയില്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കോഴിക്കോട് ജില്ലയ്ക്ക് 2 തവണകളായി 5 കോടി 17 ലക്ഷം രൂപ കൊടുത്തു. കഴിഞ്ഞ സാമ്പത്തിക വർഷം തീർന്ന ദിവസം അവിടെ 2 കോടി 84 ലക്ഷം രൂപ മിച്ചമായിരുന്നു. എം.എൽ.എ.മാർ

അത് സംബന്ധിച്ച് എഴുതിത്തന്നാൽ ഇക്കാര്യം വളരെ ഗൗരവമായിട്ടെടുക്കും. കാരണം, വരൾച്ച ദുരിതബാധിത പ്രദേശത്ത് സഹായമെത്തിക്കുന്നതിന് പണമില്ലെന്നത് ഒരിക്കലും ഒരു തടസ്സമാകാൻ പാടില്ലെന്നതാണ് ഞങ്ങൾ കൊടുത്ത ഡയറക്ഷൻ. 85 കോടി രൂപ കളക്ടർമാർക്ക് കൊടുത്തു. കഴിഞ്ഞ സാമ്പത്തിക വർഷം തീർന്ന സമയത്ത് എല്ലാ കളക്ടർമാരുടെ കയ്യിലുമായി 29.24 കോടി രൂപ എക്സസാണ്. മലപ്പുറം ജില്ലയിൽ മാത്രമാണ് പൂർണ്ണമായും ഫണ്ട് വിനിയോഗിച്ചത്. ബാക്കിയുള്ള ജില്ലകളിൽ 29.24 കോടി രൂപ എക്സസായിരുന്നു. അത് അവർക്കുതന്നെ ബുക്ക് അഡ്ജസ്റ്റുമെന്റായി തിരിച്ചുകൊടുക്കും. ഇതിനുപുറമെ വാട്ടർ അതോറിറ്റിക്ക് 57 കോടി രൂപ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് 22 കോടി രൂപ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന് 13 കോടി രൂപ, വീണ്ടും കളക്ടർമാർക്ക് 30 കോടി രൂപയും കൂടി കൊടുത്തു. വരൾച്ച നേരിടുന്നതിന് കളക്ടർമാർക്കും വാട്ടർ അതോറിറ്റിക്കും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിനുമായി മൊത്തം 159 കോടി രൂപ കൊടുത്തിട്ടുണ്ട്. ഞാൻ വീണ്ടും ഇവിടെ വച്ച് പറയുന്നു, ഓരോ മന്ത്രിമാരേയും ചുമതലപ്പെടുത്തി എല്ലാ എം.എൽ.എ. മാരേയും ഉദ്യോഗസ്ഥന്മാരെയും വിളിച്ച് കോൺഫറൻസ് നടത്തി അവിടെ വച്ച് ചർച്ച ചെയ്ത് അവിടെ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങളാണ് കൊടുത്തിരുന്നത്. ബഹുമാനപ്പെട്ട മെമ്പർമാർ ഇത് പറഞ്ഞ സാഹചര്യത്തിൽ ഞാൻ ഒരു കാര്യം ഇവിടെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്, ഞാൻ തന്നെ ഈ 13 ജില്ലകളിലും വരുന്നതിന് ഇപ്പോൾ തീരുമാനിക്കുന്നു. 13-ാം തീയതി മുതൽ 22-ാം തീയതി വരെയുള്ള സമയത്തിനുള്ളിൽ വയനാട് ജില്ലയൊഴിച്ച്, വയനാട് ജില്ലയിൽ ഞാൻ മിനിഞ്ഞാന്ന് പോയി ഒരു റിവ്യൂ നടത്തി. അതുകൊണ്ട് ബാക്കി 13 ജില്ലകളിലും റവന്യൂ വകുപ്പു

മന്ത്രിയും വാട്ടർ റിസോഴ്സസ് മന്ത്രിയും അഗ്രികൾച്ചർ മന്ത്രിയും അടക്കം വരും. വയനാട് ജില്ലയിൽ മറ്റ് മന്ത്രിമാർ പോയി കോൺഫറൻസ് നടത്തും. അവിടെ എല്ലാ എം.എൽ.എ.മാരേയും എം.പി.മാരേയും വിളിക്കും. നിങ്ങളുടെ സാന്നിധ്യമുണ്ടാകണം. നിർദ്ദേശങ്ങൾ എടുക്കാം. ഈ ഗുരുതര മായ സാഹചര്യം അതിജീവിക്കുന്നതിന് മനുഷ്യസാധ്യമായി എന്തൊക്കെ ചെയ്യാമോ അതെല്ലാം ചെയ്യണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, അങ്ങ് വന്ന് മീറ്റിംഗ് നടത്തുമ്പോഴേയ്ക്ക് സമയമെടുക്കുമെന്ന പ്രശ്നം മാത്രമല്ല, ഈ പണമൊക്കെ ചെലവാകാത്തതി നുള്ള പ്രധാന കാരണം ഇതിലെ നിബന്ധനകളാണ്. വെള്ളമില്ലാത്ത കിണറ്റിലെ ചെളിയെടുക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. വെള്ളത്തിനായി ഒരു പുതിയ കിണർ ഉണ്ടാക്കാൻ സാധിക്കില്ല. വെള്ളം വറ്റിപ്പോയ ഒരു സ്ഥല ത്തേയ്ക്ക് പുതിയൊരു പൈപ്പ്ലൈൻ ഇട്ട് വാട്ടർ അതോറിറ്റിയുടെ ലഭ്യമായ സോഴ്സിൽ നിന്ന് വെള്ളം കൊണ്ടുപോകാൻ സാധിക്കില്ല. എക്സ്റ്റൻഷന് പണം അനുവദിക്കുന്നില്ല. റിപ്പയറുകൾക്കും ടാങ്കിൽ വെള്ളം കൊണ്ടു പോകാനും മാത്രമേ സാധിക്കുന്നുള്ളൂ. ഇതിന്റെ ഭാഗമായാണ് പണമൊക്കെ ബാക്കിയാകുന്നത്. അല്ലാതെ നമ്മളെല്ലാവരും കൊടുത്ത ആവശ്യം നിറവേറ ണമെങ്കിൽ ഇതിനേക്കാൾ ഏറെ പണം വേണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതുപോലൊരു സാഹചര്യത്തിൽ എങ്ങനെ യാണ് നമ്മൾ പെരുമാറേണ്ടത്? നടപടിക്രമങ്ങളും ചട്ടങ്ങളും റൂളു കളുമൊന്നും പറഞ്ഞുകൊണ്ടിരിക്കാൻ സാധിക്കില്ല, അതിനൊക്കെ അതീത മാണ് മനുഷ്യരുടെ പ്രശ്നങ്ങൾ. മാനുഷിക പ്രശ്നങ്ങൾ കണ്ടുകൊണ്ട് പോകേണ്ടിവരും. ഒരു കാര്യം വ്യക്തമാക്കാം, ഇതിന് പണം ഒരു പ്രശ്നമാകില്ല. നടപടി ചട്ടങ്ങളൊന്നും ഇതിന് തടസ്സമാകില്ല. പക്ഷേ എല്ലാം

സുതാര്യമായിരിക്കണം. എല്ലാവരും അറിഞ്ഞിരിക്കണം. അധികം താമസി ക്കുകയുമില്ല. 22–ാം തീയതിയാണ് ഏറ്റവും അവസാനത്തെ തീയതി വച്ചിട്ടുള ളത്. 22–ാം തീയതിക്കകം എല്ലാ ജില്ലകളിലേയും തീയതി തീരുമാനിച്ച് ഡിസ്ക്കസ് ചെയ്യും. അതിനുമുമ്പ് തന്നെ എല്ലാ നിർദ്ദേശങ്ങളും കൊടുക്കുകയും ചെയ്യും.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കഴിഞ്ഞ ദിവസം അതായത് കഴിഞ്ഞ 2–ാം തീയതി കൊല്ലത്ത് വച്ച് ശ്രീ. ഷിബു ബേബി ജോൺ മന്ത്രിയുടെ സാന്നിദ്ധ്യത്തിലാണ് ചർച്ച നടന്നത്. ആ ചർച്ചയിലൂടെ ആയിരത്തി ഇരുന്നൂ റോളം കുഴൽ കിണറുകൾ അവിടെ കേടായി കിടക്കുന്നതായി അറിയാൻ സാധിച്ചു. അവിടെ വാട്ടർ അതോറിറ്റി കൊടുത്ത വർക്കിന്റെ പകുതി പോലും തീരുന്നില്ല. അതായത് അതിന് മുമ്പെടുത്ത തീരുമാനമാണ്. അവിടെ തീരുമാ നമെടുത്ത് അവർ തന്നെ പറഞ്ഞു, അവരുടെ ഇന്നത്തെ ശേഷി വച്ച്, ഇന്നത്തെ സ്ട്രെങ്ത് വച്ച്, ഇന്നത്തെ സാങ്കേതിക ജ്ഞാനം വച്ച് ഇതൊന്നും നന്നാക്കാൻ ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് കഴിയുകയില്ല. അവിടെ തീരുമാനി ച്ചത് കാബിനറ്റിൽ ചർച്ച ചെയ്ത് പ്രത്യേക സംവിധാനത്തിൽ പ്രത്യേകിച്ച് കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ വരൾച്ച നേരിടുന്ന ജില്ലയിൽ ഇത് നടപ്പാക്കണമെങ്കിൽ അതിനൊരു പ്രത്യേക സംവിധാനവും ഏകോപനവും പുറത്തുള്ള സഹായവും ആവശ്യമാണ്. ആ തീരുമാനമെടുക്കുക എന്നുള്ള താണ് പ്രധാനം. ഇപ്പോൾ എടുത്ത തീരുമാനങ്ങളൊന്നും നടപ്പാകുന്നില്ലെന്ന താണ് ജില്ലകൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രതിസന്ധി.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന് ആവശ്യത്തിനുള്ള റിഗ്ഗുകൾ ഇല്ല. അതുകൊണ്ട്

പ്രൈവറ്റായി അറേഞ്ച് ചെയ്യാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. റേറ്റും റിവൈസ് ചെയ്ത് കൊടുത്തിട്ടുണ്ട്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഇതുപോലെയുള്ള പ്രശ്നങ്ങൾ വരുമ്പോൾ പലപ്പോഴും തടസ്സമായി വരുന്നത് പണമാണ്. കൊല്ലം ജില്ലയിൽ രണ്ട് തവണ കളായി 10 കോടി 75 ലക്ഷം രൂപ അനുവദിച്ചിരുന്നു. വർഷാവസാനം അതിൽ 3 കോടി 27 ലക്ഷം രൂപ എക്സസായാണ് വന്നത്. പണം ഒരു തടസ്സമാകില്ല. ബാക്കിയുള്ള കാര്യങ്ങൾ നമുക്കൊന്നിച്ച് തീരുമാനിക്കാം, എം.എൽ.എ.മാർ കൂടി ഇക്കാര്യത്തിൽ സഹകരിക്കണം. മനുഷ്യസാദ്ധ്യമായിട്ടുള്ള കാര്യങ്ങൾ നമുക്ക് സ്വീകരിക്കാം. പ്രായോഗികമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ള പല പ്രശ്നങ്ങളും വരുന്നുണ്ട്. അതിന് നടപടിക്രമങ്ങളൊക്കെ മാറ്റിവച്ചുകൊണ്ട് ഈ വരൾച്ച തീരുന്നതുവരെ, ഇപ്പോൾ ശ്രീ. ഷിബു ബേബി ജോണും ശ്രീ. കെ.സി. ജോസഫും പറഞ്ഞല്ലോ; അവർ ഇവിടെ പറഞ്ഞത് എന്താണ്? നടപടിക്രമങ്ങൾ വച്ച് ചോദിച്ചാൽ, ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയിൽ ചില നിബന്ധനകളൊക്കെ വച്ചിട്ടുണ്ട്. പക്ഷേ ആ നിബന്ധനകൾ നമ്മൾ മാറ്റുകയാണ്. കാരണം ഇവിടെ ഈ വെയിലത്ത് കിടന്ന് ആളുകളോട് മരി ക്കാൻ പറയാൻ പറ്റുമോ? നമ്മൾ അത് ചെയ്യുന്നു, അതിനുള്ള റാറ്റിഫിക്കേ ഷൻ അത് കഴിഞ്ഞ് വാങ്ങുക. പണമൊഴിച്ച് ബാക്കിയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നമുക്ക് കൂട്ടായി ആലോചിച്ച് തീരുമാനമെടുക്കാം. അതുകൊണ്ടുതന്നെയാണ് ഞാനും ഇതുമായി ബന്ധപ്പെട്ട എല്ലാ മന്ത്രിമാരും അവിടെ വരാമെന്ന് സമ്മതിച്ചിട്ടുള്ളത്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ആലപ്പുഴ ജില്ലയിലെ കുട്ടനാടിന്റെ ഭാഗമായ തിരുമല, പള്ളാതുരുത്തിയിൽ ഒരു മാസമായി പൈപ്പൊക്കെ താറുമാറായി വെള്ളമില്ലായിരുന്നു. വാട്ടർ അതോറിറ്റിയോട് പറയുമ്പോൾ അവരുടെ

ബഡ്ജറ്റിൽ പണമില്ലെന്ന് പറയും. എങ്ങനെയോ ഇപ്പോൾ കുറച്ച് ശരിയാക്കി. വളരെ പ്രധാനപ്പെട്ട ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടെ കുറെ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വേണുഗോപാൽ എം. എൽ.എ. ആയിരിക്കുമ്പോൾ സ്ഥാപിച്ചതാണ് കൂടുതലും; ചിലത് നമ്മളും സ്ഥാപിച്ചു. ഇതിന് കേടുപറ്റിയിരിക്കുന്നു. ഒന്നാം തരം സ്ഥാപനമാണ്. കേടുപറ്റിക്കഴിഞ്ഞാൽ റിപ്പയർ ചെയ്യാൻ പണമില്ലെന്ന് പറഞ്ഞ് വാട്ടർ അതോറിറ്റി അത് ചെയ്യുന്നില്ല. റിപ്പയർ ചെയ്യാനുള്ള അനുവാദം കൊടുത്താൽ വളരെ സൗകര്യമായിരിക്കും. ഒന്ന് പരിഗണിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട ജി. സുധാകരൻ പറഞ്ഞത് മുൻകൂട്ടി കണ്ടുകൊണ്ടാണ് വാട്ടർ അതോറിറ്റിയോട് ഇതിന്റെ റിപ്പയർ നടത്താനായി എത്ര കോടി രൂപ നിങ്ങൾക്ക് വേണമെന്ന് ചോദിച്ചത്. അവർ തന്ന കണക്ക് 52 കോടി രൂപ വേണമെന്നാണ്. 52 കോടി രൂപയും അനുവദി ച്ചുകൊടുത്തിട്ടുണ്ട്. പണമില്ല എന്നതിന്റെ പേരിൽ റിപ്പയർ നടക്കാതിരിക്കില്ല എന്നുള്ളത് വച്ചുകൊണ്ട് തന്നെയാണ് ചെയ്തിട്ടുള്ളത്. ഇനി റിവ്യൂ നടക്കുന്ന അവസരത്തിൽ ഓൺ ദി സ്പോട്ട് തീരുമാനങ്ങളെടുത്ത് നമുക്ക് ഇക്കാര്യങ്ങ ളിൽ മുമ്പോട്ട് പോകേണ്ടിവരും. ആ കാര്യത്തിൽ എല്ലാ എം.എൽ.എ.മാരുടെയും സഹകരണമുണ്ടാകണം.

ശ്രീ. എ. കെ. ബാലൻ: സർ, നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 52 കോടി രൂപയുടെ കാര്യം പറഞ്ഞു. ഞാൻ നേരത്തെ മന്ത്രിയോട് ചോദിച്ചപ്പോൾ 52 കോടി രൂപ ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കാനുള്ള തെന്നാണ് ശ്രീ. പി. ജെ. ജോസഫ് പറഞ്ഞത്. അപ്പോൾ ഏത് പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കാൻ സാധിക്കുന്നത്? അഞ്ഞൂറ്റി ചില്വാനം കോടി

രൂപയുടെ കുടിശ്ശിക കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനുള്ള കുടിശ്ശിക കൊടുത്താൽ മാത്രമേ അവർ കണക്ഷൻ കൊടുക്കുകയുള്ളൂ.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതും പറയാം. ഞങ്ങൾ ഈ കാര്യം പലവട്ടം സംസാരിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിന്റെ വാദം തികച്ചും ന്യായമാണ്. കാരണം, അവർതന്നെ സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുന്നു. അപ്പോൾ 500 കോടി രൂപയുടെ കുടിശ്ശിക താങ്ങാൻ പറ്റാത്ത ഘടകമാണെന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുമ്പോൾ കുടിവെള്ളത്തിന്റെ കാര്യത്തിന് ഇലക്ട്രിസിറ്റി ബോർഡ് ഈ ബുദ്ധിമുട്ടുകളൊക്കെയുണ്ടെങ്കിലും ഇതുവരെ തടസ്സം നിന്നിട്ടില്ല. തടസ്സം നിൽക്കുകയുമില്ല. അവരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. അത് ഞങ്ങൾ ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിന് പരിഹാരമുണ്ടാക്കുകയും ചെയ്യും. പക്ഷേ ഇലക്ട്രിസിറ്റിയുടെ തടസ്സം ഒരു വിധത്തിലും കുടിവെള്ളമെത്തിക്കുന്ന കാര്യത്തിൽ ഉണ്ടാകുകയില്ല.

ശ്രീ. എം. ചന്ദ്രൻ: സർ, അങ്ങ് ഇവിടെ കുടിവെള്ളത്തിന്റെ പരിഹാരമാർഗ്ഗങ്ങളാണ് പറഞ്ഞത്. കാർഷിക മേഖലയിലെ നഷ്ടം ഉണ്ടാക്കിയിട്ടുള്ള പ്രതിസന്ധി ഗുരുതരമാണ്. ഒരു പൈസപോലും കൃഷിക്കാർക്ക് നഷ്ടപരിഹാരമായി ലഭിച്ചിട്ടില്ല. അതിനെ സംബന്ധിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ കുടിവെള്ളം കഴിഞ്ഞിട്ട് അതിലേയ്ക്ക് വരാനിരിക്കുകയായിരുന്നു. ഞാൻ പറയാം.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, തൃത്താലയിൽനിന്നും നിരവധി പഞ്ചായത്തുകളിലേയ്ക്കും കുന്നംകുളം, ഗുരുവായൂർ, ചാവക്കാട് മുനിസിപ്പി

ലിറ്റികളിലേയ്ക്കും വെള്ളം കൊണ്ടുപോകുന്ന ചാലിശ്ശേരി–പാവറട്ടി പദ്ധതി യുടെ കുന്നംകുളം മുതൽ ചാട്ടുകുളംവരെയുള്ള പ്രത്യേക സ്ഥലത്ത് പൈപ്പ് കാലപ്പഴക്കം വന്നിട്ട് 10 വർഷത്തിലധികമായി. അവിടെ പൈപ്പ് പൊട്ടിക്കൊ ണ്ടേയിരിക്കുന്നു. ഏഴ് ആളുകൾ അവിടെ കുഴിയിൽവീണ് മരിച്ചു. അതിന്റെ പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. രണ്ടുകോടി രൂപയുണ്ടെങ്കിൽ ആ പ്രശ്നം പരിഹരിക്കപ്പെടും. അത് ഡ്രോട്ടിൽ തരാമെന്ന് പറഞ്ഞിട്ടുണ്ട്. ഇതിന് എന്തെങ്കിലും ഏർപ്പാടുണ്ടാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് ജില്ലയിൽ വരുമ്പോൾ പരിശോധിച്ച് തീരുമാനമെടുക്കാം.

മി. സ്പീക്കർ: നിങ്ങൾ ഓരോ നിയോജകമണ്ഡലത്തിലെയും ചോദ്യങ്ങൾ......... പ്ലീസ്.......... അത് ശരിയാകുകയില്ല. ഓരോ നിയോ ജകമണ്ഡലത്തിലേയും പ്രശ്നങ്ങൾ ചോദിച്ചാൽ മുഖ്യമന്ത്രിക്ക് മറുപടി പറയാൻ സാധിക്കുകയില്ല. നോ....... എങ്കിൽ എല്ലാവരും ചോദിക്കേണ്ടിവരും. എല്ലാവർക്കും പ്രശ്നങ്ങളുണ്ടല്ലോ. .............(ബഹളം)......... എല്ലാവർക്കും പ്രശ്നങ്ങളുണ്ട്. .............(ബഹളം)......... മുഖ്യമന്ത്രി സംസാരിക്കുകയല്ലേ. മുഖ്യമന്ത്രി .............(ബഹളം).........

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പണം ഇതിനൊരു തടസ്സമാകുകയില്ലായെന്ന് ഞാൻ പറഞ്ഞല്ലോ. മറ്റ് ജില്ലകളിലെ പ്രശ്നങ്ങൾ നമുക്ക് ജില്ലകളിലെ മീറ്റിംഗിൽ ചർച്ച ചെയ്യാം. ശ്രീ. അൻവർ സാദത്ത് എനിക്കൊന്ന് എഴുതിത്ത ന്നിട്ടുണ്ട്. അത് ഇവിടെ പലരും ചൂണ്ടിക്കാണിക്കുകയും ചെയ്തു. നമ്മുടെ നാട്ടിൽ ആദ്യമായി വന്നിട്ടുള്ളതാണ് സൺ സ്ട്രോക്ക്. അത് വളരെ ഗുരുതര മായ സംഗതിയാണ്. അങ്ങനെ സൺ സ്ട്രോക്കടിച്ച് പൊള്ളലേറ്റിട്ടുള്ളവർക്കു

വേണ്ട സാമ്പത്തിക സഹായം ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ശ്രീ. എം. ചന്ദ്രൻ ഇവിടെ പറഞ്ഞത് വളരെ ശരിയാണ്. പാലക്കാടൻ മേഖല കളിലെ നെല്ല് ഉണങ്ങിപ്പോയിട്ടുള്ളതുകൊണ്ടുള്ള നഷ്ടം, കുട്ടനാടൻ മേഖല കളിൽ ഓരുവെള്ളം കയറിയുണ്ടായ വിളനാശം എന്നിവ ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. ചില പ്രദേശങ്ങളിൽ കൃഷി വകുപ്പുമന്ത്രിതന്നെ നേരിട്ടുപോയി പരിശോധിച്ച് റിപ്പോർട്ട് തന്നിട്ടുണ്ട്. കർഷകർക്ക് അർഹിക്കുന്ന രീതിയിലുള്ള സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുകയാണ്. ഇത് യഥാസമയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. നിവേദനവും കൊടുത്തിട്ടുണ്ട്. ഫെബ്രുവരി മാസംവരെയുള്ള നഷ്ടങ്ങൾ കണക്കാക്കിയാണ് 7,888 കോടി രൂപയുടെ നിവേദനം കൊടുത്തിരിക്കുന്നത്. പക്ഷേ അവരുടെ നോംസുവച്ച് വരുമ്പോൾ നമുക്ക് ഇത്രയും കിട്ടാൻ അർഹ തയില്ല. അവരുടെ നോംസ് വ്യത്യസ്തമാണ്. ആ നോംസിൽ മാറ്റംവരുത്തണ മെന്ന് കേരളമുൾപ്പെടെ എല്ലാ സംസ്ഥാനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ ഇന്ന് വച്ചിട്ടുള്ള നോംസ് അനുസരിച്ചായിരിക്കും അവർ നഷ്ടപരിഹാരം തരുന്നത്. ഏപ്രിൽ മാസമായപ്പോൾ ഫെബ്രുവരിയിൽനിന്ന് വളരെ കൂടുതൽ നാശനഷ്ടത്തിലേയ്ക്ക് വന്നിരിക്കുകയാണ്. അതുകൊണ്ട് നമ്മൾ വീണ്ടും ഈ സാഹചര്യങ്ങൾ വിലയിരുത്തും. അതിനെക്കുറിച്ച് കൂടുതൽ പരിശോധന നടത്തും. അതിന്റെ അടിസ്ഥാനത്തിൽ പുതിയ നിവേദനവും ഗവൺമെന്റിന് കൊടുക്കുന്നതാണ്. ഞാനൊരു കാര്യംകൂടി പറഞ്ഞിട്ട് അവസാനിപ്പിക്കാം. പവർക്കട്ടിന്റെ കാര്യം ഞാൻ പറഞ്ഞല്ലോ. വരൾച്ചകൊണ്ട് ദുരിതമനുഭവി ക്കുന്നവരുടെ കാര്യത്തിൽ ഒരു വിധത്തിലും വൈദ്യുതിയുടെ രൂക്ഷമായ

പ്രശ്നങ്ങൾ ബാധിക്കാതിരിക്കാൻ പരമാവധി ശ്രമിക്കും. വൈദ്യുതി രംഗത്തെ ബുദ്ധിമുട്ടുകൾ വളരെ വലുതാണ്. വരൾച്ചകൊണ്ട് നമ്മുടെ ജല സ്രോതസ്സുകൾ വറ്റുന്നതുകൊണ്ട് ഡാമുകളിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഹൈഡ്രോ പ്രോജക്ട്സിന് പൂർണ്ണമായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. അങ്ങനെയൊക്കെയുള്ള പ്രശ്നങ്ങളുണ്ടെങ്കിലും പരമാവധി ശ്രമങ്ങൾ ആ കാര്യത്തിൽ നടത്തും. നമ്മൾ വളരെ ഗൗരവമായി ആലോചിക്കേണ്ട കാര്യം, ഇപ്പോൾ റിവ്യൂ നടത്തുന്നതും എല്ലാ ചോദ്യങ്ങളും ഗവൺമെന്റിന്റെ മറുപടിയുമെല്ലാം കേന്ദ്രീകരിച്ചിരിക്കുന്നത് ഇന്നത്തെക്കുറിച്ചാണ്, നാളെത്തെക്കുറിച്ചാണ്. ഇന്നും നാളെയും നമ്മൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചാണ് നമ്മൾ ചിന്തിക്കുന്നത്. നമുക്ക് ദീർഘകാലാടിസ്ഥാനത്തിൽ ചിന്തിച്ചേ മതിയാകൂ. ഈ വരൾച്ച ഒരു മുന്നറിയിപ്പാണ്. കേരളത്തിൽ ഇന്നുവരെ നമ്മളുണ്ടാകുമെന്ന് പ്രതീക്ഷിക്കാത്ത വിധത്തിലുള്ള ഈ തിരിച്ചടികൾ ഒരു വാണിംഗായി നമ്മൾ കാണണം. ഈ വരൾച്ചയുടെ അടിയന്തിര സഹായങ്ങൾ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പംതന്നെ ശാശ്വതമായ ചില കാര്യങ്ങളെക്കുറിച്ചും നമ്മൾ ചിന്തിക്കണം. നമുക്ക് ധാരാളം നദികളും വിലപ്പെട്ട ജലസ്രോതസ്സുകളുമുണ്ട്. പക്ഷേ മഴ പെയ്തുകഴിഞ്ഞാൽ 24 മണിക്കൂറിനുള്ളിൽ ആ വെള്ളമൊഴുകി അറേബ്യൻ കടലിലെത്തുകയാണ്. നമുക്ക് ഇവിടെ പെർമെനന്റായിട്ടുള്ള തടയണകളുണ്ടായേ മതിയാകൂ. അതിനുള്ള നടപടികൾ ഇപ്പോൾത്തന്നെ, ഈ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പംതന്നെ, ഈ വരൾച്ചയുടെ ചൂടിൽത്തന്നെ ശാശ്വതമായ പരിപാടികളെക്കുറിച്ച് ആലോചിച്ച് അതിന്റെ നടപടികൾ ആരംഭിക്കണം. നമ്മുടെ നദികളിൽ തടയണകൾ നിർമ്മിക്കണം.

നമ്മുടെ വിലപ്പെട്ട സമ്പത്താണ് കുളങ്ങൾ. ഞാൻ പാലക്കാട് പോയപ്പോൾ അവിടെയുള്ള ജനപ്രതിനിധികളുമായൊക്കെ സംസാരിക്കുന്ന അവസരത്തിൽ എന്നോട് പറഞ്ഞു, അവിടെ 17000 കുളങ്ങളുണ്ട്. അത്രയുമില്ലെങ്കിലും മറ്റ് സ്ഥലങ്ങളിലും ധാരാളം കുളങ്ങളും ജലസ്രോതസ്സുകളും തടാകങ്ങളുമൊക്കെയുണ്ട്. അത് സംരക്ഷിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യണം. അതുപോലെതന്നെ, മഴവെള്ളസംഭരണികളുടെ പ്രാധാന്യം ഇപ്പോഴെങ്കിലും നമുക്ക് ബോധ്യപ്പെട്ടില്ലെങ്കിൽ നമുക്ക് നാളെ ഇതിനേക്കാൾ വലിയ ബുദ്ധിമുട്ടുകളുണ്ടാകും. അതുകൊണ്ട് നദികളിലെ തടയണകളും നമ്മുടെ പറമ്പുകളിലെ കുളങ്ങളും മഴവെള്ളസംഭരണികളും ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷിച്ചേ മതിയാകൂ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ദീർഘകാല പദ്ധതികളെന്ന് ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞതാണ് വളരെ പ്രസക്തമായിട്ടുള്ളത്. കാരണം, വരൾച്ച ഈ വർഷം വന്നതല്ല. തുടർച്ചയായി എല്ലാ വർഷവും വരൾച്ച വരുന്നുണ്ട്. ആ സമയത്ത് ഏപ്രിൽ, മെയ് മാസംവരെമാത്രമേ ഈ കാര്യത്തിൽ ശ്രദ്ധിക്കുന്നുള്ളൂ. ജൂൺ മാസം മഴ പെയ്യുന്നതോടുകൂടി നമ്മളൊക്കെ ഇത് മറക്കും. എല്ലാ വർഷവും നടക്കുന്നതായതുകൊണ്ട് നമുക്ക് ഇതിൽ ദീർഘകാല പദ്ധതികളെക്കുറിച്ച് താൽപര്യമില്ല. ഇപ്പോൾത്തന്നെ അതിനൊരു പദ്ധതി തയ്യാറാക്കി അതിന് തുടർന്ന് പ്രവർത്തിക്കാനുള്ള ഫണ്ട് കൊടുക്കുന്നില്ലെങ്കിൽ...... മിക്കവർക്കും എം.എൽ.എ. ഫണ്ട് ശുദ്ധജലവിതരണ പ്രോജക്ടുകൾക്കുവേണ്ടി കൊടുക്കേണ്ടിവരികയാണ്. അതിനൊരു വ്യക്തമായ പദ്ധതി തയ്യാറാക്കാൻ ഈ ഘട്ടത്തിൽ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിശ്ചയമായും. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. എപ്പോഴും ഇന്നത്തെക്കുറിച്ച് വളരെ സജീവമായ ചർച്ചകൾ നമ്മൾ നടത്താറുണ്ട്. നാളെ ത്തെക്കുറിച്ചുകൂടി ആലോചിക്കും, പക്ഷേ, നാളെ മഴ പെയ്തു കഴിഞ്ഞാൽ ഇതൊക്കെ മറക്കും. അതുകൊണ്ട് ഇതിനെ ഒരു മുന്നറിയിപ്പായി നമ്മൾ കാണണം. ഈ വരൾച്ചയുടെ ചൂട് മാറുന്നതിന് മുമ്പുതന്നെ മറ്റു പരിപാടി കൾക്ക് രൂപം കൊടുത്തുകൊണ്ട് നമുക്ക് മുമ്പോട്ടു പോകണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് ഇപ്പോൾ തടയണ പണി യുന്നതിനെക്കുറിച്ചും കുളങ്ങൾ കുഴിക്കുന്നതിനെക്കുറിച്ചും മഴവെള്ള സംഭ രണിയെക്കുറിച്ചുമൊക്കെ പറഞ്ഞു. പക്ഷേ, ഇങ്ങനെ ഒറ്റപ്പെട്ട ഇടപെടലുകൾ മാത്രം പോരാ. വാട്ടർഷെഡ് പ്ലാനിംഗിന്റെ ഭാഗമായി ഇതൊക്കെ നടപ്പാക്കി യാൽ മാത്രമേ അതുകൊണ്ട് ഗുണമുണ്ടാകുകയുള്ളൂ. ഭാഗ്യവശാൽ ഇപ്പോൾ കേരളത്തിന് എല്ലാ മൈക്രോ വാട്ടർഷെഡ്ഡിനും പല പദ്ധതികളുടെ ഭാഗമായി വാട്ടർഷെഡ് പ്ലാനുണ്ട്. ഇപ്പോഴത്തെ വരൾച്ചയുടെ പശ്ചാത്തലത്തിൽ എങ്ങനെ ഈ വാട്ടർ ഷെഡ് പ്ലാനുകൾ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധ പ്പെടുത്തിക്കൊണ്ട് നടപ്പാക്കാൻ കഴിയും എന്നതിനെക്കുറിച്ചാണ് നമ്മൾ ചിന്തിക്കേണ്ടത്. ബഹുമാനപ്പെട്ട എം.എൽ.എ.മാരോട് എനിക്ക് പറയാനു ള്ളത്, ഇതിന്റെ ഫലം കാണണമെന്നുണ്ടെങ്കിൽ നിങ്ങൾ അട്ടപ്പാടിയിൽ പോകണം, പത്തു വർഷം മുമ്പുള്ള അട്ടപ്പാടിയും ഇന്നത്തെ അട്ടപ്പാടിയും താരതമ്യപ്പെടുത്തി നോക്കുമ്പോൾ വാട്ടർ ഷെഡ് പ്ലാനിന്റെ ഗുണം നിങ്ങൾക്ക് അവിടെ കാണാൻ കഴിയും.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, വ്യക്തമായ ഒരു പദ്ധതിയോടുകൂടി മാത്രമേ നമുക്ക് മുമ്പോട്ടു പോകാൻ സാധിക്കുകയുള്ളൂ. അത് അനുഭവത്തിൽ നിന്ന് പഠിക്കേണ്ടതാണ്. ഇന്നത്തെ നമ്മുടെ അനുഭവത്തിൽനിന്ന് പഠിച്ച് ജലസംരക്ഷണ രംഗത്ത് ഏറ്റവും നല്ല ഒരു മോഡൽ നമുക്ക് സ്വീകരിച്ചേ മതിയാകൂ. ഈ വർഷത്തെ വരൾച്ചയിൽ ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്ന കാര്യത്തിലും ശാശ്വതമായ പരിപാടികൾക്ക് രൂപം കൊടുക്കുന്ന കാര്യത്തിലും ഒത്തൊരുമിച്ചുനിന്ന് പ്രവർത്തിക്കേണ്ടതുണ്ട്. അതിന് ഈ ജില്ലകളിൽ നടക്കുന്ന അവലോകന യോഗങ്ങളിൽ ആവശ്യമായ തീരുമാനങ്ങളെടുത്ത് മുന്നോട്ടുപോകുമെന്ന് ഞാൻ വ്യക്തമാക്കുന്നു.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, ഇതിൽ പ്രധാനപ്പെട്ട കാര്യമാണ് റിവർ ബേസിൻ മാനേജ്മെന്റും അതുപോലെ വനസംരക്ഷണവും. ഈ കാര്യങ്ങൾക്ക് ഊന്നൽ നൽകിയില്ലെങ്കിൽ നദികളുണ്ടാകില്ല. നദികളുടെ ഉത്ഭവസ്ഥാനങ്ങൾ സംരക്ഷിച്ചാൽ മാത്രമേ നദികളിൽ തടയണ കെട്ടുന്നതിന് സാധിക്കുകയുള്ളൂ. നദിയിൽ വെള്ളം വേണമല്ലോ. അപ്പോൾ തുടങ്ങേണ്ടത് അവിടം മുതലാണ്. അതിനുശേഷമാണ് ബാക്കിയുള്ള കാര്യങ്ങൾ ആലോചിക്കേണ്ടത്. ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞതുപോലെ വാട്ടർ ഷെഡ് മാനേജ്മെന്റിലാണ് നമുക്ക് കാര്യക്ഷമമായ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ വേണ്ടത്.

ശ്രീ. ഉമ്മൻ ചാണ്ടി: ഇതു സംബന്ധിച്ച് നമുക്ക് വളരെ അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. വനസംരക്ഷണ രംഗത്ത് 1977-ന് ശേഷം അഭിമാനകരമായ നേട്ടങ്ങൾ നമ്മൾ നേടിയിട്ടുണ്ട്. നാഷണൽ ആവറേജിനേക്കാൾ കൂടുതൽ വനം സംരക്ഷിക്കാൻ ഇന്ന് നമുക്ക് സാധിച്ചിട്ടുണ്ട്. വനം-

വന്യജീവി സംരക്ഷണരംഗത്ത് നമ്മൾ ഇൻഡ്യയിൽത്തന്നെ മുൻപന്തിയിലേയ്ക്ക് വന്നിരിക്കുകയാണ്. ആ രംഗത്ത് നമുക്ക് അഭിമാനിക്കാം. പക്ഷേ, ജലസ്രോതസ്സുകൾ സംരക്ഷിക്കുന്ന കാര്യത്തിൽ നമുക്ക് അത്രയധികം അഭിമാനിക്കാൻ വകയില്ല. പക്ഷേ, അതും സാധിച്ചേ മതിയാകൂ എന്ന വാണിംഗാണ് ഇപ്പോൾ നമുക്ക് കിട്ടിയിരിക്കുന്നത്.

ശ്രീ. ജോസ് തെറ്റയിൽ: സർ, പറമ്പിക്കുളം-ആളിയാർ പദ്ധതി പ്രകാരം വെള്ളം വിട്ടുകിട്ടുന്ന കാര്യം അന്തർ സംസ്ഥാന പ്രശ്നമാണ്. അത് വളരെ ഗൗരവമാണ്. ഇതുവരെ തീരുമാനമുണ്ടായിട്ടില്ല. നേരത്തെ പറഞ്ഞതനുസരിച്ച് ഒന്നും നടന്നിട്ടില്ല. ഞങ്ങളുടെ നാട്ടിൽ വെള്ളം കിട്ടുന്നില്ല. അതിനെക്കുറിച്ചു കൂടി അങ്ങ് പറയണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് എഗ്രിമെന്റ് അനുസരിച്ച് കിട്ടേണ്ട വെള്ളത്തിൽ ഈ വർഷം കുറവ് വന്നിട്ടുണ്ട്. 1.2 ടി.എം.സി. അളവ് വെള്ളത്തിന്റെ കുറവ് വന്നിട്ടുണ്ട്. അതു സംബന്ധിച്ച് മൂന്നുവട്ടം തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തെഴുതിയിരുന്നു. മറുപടി ലഭിച്ചെങ്കിലും അവരുടെ പരിമിതികളും പ്രയാസങ്ങളുമാണ് അതിനകത്ത് എഴുതിയിരുന്നത്. പക്ഷേ, നമുക്ക് എഗ്രിമെന്റ് അനുസരിച്ചുള്ള വെള്ളം കിട്ടിയേ മതിയാകൂ. അതിനു വേണ്ടിയുള്ള ശ്രമങ്ങൾ തുടർന്നും നടത്തും. സുപ്രീംകോടതിയെ സമീപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സുപ്രീം കോടതിയിൽ അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാ ജില്ലകളിലും സഞ്ചരിക്കുമെന്നാണ് പറഞ്ഞത്. ഒരു സ്ഥലത്തുനിന്നു തുടങ്ങി അവസാനിക്കുന്ന സ്ഥലത്തു ചെല്ലുമ്പോഴേയ്ക്കും

ഈ പ്രശ്നം തീരുമോ എന്നുള്ളത് അറിഞ്ഞുകൂടാ. ഏതായാലും അതിനെക്കാൾ ഫലപ്രദമായിരിക്കുന്നത് പതിനാല് ജില്ലകളിലേയ്ക്കും മന്ത്രിമാരെ വിഭജിച്ചുകൊടുക്കുകയും ഇപ്പോഴുള്ള സമ്പ്രദായത്തിൽനിന്ന് മാറ്റം വരുത്തിക്കൊണ്ട് രണ്ടാഴ്ചയിലൊരിക്കൽ അവരുടെ റിപ്പോർട്ട് മുഖ്യമന്ത്രി ആവശ്യപ്പെടുകയും മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മന്ത്രിമാരുമായി ചർച്ച ചെയ്ത് എവിടെയൊക്കെ എങ്ങനെയുള്ള പ്രശ്നങ്ങളാണെന്ന് മനസ്സിലാക്കിയതിനുശേഷം മുഖ്യമന്ത്രി ഒന്നേന്നു തുടങ്ങിയിട്ടുള്ള ആ യാത്രയ്ക്ക് തുനിയുന്നതായിരിക്കും നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെതന്നെ മുഖ്യമന്ത്രി മന്ത്രിമാരുമായി ആകെ ചർച്ച ചെയ്തിട്ടുള്ള ഫലമെന്താണെന്ന് മനസ്സിലാക്കിയിട്ട് അതിൽ കുറവുകളും പോരായ്മകളും വന്നിട്ടുണ്ടെങ്കിൽ അത് തീർക്കുക എന്നുള്ളതാണെങ്കിൽ കുറച്ചുകൂടി സ്പീഡിൽ കാര്യങ്ങൾ കൊണ്ടുപോകാൻ കഴിയുമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്. മറ്റൊന്ന് പാലക്കാടുള്ള പ്രശ്നത്തെ സംബന്ധിച്ചാണ്. മുപ്പതിനായിരം ഹെക്ടർ കൃഷിഭൂമിയാണ് അവിടെ കരിഞ്ഞുപോയത്, അവിടെയാണ് പച്ചപ്പന കത്തിയെരിഞ്ഞത്. അവിടെ ചൂട് 42 ഡിഗ്രിയാണ്. കേരളത്തിലെ ആകെയുള്ളതിൽ നിന്നും വ്യത്യസ്തമായി ഇതുപോലെയുള്ള പ്രശ്നങ്ങൾ പ്രത്യേകം കണ്ടുകൊണ്ട് അവിടെ തുക അലോട്ട് ചെയ്യുന്നതിൽ ഒരു പ്രത്യേകത വേണം. അഞ്ചുകോടിയും പത്തു കോടിയുമൊക്കെയാണ് അനുവദിച്ചത്. പത്തു കോടി കൊടുത്തതുതന്നെ എന്തോ മിച്ചമുണ്ടായിരുന്നത് അത് വാങ്ങിക്കുന്നതിനായി നിൽക്കുകയാണ്. പ്രധാനമായി ഒരു ജില്ലയിൽ കുറഞ്ഞത് 50 കോടി രൂപ വീതം അനുവദിക്കണം. കാശിന്റെ കാര്യത്തിൽ വിഷമമില്ലെന്നു പറഞ്ഞല്ലോ. അതുപോലെ ലോഡ്ഷെഡ്ഡിംഗിന്റെ കാര്യത്തിൽ പറയുക മാത്രമല്ല

അവർക്കും കുറച്ച് കാശ് കൊടുക്കണം. സാമ്പത്തികത്തിന്റെ പ്രശ്നം ഇപ്പോ ഴില്ലെന്ന കാര്യം മുഖ്യമന്ത്രി പറഞ്ഞു കഴിഞ്ഞല്ലോ. ഇലക്ട്രിസിറ്റിയുടെ കാര്യം വളരെ പ്രധാനമാണ്. അപ്പോൾ ഇതുപോലെയുള്ള പ്രശ്നങ്ങളിൽ പ്രത്യേകം ഊന്നലുണ്ടാകണം. എല്ലാ കുളങ്ങളും സംരക്ഷിക്കുക എന്നുള്ള തിനു പുറമേ കിണറുകൾ ആഴം കൂട്ടുക എന്നുള്ളതും പ്രധാനപ്പെട്ട മറ്റൊരു കാര്യമാണ്. പറമ്പിക്കുളം–ആളിയാർ കരാറിന്റെ കാര്യം അങ്ങ് പറഞ്ഞു. പാല ക്കാട് ജില്ലയിൽ വെള്ളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സോഴ്സ് എന്നു പറയു ന്നത് പറമ്പിക്കുളം–ആളിയാറാണ്. അവിടെ മിക്കവാറും തമിഴ്നാട് ഗവ ൺമെന്റ് നമ്മളെ അവഗണിക്കുകയാണ് ചെയ്യുന്നത്. പക്ഷേ, അതിന് പ്രതിവി ധിയായി നമ്മുടെ ഭാഗത്തുനിന്ന് ചില സ്റ്റെപ്പുകൾ എടുത്തുകഴിയുമ്പോൾ, അവർക്കും വിഷമമുണ്ടാകുന്ന സ്ഥിതി വരുമ്പോൾ അവർ മര്യാദയ്ക്ക് വെള്ളം തരും. അതിനുവേണ്ടിയുള്ള നിയമപരമോ നിയമത്തിന് അതീതമാ യിട്ടോ ഉള്ള കാര്യങ്ങൾ പാലക്കാട് ചെയ്യേണ്ടിവരും. വനം വകുപ്പിന്റെ പ്രദേ ശത്തോട് ചേർന്ന് ചില കാര്യങ്ങൾ ചെയ്യേണ്ടിവരും. ഞങ്ങളുടെ കാലത്ത് അങ്ങനെ ചെയ്തിട്ടുണ്ട്. അങ്ങനെ അവർക്ക് വെള്ളം തരേണ്ടതായ സ്ഥിതി വന്നിട്ടുണ്ട്. അതുകൊണ്ട് കത്തിനെ മാത്രം ആശ്രയിച്ചുകൊണ്ട് അവർ എന്തെ ങ്കിലും ചെയ്യുമെന്ന് പറഞ്ഞാൽ ചെയ്യാത്ത സ്വഭാവമാണ് അവർക്കുള്ളതെന്ന് ഞാൻ അറിയിക്കുകയാണ്. പാലക്കാട് കഴിഞ്ഞാണ് കുട്ടനാട്, അങ്ങനെയുള്ള കൃഷിപ്രദേശത്ത് മുപ്പതിനായിരം ഹെക്ടർ നിലം കരിഞ്ഞുപോകുക എന്നുള്ള സ്ഥിതി ഉണ്ടായതിന് കർഷകർക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകുക എന്നുള്ളത് എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. അക്കാര്യത്തെക്കുറി ച്ചൊന്നും പറഞ്ഞുകേട്ടില്ല. ഇതൊക്കെ പറഞ്ഞതിനുശേഷം പുറത്തേയ്ക്ക് പോകുന്നത് വേണ്ടെന്നു കരുതിയാണ് ഇത് പറയുന്നത്. ഓരോ എം.എൽ.എ.

മാരും ചോദിക്കുന്നതിന് സമാധാനം മുഖ്യമന്ത്രി പറയുമ്പോൾ ഇതെല്ലാം വച്ചുകൊണ്ടുള്ള ഒരു പുറത്തേയ്ക്കുപോകൽ വേണ്ടെന്നു വിചാരിച്ചിട്ടാണ് അവസാനം ഞാനും കൂടി ഉൾക്കൊള്ളേണ്ട കാര്യങ്ങൾ ഒന്നു പറയാമെന്ന് വിചാരിച്ചത്. വെള്ളം കിട്ടുന്നതിനുവേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട സോഴ്സാണ് ഇലക്ട്രിസിറ്റിക്ക് വേണ്ട തുക. മുഖ്യമന്ത്രി ഇങ്ങനെ ആവർത്തി ച്ചാവർത്തിച്ചു പറഞ്ഞിട്ടും ഇലക്ട്രിസിറ്റി മന്ത്രി അവിടെത്തന്നെ ഇരിക്കുകയാണ്. ഞങ്ങൾക്കുണ്ടാകുന്ന ചെലവിനെപ്പറ്റിയൊന്നും ആരും പറഞ്ഞു കേൾക്കുന്നില്ലെന്നായിരിക്കും അദ്ദേഹം കരുതുന്നത്. അതുകൊണ്ട് ലോഡ് ഷെഡ്ഡിംഗിന്റെ പ്രശ്നത്തിൽ പ്രത്യേകിച്ച് മറ്റു പ്രശ്നങ്ങളുണ്ടെങ്കിലും ഇതുമായി സഹകരിക്കുമെന്നാണ് അവർ പറഞ്ഞത്. ഡിപ്പാർട്ട്മെന്റുകൾക്ക് അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഷമതകളെ സംബന്ധിച്ച് മുഖ്യമന്ത്രി ശരിക്കും മനസ്സിലാക്കിക്കൊണ്ട് നാന്നൂറോ അഞ്ഞൂറോ കോടി രൂപ ഇലക്ട്രി സിറ്റിക്ക് വേണ്ടി നീക്കിവയ്ക്കുകയാണ്, ആ വകുപ്പും വിഷമിക്കാൻ പാടില്ല എന്നുള്ള നിലയിൽ ഡിപ്പാർട്ട്മെന്റുകളുടെയാകെത്തന്നെയുള്ള പ്രശ്നങ്ങൾ മനസ്സിലാക്കുന്ന ഒരു മുഖ്യമന്ത്രി എന്നുള്ള നിലയിൽ എല്ലാ വകുപ്പുകളോടും ഇത്തരത്തിൽ, വിഷമതകൾ മനസ്സിലാക്കി പരിഹാരം കാണുന്നതിനുവേണ്ടി യുള്ള ഒരു ശ്രമം വരുമ്പോഴാണ് ഏതാണ്ട് തൃപ്തികരമായ സ്ഥിതി വരുന്നത്. അതുകൊണ്ട് ആ കാര്യങ്ങളെല്ലാംകൂടി ഉള്ളിൽവച്ചുകൊണ്ട് എന്തെങ്കിലും പറയാനുണ്ടോ ഇല്ലയോ എന്നുള്ളതുകൂടി അറിഞ്ഞതിനുശേഷം വേണം എന്തു ചെയ്യണമെന്നുള്ളതിനെക്കുറിച്ച് തീരുമാനിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഞാൻ പറയുന്ന കൂട്ടത്തിൽ അങ്ങ് ചെയ്ത ഒരു കാര്യം കൂടി സൂചിപ്പിക്കുവാനുണ്ട്. അതിൽ വിഷമം തോന്നരുത്. മന്ത്രിമാരെ എല്ലാ ജില്ലകളുടെയും ചുമതല ഏൽപ്പിച്ചിട്ടുണ്ട്. മന്ത്രിമാർ എല്ലാ ജില്ലകളിലും പോയി ഒന്നിൽ കൂടുതൽ മീറ്റിംഗുകൾ നടത്തി കഴിഞ്ഞിരിക്കുകയാണ്. മൂന്നു മീറ്റിംഗുകൾ നടത്തിയവരുമുണ്ട്. .......

മി. സ്പീക്കർ: ആലപ്പുഴ മന്ത്രിമാർ കേരളത്തിലില്ല. കേരളത്തിൽ സംസ്ഥാന മന്ത്രിമാരാണ്. ....... ചാർജ്ജ് കൊടുക്കും.

ശ്രീ. ഉമ്മൻ ചാണ്ടി : മന്ത്രിമാർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഓരോ ക്യാബിനറ്റിലും പ്രശ്നങ്ങൾക്ക് ഓരോരോ തീരുമാനങ്ങൾ എടുത്തത്. ഒരു പ്രാവശ്യം ഇവിടത്തെ വരൾച്ചയെക്കുറിച്ച് ചർച്ച ചെയ്യാൻ വേണ്ടി മാത്രം ഒരു ക്യാബിനറ്റ് കൂടിയിരുന്നു. ഇവിടെ ബന്ധപ്പെട്ട മന്ത്രിമാരും ഞാനും വാട്ടർ റിസോഴ്സസ് മിനിസ്റ്ററും റവന്യു മിനിസ്റ്ററും അഗ്രികൾച്ചറൽ മിനിസ്റ്ററും പിന്നെ ചാർജ്ജുള്ള മന്ത്രിയും ജില്ലയിൽ നിന്നുള്ള മന്ത്രിയും ചേർന്നാണ് വരൾച്ചയെക്കുറിച്ച് സംസാരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. 13-ാം തീയതി മുതൽ 22-ാം തീയതിവരെയാണ് തീരുമാനിച്ചിട്ടുള്ളത്. ഏഴു ദിവസംകൊണ്ട് 13 ജില്ലകളിലും ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ഞാൻ ചർച്ച നടത്തിയതുകൊണ്ട് മറ്റു മന്ത്രിമാർ പോയിട്ടായിരിക്കും ചർച്ച നടത്തുന്നത്. അതിനുള്ള നടപടിയും എടുത്തിട്ടുണ്ട്. ഫണ്ട്സിനെക്കുറിച്ച് പറഞ്ഞത് നമുക്കിവിടെ വളരെ കൂടുതൽ പണം ഉള്ളതുകൊണ്ടല്ല. പക്ഷേ, വരൾച്ചയാണ് ഏറ്റവും വലിയ പ്രശ്നം. അതിന് പണം ഒരു തടസ്സമാകാത്ത വിധത്തിൽ ചെയ്യും. ഇപ്പോൾത്തന്നെ,

ഈ കഴിഞ്ഞ വർഷം തീർന്നപ്പോൾ നമ്മുടെ 13 ജില്ലാകളക്ടർമാരുടെ കയ്യിൽ 29 കോടി എക്സസ് പണമുണ്ടായിരുന്നു. ആ രൂപയോടൊപ്പം 30 കോടി രൂപയുംകൂടി എല്ലാ ജില്ലകളിലേയ്ക്കും കൊടുത്തു. ഇപ്പോൾ എല്ലാ ജില്ലകളിലും ആവശ്യാനുസരണമുള്ള ഫണ്ട് കൈവശമുണ്ട്. ഇനി റിവ്യൂ നടത്തുന്ന സമയത്ത് എന്തെങ്കിലും സഹായം വേണമെങ്കിൽ നിശ്ചയമായും അത് നോക്കുന്നതാണ്. ഞാൻ ഒരു സെന്റൻസ് വായിക്കുന്നു. Kerala Government would declare sixty percentage villages and seventeen taluks in the State as drought hit, Revenue Minister Shri. K.P Rajendhran for the Assembly on Thursday. The Government had sanctioned Rs. 10 crore to the District Collectors. 2010-ൽ 60 ശതമാനമാണ് ഡിക്ലയർ ചെയ്തത്. ഇന്ന് 100 ശതമാനം കൊടുത്തു. അന്ന് 60 ശതമാനം ഡിക്ലെയർ ചെയ്തപ്പോൾ അസംബ്ലിയിൽ പറഞ്ഞത് 10 കോടി രൂപ ഞങ്ങൾ കളക്ടർമാർക്ക് കൊടുത്തു എന്നാണ്. ഇന്ന് ഞങ്ങൾ കൊടുത്തിരിക്കുന്നത് 159 കോടി രൂപയാണ്. ഇത് അങ്ങ് കാണാതിരിക്കരുത്. അങ്ങ് എന്റെ പ്രസംഗം കൂടി കേട്ടതിനുശേഷമാണ് തീരുമാനിക്കാൻ പോകുന്നതെന്ന് പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. ഇതുകൂടി അങ്ങയെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഞങ്ങൾ ഇതിനോടകം 159 കോടി രൂപ കൊടുത്തിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>) : പ്രിലിമിനറിയായി ചെലവ് ചെയ്യേണ്ടതിന്റെ തുകയാണ് അങ്ങ് പറഞ്ഞത്. അല്ലാതെ ഒരു ജില്ലയിലേയ്ക്ക് ആകെ കൊടുത്ത തുകയെക്കുറിച്ചല്ല അങ്ങ് പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി : എല്ലാ ജില്ലകളിലുംകൂടി കൊടുത്തത് സംബന്ധിച്ച് ഈ അസംബ്ലിയിൽ പറഞ്ഞതിന്റെ റിപ്പോർട്ടാണ് ഞാൻ വായിച്ചത്. അതും കൂടി അങ്ങ് കണക്കിലെടുക്കണം. ഞങ്ങൾ 159 കോടി രൂപ ഇതിനോടകം തന്നെ അനുവദിച്ചു കഴിഞ്ഞു.

ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ : എത്രവേണമെങ്കിലും ചെലവ് ചെയ്യാമെന്ന് അന്ന് നിർദ്ദേശം കൊടുത്തിരുന്നു അന്നത്തേതുമായി താരതമ്യപ്പെടുത്തി ഇന്നിപ്പോൾ നോക്കേണ്ട. അന്നത്തേക്കാൾ രൂക്ഷമാണ് സ്ഥിതി. അത് മനസ്സിലാക്കിയിട്ട് കൈകാര്യം ചെയ്യണം. എല്ലാത്തിനും ഞങ്ങളുടെ ഗവൺമെന്റിന്റെ സ്ഥിതി ഉദാഹരിച്ച് പോകുകയെന്നുള്ള ഒരു രീതിയാണ് നിങ്ങളുടെ കയ്യിലുള്ളത്. ആ കയ്യിലിരുപ്പ് ഇതിന് പറ്റില്ല. കാരണം അന്നത്തെക്കാൾ സ്ഥിതിഗതികൾ വഷളായിട്ട് പോകുകയാണ്. സൂര്യന്റെ സ്ഥിതിയും അന്തരീക്ഷത്തിന്റെ ആകെ സ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും എല്ലാം മാറിയിരിക്കുന്നു. അല്ലെങ്കിൽ പച്ചപ്പന കത്തിയെരിയുക എന്നു പറയുന്നത് അസ്വാഭാവികമാണ്. പാലക്കാട് ജില്ലയിലാണ് ഉണ്ടായത്. പാലക്കാട് ജില്ലയിൽ സൂര്യന്റെ ചൂടുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്.

ഡോ. ടി.എം. തോമസ് ഐസക് : അന്നായാലും ഇന്നായാലും ആദ്യം കൊടുക്കുന്നത് കലാമിറ്റി റിലീഫ് ഫണ്ടാണ്. ഈ ഫണ്ട് എപ്പോൾ വേണമെങ്കിലും അനുവദിച്ച തുക മുഴുവനും ഒരു തവണയോ പല തവണയോ ആയി കൊടുക്കാവുന്നതാണ്. അതുകൊണ്ട് പത്തുകോടി രൂപവച്ച് വലിയ വലിയ നിഗമനങ്ങളിൽ എത്തേണ്ട. പക്ഷേ, അക്കാലത്ത് ഒരിക്കൽപ്പോലും വരൾച്ചയുടെ കെടുതിമൂലമുള്ള അവരുടെ പ്രയാസങ്ങൾക്ക് സർക്കാർ നഷ്ടപരിഹാരം നൽകുന്നില്ല, സർക്കാർ സഹായിക്കുന്നില്ല എന്നുപറഞ്ഞ് ഒരു അടിയ

ന്തര പ്രമേയം നടത്തേണ്ടിവന്നില്ലല്ലോ? ഇപ്പോൾ ഈ വർഷം സെഷനിൽ മൂന്ന് അടിയന്തര പ്രമേയങ്ങൾ വന്നിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി : ഈ സെഷനിൽ വന്നത് ആദ്യമായിട്ടാണ്. ഇവിടെ ഇതുവരെ വേറെ കാര്യങ്ങളെക്കുറിച്ചാണ് ചർച്ച ചെയ്തുകൊണ്ടിരുന്നത്. കർഷകർക്കുള്ള നഷ്ടപരിഹാരത്തെക്കുറിച്ച് അങ്ങ് പറഞ്ഞതിന് നിശ്ചയമായും തീരുമാനം എടുക്കുന്നതായിരിക്കും. ശ്രീ. എം. ചന്ദ്രൻ പാലക്കാട് ജില്ലയിൽ പച്ചപ്പന കത്തിയെരിഞ്ഞതായും കുട്ടനാടൻ പ്രദേശങ്ങളിൽ ഓരുവെള്ളം കയറി കൃഷി മുഴുവൻ നശിച്ചതായും സൂചിപ്പിച്ചു. ഈ കർഷകർക്കും നഷ്ടപരിഹാരം കൊടുക്കുന്ന കാര്യം നിശ്ചയമായും ഗവൺമെന്റ് ആലോചിക്കുമെന്നു പറയാൻ ഈ അവസരം വിനിയോഗിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

മി. സ്പീക്കർ: രണ്ടു മണിക്കൂറാണ് അടിയന്തര പ്രമേയം ചർച്ചയ്ക്കുവേണ്ടി നിശ്ചയിച്ചിരുന്നത്. പക്ഷേ, ഇപ്പോൾ രണ്ടര മണിക്കൂറിൽ കൂടുതലായി. നമ്മുടെ സഭയുടെ മുന്നിൽ സഭ നിർത്തിവയ്ക്കണമെന്നുള്ള ശ്രീ. എം. ചന്ദ്രന്റെ പ്രമേയമാണുള്ളത്.

സഭ നിർത്തിവയ്ക്കണമെന്നുള്ള പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ

ശ്രീ. എം. ചന്ദ്രൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അംഗീകാരത്തോടുകൂടി പ്രമേയം പിൻവലിച്ചിരിക്കുന്നു.